# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂൺ 2014 വാല്യം 41 ലക്കം 2 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ

# ജനാധിപത്യ ബഹുജനപ്രക്ഷോഭം വളർത്തിയെടുത്തുകൊണ്ട് ഫാസിസ്റ്റ് വിപത്തിനെ ചെറുക്കുക

**2014 മേയ് 21, 22 തിയ്യതികളിൽ കൊൽക്കത്തയിൽ നടന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ്ബ്യൂറോ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലവും, ഫലപ്രഖ്യാപനത്തെതുടർന്നുണ്ടായിരിക്കുന്ന സാഹചര്യവും വിലയിരുത്തുകയുണ്ടായി.**

## ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി നേടിയ വിജയത്തെപ്പറ്റി എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ്ബ്യൂറോ

കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യുപിഎയുടെ ഗവണ്മെന്റ് കൈക്കൊണ്ട മുതലാളിത്താനുകൂലവും ജനവിരുദ്ധവുമായ നയങ്ങളും, അവർ നടത്തിയ അഴിമതിയും ദുർഭരണവും ജനജീവിതം ദുരിതപൂർണ്ണമാക്കി മാറ്റിയിരുന്നു. അതിനെതിരെ കടുത്ത അസന്തുഷ്ടിയും രോഷവും ജനങ്ങൾക്കിടയിൽ വളർന്നുവന്നു. ശക്തമായ ഇടതുജനാധിപത്യ സമരത്തിന്റെ അഭാവത്തിൽ ബിജെപിക്ക് വഞ്ചനാപരമായ വികസന മുദ്രാവാക്യത്തിലൂടെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള വർഗ്ഗീയ പ്രചാരണങ്ങളിലൂടെയും ജനങ്ങളെ വഴിതെറ്റിക്കാൻ വലിയൊരളവ് വരെ സാധിച്ചു. മറുവശത്ത്, ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥ ഇന്ന് കടുത്ത പ്രതിസന്ധിയിൽ ആണ്ടുമുങ്ങിയിരിക്കുകയാണ്. മരണാസന്ന ഘട്ടത്തിലെത്തിയതും നിരന്തരം രൂക്ഷമായി വരുന്ന അപരിഹാര്യമായ പ്രതിസന്ധിയിൽപ്പെട്ടതുമായ ലോകമുതലാളിത്തത്തിന്റെ അവിഭാജ്യഭാഗമാണ് ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥ എന്നതാണ് കാരണം. വിശേഷിച്ചും 2008-ലുണ്ടായതും മുതലാളിത്തത്തിന്റെ അടിത്തറയെത്തന്നെ പിടിച്ചുകുലുക്കിയതും, അഭൂതപൂർവ്വവും ഇനിയൊരിക്കലും പരിഹരിക്കാൻ കഴിയാത്തതുമായ പ്രതിസന്ധിക്ക് ശേഷം. ഈ സാഹചര്യത്തിൽ ഭരണവർഗ്ഗം ജനങ്ങളുടെ വളർന്നുവരുന്ന പ്രതിഷേധസമരങ്ങളെ, പലപ്പോഴും സ്വമേധയാ പൊട്ടിപ്പുറപ്പെട്ട വലിയ പ്രക്ഷോഭങ്ങളെ ഭയാശങ്കകളോടെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. സാഹചര്യങ്ങൾ തങ്ങളുടെ നിയന്ത്രണത്തിന് അതീതമായിപ്പോകുമെന്ന് അവർ ഭയപ്പെടുന്നു. മുതലാളിത്താനുകൂല നയങ്ങൾ സ്ഥായിയായും, വേണ്ടിവന്നാൽ അക്രമോത്സുകമായിപ്പോലും, നടപ്പിൽവരുത്തിക്കൊണ്ട് മുതലാളിത്തത്തെ നാശത്തിൽ

(ശേഷം 14-ാം പേജിൽ)

# അന്യായമായ ബസ് ചാർജ്ജ് വർദ്ധന - മുങ്ങിത്താഴുന്ന ജനങ്ങളുടെ ശിരസ്സിലേറ്റ പ്രഹരം

ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് വാങ്ങി പെട്ടിയിലിട്ടതിനുശേഷം ജനങ്ങളെ വഞ്ചിച്ചുകൊണ്ട്, മേയ് 14ന് കേരളസർക്കാർ ബസ് യാത്രാനിരക്കുകൾ വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഇതിനു മുന്നോടിയായി, ബസ് മുതലാളിമാരുടെ സമരഭീഷണിയും അനുനയചർച്ചാ നാടകങ്ങളും നടന്നിരുന്നു. ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി ശുപാർശകൾ പ്രകാരം എന്ന പേരിലാണ്, വിലക്കയറ്റം കൊണ്ട് വലഞ്ഞിരിക്കുന്ന ജനങ്ങളോടുള്ള യുദ്ധപ്രഖ്യാപനമെന്ന പോലെ ഈ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുള്ളത്. രാമചന്ദ്രൻ കമ്മിറ്റി ശുപാർശകളേയും കവച്ചുവെക്കുന്ന രീതിയിൽ നടപ്പാക്കിയ ബസ്കൂലി വർദ്ധനവിന്റെ പിന്നാലെതന്നെ, വൈദ്യുതിചാർജ്ജ്, വെള്ളക്കരം തുടങ്ങിയവയുടെ വർദ്ധനവും നമുക്കു പ്രതീക്ഷിക്കാം.

അടിക്കടിയുണ്ടാകുന്ന ഡീസലിന്റെയും, സ്പെയർപാർട്സിന്റെയും വിലവർദ്ധന, വിവിധ നികുതികളുടേയും ഇൻഷുറൻസ് തുകയുടേയും വർദ്ധന എന്നിവയെല്ലാം ബസ് വ്യവസായത്തെ നഷ്ടത്തിലാക്കുന്നു എന്നാണ് ബസുടമകൾ പറയുന്നത്. സർക്കാർ സ്ഥാപനമായ കെഎസ്ആർടിസിയും നഷ്ടക്കണക്കുകൾ ആവർത്തിക്കുന്നു. ഇതിനു മുമ്പ് 2012-ലാണ് കേരളത്തിൽ ബസ്കൂലി വർദ്ധിപ്പിച്ചത്. ബസുടമകളുടെ പരാതികൾ പരിഹരിക്കുന്നതിനും, യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കാനുമായി ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ സർക്കാർ രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ രൂപീകരണം തന്നെ വിവാദങ്ങളുയർത്തിയിരുന്നു. നേരത്തേ ബസ്മുതലാളിമാർക്കു വേണ്ടി കേസ് വാദിച്ചയാളിനെത്തന്നെ കമ്മീഷനായി നിയമിച്ചു എന്നും

(ശേഷം 8-ാം പേജിൽ)




*ബസ്ചാർജ്ജ് വർദ്ധനവിനെതിരെ തിരുവനന്തപുരത്ത് മേയ് 20-ന് ഇടതുപക്ഷ ഐക്യമുന്നണി സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് എം.സി.പി.ഐ(യു) സംസ്ഥാനസെക്രട്ടറി സ.എം.രാജൻ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സ.ജി.എസ്.പത്മകുമാർ, ആർ.എം.പി സംസ്ഥാനകമ്മിറ്റിയംഗം സ.പേരൂർക്കട മോഹനൻ തുടങ്ങിയവർ സമീപം*

## ബിജെപിയെ അധികാരത്തിലെത്തിച്ചത് വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ അവസരവാദം

**– ഇടതുപക്ഷ ഐക്യമുന്നണി**

തിരുവനന്തപുരം, 19.05.2014

അഴിമതിയും ജനവിരുദ്ധതയും മുഖമുദ്രയാക്കിയ യുപിഎ സർക്കാരിനെതിരെ ഉയർന്നുവന്ന ജനരോഷത്തെ മുഖ്യധാരാ ഇടതുപക്ഷത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തതാണ് ബിജെപിയെ അധികാരത്തിലെത്തിച്ചത് എന്ന് ആർ.എം.പി, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്), എം.സി.പി.ഐ(യു) എന്നീ പാർട്ടികൾ ചേർന്ന് കേരളത്തിൽ രൂപീകരിച്ചിട്ടുള്ള ഇടതുപക്ഷ ഐക്യമുന്നണിയുടെ ചെയർമാൻ കെ.എസ് ഹരിഹരൻ, വൈസ് ചെയർമാൻ കെ.ആർ സദാനന്ദൻ, കൺവീനർ ഡോ.വി.വേണുഗോപാൽ എന്നിവർ ചേർന്ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞു. രാജ്യത്താകെ വീശിയടിച്ച കോൺഗ്രസ് വിരുദ്ധ തരംഗം കേരളത്തിൽ ബാധിക്കാതിരുന്നത് സി.പി.ഐ (എം)ന്റെയും സിപിഐയുടെയും നയവ്യതിയാനങ്ങളോടും ഫാസിസ്റ്റ് സമീപനങ്ങളോടും ജനങ്ങൾക്കുള്ള എതിർപ്പിന്റെ ഫലമായാണെന്നും പ്രസ്താവന വ്യക്തമാക്കി. സോളാർ അഴിമതിപോലെയുള്ള പ്രശ്നങ്ങൾ ഉലച്ചിട്ടും യുഡിഎഫിന് പാർലമെന്റ് തെരഞ്ഞെടുപ്പിൽ മുൻതൂക്കം നേടാനായത് സിപിഐ(എം)ന്റെ കൊലപാതക രാഷ്ട്രീയത്തിനോട് ജനങ്ങൾ പ്രകടിപ്പിച്ച അമർഷത്തിന്റെ ഫലമായാണ്. ആഗോളവൽകരണ സാമ്പത്തിക നയങ്ങളുമായി സന്ധിചെയ്തു കഴിഞ്ഞ മുഖ്യധാരാ ഇടതുപക്ഷത്തെ തള്ളിക്കളയുകയാണ് കേരളത്തിലും ബംഗാളിലും ഇതര സംസ്ഥാനങ്ങളിലും വോട്ടർമാർ ചെയ്തത്. സമരോത്സുകമായ ഉള്ളടക്കമുള്ള യഥാർത്ഥ ജനകീയ ബദൽ രൂപപ്പെടുത്താൻ പൊരുതുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുൻകൈയെടുക്കേണ്ട അവസരമാണിത്. ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ആഗോളവൽകരണ വിരുദ്ധ പോരാട്ടത്തിലൂടെ മതഫാസിസത്തിനും രാഷ്ട്രീയ ഫാസിസത്തിനും എതിരെ ജനകീയസമര പ്രസ്ഥാനം രൂപപ്പെടുത്താൻ എല്ലാ ഇടതുപക്ഷ രാഷ്ട്രീയ പ്രവർത്തകരും ജാഗ്രത പുലർത്തണമെന്നും ഇടതുപക്ഷ ഐക്യമുന്നണി അഭ്യർത്ഥിച്ചു. ●

## യു.പി-യിൽ നടമാടുന്ന ക്രൂര ബലാത്സംഗങ്ങൾക്കും കൊലപാതകങ്ങൾക്കുമെതിരെ വനിതകളുടെ രാജ്ഭവൻ മാർച്ച്

തിരുവനന്തപുരം, ജൂൺ 7

ഉത്തർപ്രദേശിൽ തുടർച്ചയായി സ്ത്രീകൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങളും കൊലപാതകങ്ങളും തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ മഹിളാസാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ വനിതകൾ രാജ്ഭവൻ മാർച്ച് നടത്തി. രാവിലെ സെക്രട്ടേറിയറ്റിന് മുന്നിൽ നിന്നാരംഭിച്ച മാർച്ച് ചെങ്ങറ സമരനായകൻ ളാഹ ഗോപാലൻ ഉദ്ഘാടനം ചെയ്തു. ചോരക്കു

(ശേഷം 16-ാം പേജിൽ)

# സ.കെ.പി.കോസലരാമദാസ് അനുസ്മരണ സമ്മേളനം




അനുസ്മരണസമ്മേളനത്തിൽ ഡോ.ഡി.ബാബുപോൾ പ്രസംഗിക്കുന്നു. വേദിയിൽ സഖാക്കൾ ജി.എസ്. പത്മകുമാർ, എസ്.സീതിലാൽ, സി.ദിവാകരൻ, പിരപ്പൻകോട് മുരളി, സി.കെ.ലൂക്കോസ്, വി.കെ.സദാനന്ദൻ, ഹരിലാൽ തുടങ്ങിയവർ

**സ**ത്യസന്ധവും ആദർശ നിഷ്ഠവുമായ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ മഹനീയ മാതൃക സൃഷ്ടിച്ച ആദരണനീയനായ ട്രേഡ് യൂണിയൻ നേതാവ് സ.കെ.പി കോസലരാമദാസ് അന്തരിച്ചിട്ട് ഒരു വർഷം തികഞ്ഞ 2014 ജൂൺ 3ന് തിരുവനന്തപുരം വൈഎംസിഎ ഹാളിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിക്കപ്പെട്ടു.

രാഷ്ട്രീയ ട്രേഡ്യൂണിയൻ പ്രവർത്തന രംഗത്തു ടനീളം ആദർശനിഷ്ഠ കാത്തുപുലർത്തിയ വലിയ മനുഷ്യനും തന്റെ വിശ്വാസ പ്രമാണങ്ങളും തൊഴിലാളി താല്പര്യങ്ങളും സംരക്ഷിക്കുവാൻ ഏതു സ്ഥാനമാനങ്ങളും വലിച്ചെറിയുന്നതിൽ തെല്ലും വൈമനസ്യമില്ലാത്ത നേതാവുമായിരുന്നു കോസലരാമദാസ് എന്ന് മുൻ മന്ത്രി ശ്രീ. സി.വി പത്മരാജൻ അനുസ്മരണ പ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടു.

ജീവിതത്തിന്റെ അവസാന നാളുകളിൽ സ.കോസലരാമദാസ് എസ്‌യുസിഐ(സി)യോട് വളരെ അടുപ്പം പുലർത്തുകയും തന്റെ യൂണിയനുകളുടെ ഭാരവാഹിത്വത്തിലേക്ക് ആൾ ഇന്ത്യ യുടിയുസി പ്രവർത്തകരെ സസന്തോഷം നിയോഗിക്കുകയും ചെയ്തിരുന്നതായി എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറിയും ആൾ ഇന്ത്യ യുടിയുസി സംസ്ഥാന പ്രസിഡന്റുമായ സഖാവ് സി.കെ ലൂക്കോസ് തന്റെ പ്രഭാഷണത്തിൽ അനുസ്മരിച്ചു. സിപിഐ നേതാവ് സി. ദിവാകരൻ എംഎൽഎ, സിപിഐ(എം) സംസ്ഥാന കമ്മിറ്റിയംഗം പിരപ്പൻകോട് മുരളി, ഡോ.ഡി. ബാബുപോൾ, ആൾ ഇന്ത്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംസ്ഥാന സെക്രട്ടറി ജി.എസ് പത്മകുമാർ, എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ സദാനന്ദൻ, കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സംസ്ഥാന വൈസ്പ്രസിഡന്റ് കെ.എ ജോൺ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ട്രഷറർ എം.എൻ അനിൽ എന്നിവർ പ്രസംഗിച്ചു. സ.കോസലരാമദാസ് നയിച്ചിരുന്ന ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിലുള്ള അനുസ്മരണ സമിതിയുടെ കൺവീനർ എസ്.സീതിലാൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ട്രേഡ് യൂണിയൻ പ്രവർത്തകരും തൊഴിലാളികളും അടക്കം സമൂഹത്തിന്റെ നാനാതുറകളിൽപെട്ട നിരവധിയാളുകൾ പങ്കെടുത്ത അനുസ്മരണ സമ്മേളനത്തിൽ സ.ഡി.സുന്ദരേശൻ സ്വാഗതവും ഹരിലാൽ കൃതജ്ഞതയും പറഞ്ഞു. ●

# സഖാവ് പെരുങ്ങുഴി തങ്കപ്പന് ലാൽസലാം



**മു**തിർന്ന ട്രേഡ് യൂണിയൻ നേതാവും വിപ്ലവകാരിയുമായിരുന്ന സഖാവ് പെരുങ്ങുഴി എം തങ്കപ്പൻ 2014 മെയ് 26-ന് 3.45 ന് തിരുവനന്തപുരത്ത് അന്തരിച്ചു. കഴിഞ്ഞ രണ്ട് മാസക്കാലമായി തലച്ചോറിനേറ്റ അണുബാധയെത്തുടർന്നായിരുന്നു അന്ത്യം. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും തുടർന്ന് CPI(M)- ന്റെയും തിരുവനന്തപുരം ജില്ലയിലെ ആദ്യകാല സംഘാടകരിലൊരാളായിരുന്നു സഖാവ് പെരുങ്ങുഴി തങ്കപ്പൻ. 1960 കളിൽ ഇ‌ജക(ഓ) ന്റെ നയവൈകല്യങ്ങളിൽ പ്രതിഷേധിച്ച് സഖാവ് കോസല രാമദാസിനൊപ്പം പാർട്ടി വിട്ട് തൊഴിലാളികളെ സംഘടിപ്പിച്ച് നിരവധിയായ അവകാശപ്പോരാട്ടങ്ങൾ നടത്തുന്നതിൽ സഖാവ് നേതൃത്വപരമായ പങ്കുവഹിച്ചു. തുടർന്ന് മരിക്കുവോളം നന്ദൻകോട് യൂണിയൻ ഓഫീസിൽ താമസിച്ച് മുഴുവൻ സമയ ട്രേഡ് യൂണിയൻ പ്രവർത്തനം ജീവിത ദൗത്യമായി ഏറ്റെടുത്തു. കെ എസ് ഇ വർക്കേഴ്സ് യൂണിയൻ,കെ.എസ്.ഇ.ബി പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ, കെ എസ് ആർ ടി സി വർക്കേഴ്സ് ഫെഡറേഷൻ, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ, ഈറ്റത്തൊഴിലാളി യൂണിയൻ, കെ ടി ഡി സി വർക്കേഴ്സ് യൂണിയൻ തുടങ്ങി നിരവധി യൂണിയനുകളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരികയായിരുന്നു.

ശവസംസ്കാരം നൂറുകണക്കിന് തൊഴിലാളികളുടേയും സാംസ്കാരിക പ്രവർത്തകരുടേയും സാന്നിദ്ധ്യത്തിൽ ജന്മദേശമായ പെരുങ്ങുഴിയിൽ 27-ാം തിയതി നടന്നു. തുടർന്ന് ഇടങ്ങാമൂല എസ് എൻ ഡി പി ഹാളിൽ അനുശോചനയോഗം കൂടി. സമൂഹത്തിലെ നാനാ തുറകളിൽപ്പെട്ട ധാരാളം വ്യക്തികൾ സഖാവ് പെരുങ്ങുഴി തങ്കപ്പന്റെ രാഷ്ട്രീയ- ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളേയും ആദർശനിഷ്ഠയിലൂന്നിയ സംശുദ്ധമായ അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തേയും സ്മരിച്ചു. കെ എസ് ഇ വർക്കേഴ്സ് യൂണിയന്റേയും കെ എസ് ഇ ബി- പി സി സി ലൈൻ വർക്കേഴ്സ് യൂണിയന്റേയും സംസ്ഥാന ജോയിന്റ് സെക്രട്ടറി സ: സീതിലാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എ ഐ യു ടി യു സി സംസ്ഥാന സെക്രട്ടറി സ: വി കെ സദാനന്ദൻ, അഴൂർ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: വി ജോയി മുൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിൽ ലാൽ, കെ എസ് ആർ ടി സി വർക്കേഴ്സ് ഫെഡറേഷൻ വൈസ് പ്രസിഡന്റ് ജി മധുസൂദനൻ പിള്ള, എസ് യു സി ഐ സി ജില്ലാ കമ്മിറ്റി അംഗം ഹരി കെ, എസ് എൻ ഡി പി നേതാവ് രഘുനാഥൻ എന്നിവർ സ: പെരുങ്ങുഴി തങ്കപ്പനെ അനുസ്മരിച്ച് സംസാരിച്ചു. ജൂൺ 3-ന് സ.കെ.പി.കോസലരാമദാസിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണയോഗത്തിലും സഖാവ് കോസലരാമദാസിന്റെ സന്തതസഹചാരിയായിരുന്ന സഖാവ് പെരുങ്ങുഴി തങ്കപ്പനെ അനുസ്മരിക്കുകയുണ്ടായി. ●

# ദേശീയപാത : 30 മീറ്റർ വീതിയിൽ ഉടൻ നിർമ്മിക്കുക – എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ




തളിക്കുളത്ത് സംഘടിപ്പിച്ച ജനകീയ ധർണ്ണയിൽ ടി.കെ.സുധീർകുമാർ പ്രസംഗിക്കുന്നു

**ബി**.ഒ.ടി.കോർപ്പറേറ്റുകളുടെ ചുങ്കപ്പാത ഉപേക്ഷിച്ചുകൊണ്ട് ദേശീയ പാത 30 മീറ്ററിൽ സംസ്ഥാനസർക്കാർ വികസിപ്പിക്കണമെന്നും ആരേയും ബലമായി കുടിയൊഴിപ്പിക്കില്ലെന്നുമുള്ള സർക്കാർ തീരുമാനം വികസനത്തിന്റെ ജനകീയ വഴികൾ തുറക്കുവാൻ വഴിതെളിയിക്കുമെന്ന് പ്രമുഖ പരിസ്ഥിതിപ്രവർത്തകൻ സി.ആർ.നീലകണ്ഠൻ അഭിപ്രായപ്പെട്ടു.

ദേശീയപാത 30മീറ്റർ വീതിയിൽ നിർമ്മിക്കുമെന്ന സർക്കാർ തീരുമാനം ഉടൻ നടപ്പിലാക്കണമെന്നും ബി.ഒ.ടി. പദ്ധതി നടപ്പിലാക്കുക. ബി.ഒ.ടി.വേണ്ടിയുള്ള 45 മീറ്ററിന്റെ പ്രോജക്ട് റിപ്പോർട്ടുകൾ പൂർണ്ണമായി റദ്ദാക്കുക, സമരത്തിൽ പങ്കെടുത്തവർക്കു മേൽ ചുമത്തിയ കള്ളക്കേസ്സുകൾ ഉടൻ പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആക്ഷൻ കൗൺസിൽ തൃശൂർ ജില്ലക്കമ്മിറ്റി തളിക്കുളത്ത് ജനകീയ ധർണ്ണ സംഘടിപ്പിച്ചു. എൻ.എച്ച്17 ആക്ഷൻ കൗൺസിൽ ജില്ലാ ചെയർമാൻ എ.ജി.ധർമ്മരത്നം അദ്ധ്യക്ഷതവഹിച്ചയോഗം സി.ആർ.നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു.

"45മീറ്ററുണ്ടെങ്കിലേ 4 വരിപ്പാത നിർമ്മിക്കപ്പെടുവെന്ന ചിലരുടെ മർക്കടമുഷ്ടിക്ക് കൊടുത്ത മറുപടിയാണ് 30 മീറ്ററിൽ ആറുവരിപ്പാത നിർമ്മിക്കുമെന്ന സർക്കാർ തീരുമാനമെന്നും ജനകീയ സമരങ്ങളെ അവഗണിക്കുന്ന പ്രസ്ഥാനങ്ങൾക്ക് ഒരു പാഠമാണ് ഈ ജനകീയ സമരമെന്നും" എൻ. എച്ച്17 ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ ഇ.വി. മുഹമ്മദലി മുഖ്യവിഷയമവതരിപ്പിച്ചുകൊണ്ട് പറഞ്ഞു.

30 മീറ്ററിൽ ദേശീയപാത നിർമ്മിക്കുക എന്ന് നമ്മൾ മുന്നോട്ടു വച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്ന് തത്വത്തിൽ നേടാൻ കഴിഞ്ഞു എന്നത് നമ്മൾ നാളിതുവരെ നടത്തിയ ജനകീയ സമരത്തിന്റെ നേട്ടമാണെന്ന് എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ സംസ്ഥാന കൺവീനർ ടി.കെ. സുധീർകുമാർ അഭിപ്രായപ്പെട്ടു. ദേശീയപാത 17ന്റെ ഒരുഭാഗമായ ഇടപ്പള്ളി-കുറ്റിപ്പുറം സ്ട്രച്ചും, ദേശീയപാത 47ന്റെ വൈറ്റില-തിരുവനന്തപുരം കരിയ്ക്കാവിള സ്ട്രച്ചും കേന്ദ്ര എൻ.എച്ച് അതോറിറ്റി ഉപേക്ഷിച്ചുകൊണ്ട് 2014 മാർച്ച് 5ന് ഗസറ്റ് വിജ്ഞാപനമിറക്കി. ദേശീയ തലത്തിൽ ഇത്തരമൊരു ചർച്ച നടക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് കേന്ദ്രമന്ത്രി ഓസ്കാർ ഫർണാണ്ടസ് കേരളത്തിൽ വന്നതും ദേശീയപാത 30മീറ്റർ വീതിയിലും, ജനസാന്ദ്രതയും വ്യാപാര സ്ഥാപനങ്ങളും കൂടുതലുള്ളയിടങ്ങളിൽ എലിവേറ്റഡ് റോഡാണ് നിർമ്മിക്കേണ്ടതെന്നും അഭിപ്രായപ്പെട്ടത്. എൻ.എച്ച് അതോറിറ്റിയുടെ വിജ്ഞാപനത്തെ തുടർന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രി ഇബ്രാഹിം കുഞ്ഞ് തുടങ്ങിയവർ കേരളത്തിൽ 30മീറ്ററിൽ 6വരിപ്പാത തന്നെ നിർമ്മിക്കുമെന്ന് നിർദ്ദേശിക്കുകയും അതിന്റെ രൂപരേഖ പുറത്തുവിടുകയും ചെയ്തു. ഇത്തരം ഒരു തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന തലങ്ങളിൽ എടുപ്പിക്കുവാൻ നമ്മുടെ സമരത്തിലൂടെയാണ് കഴിഞ്ഞത്. എന്നാൽ പ്രധാനപ്പെട്ട മറ്റു ഡിമാന്റുകൾ ഇനിയും നേടിയെടുക്കേണ്ടതുണ്ട്. 30 മീറ്ററിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് കൊടുക്കേണ്ട നഷ്ടപരിഹാരം, പുനരധിവാസ പാക്കേജ്, കേരള ജനത ഒന്നടങ്കം എതിർത്തിരുന്ന ബി.ഒ.ടി.ടോൾ, അലൈൻമെന്റുകൾ, അനാവശ്യ ബൈപ്പാസുകൾ തുടങ്ങിയ വിഷയങ്ങളിൽ ജനഹിതത്തെ മാനിച്ചുകൊണ്ടുള്ള ഒരു തീരുമാനം സർക്കാരുകളുടെ ഭാഗത്തു നിന്ന് നേടിയെടുക്കുവാൻ പര്യാപ്തമായ തരത്തിൽ കൂടുതൽ ശക്തവും ഐക്യത്തോടെയും നമ്മൾ ഒന്നിച്ചു പോകേണ്ടിയിരിക്കുന്നുവെന്നും ടി.കെ.സുധീർകുമാർ പറഞ്ഞു. ഹാഷിം ചേന്ദാമ്പിള്ളി (എൻഎച്ച്17, 47 സംയുക്തസമരസമിതി സംസ്ഥാനകൺവീനർ). കെ.ഡി.മേനോൻ ( ഉപദേശക സമിതി ചെയർമാൻ, എൻ.എച്ച്17 ആക്ഷൻ കൗൺസിൽ), ടി.കെ.വാസു (ദേശീയപാത സംരക്ഷണ സമിതി), ടി.എൽ.സന്തോഷ്(ആർഎംപി), ഡോ.പി.എസ്.ബാബു(എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), കെ.കെ. ഷാജഹാൻ (വെൽഫെയർ പാർട്ടി), ഷമീർ ബ്രോഡ്‌വേ (എസ്ഡിപിഐ), എൻ.ഡി.വേണു (സിപിഐ(എം എൽ), റഫീക്ക് എം.പി.വാടാനപ്പള്ളി(സോളിഡാരിറ്റി), എ.എം.സുരേഷ് ( ജനകീയ പ്രതിരോധ സമിതി), അഡ്വ.കെ.പി. രവിപ്രകാശ്(ശാസ്ത്ര സാഹിത്യ പരിഷത്), സി.എ.ഷറഫുദീൻ (ഐഎൻഎൽ) എന്നിവരും പ്രസംഗിച്ചു. ആക്ഷൻ കൗൺസിൽ ജില്ലാകൺവീനർ സി.കെ.ശിവദാസൻ സ്വാഗതവും സീനിയർ വൈസ് പ്രസിഡന്റ് വി. സിദ്ദിഖ് നന്ദിയും പറഞ്ഞു. സ്ത്രീകളും കുട്ടികളുമടക്കം നൂറുകണക്കിന് കുടിയൊഴിപ്പിക്കൽ ഭീഷണിനേരിടുന്നവർ ധർണ്ണയിൽ പങ്കെടുത്തു. ●

# സാമ്പത്തികാക്രമണങ്ങൾ പെരുക്കാൻ വിധിക്കപ്പെട്ട ബിജെപി ഭരണം.

ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞു. നല്ല ഭൂരിപക്ഷത്തോടെ ബിജെപി അധികാരത്തിലുമെത്തി. കോൺഗ്രസ് പിഴുതെറിയപ്പെട്ടിരിക്കുന്നു. കഷ്ടകാലമെല്ലാം കഴിഞ്ഞെന്നും ഒരു പുതുയുഗപ്പിറവി കുറിക്കപ്പെട്ടിരിക്കുന്നുവെന്നും കുത്തക മാധ്യമങ്ങൾ പ്രചാരണം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. സാമ്പത്തികഭാരം കൊണ്ട് നടുവൊടിഞ്ഞ ജനകോടികളുടെ ചുണ്ടിൽ പുഞ്ചിരി വിടർത്താൻ പാകത്തിൽ വമ്പിച്ച അഭിവൃദ്ധിയിലേക്ക് നയിക്കാൻ കെല്പുള്ള ആളായി മോഡി വാഴ്ത്തപ്പെടുകയാണ്. ഓഹരി കമ്പോളത്തിലെ കുതിപ്പും രൂപയുടെ മൂല്യത്തിലുണ്ടായ വർദ്ധനവുമൊക്കെ സമ്പദ്ഘടനയുടെ തിരിച്ചുവരവ് ഉദ്ഘോഷിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

സർക്കാരിന്റെ വിശ്വാസ്യത ഉയർത്തുമെന്നും ദേശീയ സാർവദേശീയ രംഗങ്ങളിൽ രാജ്യത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുമെന്നും ബിജെപി പ്രകടന പത്രിക പറഞ്ഞിരുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ പ്രോത്സാഹനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ പ്രദാനകേന്ദ്രങ്ങളായി പരിവർത്തനപ്പെടുത്തൽ, പണപ്പെരുപ്പം നിയന്ത്രിക്കാൻ നടപടികൾ, വിലക്കയറ്റം തടയാൻ വിലസ്ഥിരതാ ഫണ്ട്, കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പ്പുകാരെയും വിചാരണ ചെയ്യാൻ പ്രത്യേക കോടതി, നികുതിഘടന ലളിതമാക്കൽ, സംഘർഷരഹിതമായ ഭൂമി ഏറ്റെടുക്കൽ, ചെലവു കുറഞ്ഞ ചികിത്സ, പൊതുവിദ്യാഭ്യാസത്തിന് മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 6 ശതമാനം, ഭരണ നവീകരണം, വേഗത്തിലുള്ള അടിസ്ഥാനഘടനാവികസനം തുടങ്ങിയ വാഗ്ദാനങ്ങളും ബിജെപി മുന്നോട്ടു വച്ചിരുന്നു. പാർലമെന്ററി പാർട്ടി നേതാവായി തെരഞ്ഞെടുക്കപ്പെട്ട ശേഷം നരേന്ദ്രമോഡി നടത്തിയ പ്രസംഗത്തിൽ പറഞ്ഞത്, ഒരു ഗവൺമെന്റ് എപ്പോഴും സാധാരണക്കാരെക്കുറിച്ച് ചിന്തിക്കുകയും അവരെ കേൾക്കുകയും അവർക്കു വേണ്ടി നിലകൊള്ളുകയും വേണം. പുതിയ ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധമായിരിക്കും എന്നാണ്. ഒന്നു ജീവിച്ചുപോകാൻ വേണ്ടി രാപകൽ കഷ്ടപ്പെടുന്ന ജനകോടികൾക്ക് മധുരോദാരമായ ഈ വാക്കുകൾ ആശ്വാസം പകരുന്നതു തന്നെ.

### വാഗ്ദാനങ്ങൾ കഴമ്പുള്ളതോ?

മോഡി സർക്കാരിന് മേൽപ്പറഞ്ഞ വാഗ്ദാനങ്ങളൊക്കെ നിറവേറ്റാനാകുമോ? ഓഹരിക്കമ്പോളത്തിലെ ഉണർവ്വും രൂപയുടെ മൂല്യത്തിലുണ്ടായ വർദ്ധനവും മറ്റും ഒരു സാമ്പത്തിക പുനരുജീവനത്തിന്റെ ലക്ഷണങ്ങളാണോ? നമ്മുടെ സമ്പദ്ഘടനയെ ബാധിച്ചിരിക്കുന്ന വ്യാധി എന്താണ്? ജനങ്ങൾ അടിക്കടി സാമ്പത്തിക ആക്രമണങ്ങൾക്കിരയാകുന്നത് എന്തുകൊണ്ട്? ആരോപിക്കപ്പെടുന്നതുപോലെ നയരംഗത്തെ മരവിപ്പോ അല്ലെങ്കിൽ മുൻ ഗവൺമെന്റിന്റെ കാര്യപ്രാപ്തിയില്ലായ്മയോ ഒക്കെയാണോ ഇതിന് കാരണം? 1999 മുതൽ 2004 വരെ ഭരിച്ച ബിജെപി സർക്കാരിന് പാവപ്പെട്ടവരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്താൻ കഴിഞ്ഞോ? കോൺഗ്രസ്സ് ഗവൺമെന്റിന്റെ അതേ സ്ഥിതി തന്നെയായിരുന്നു അന്നും എന്നതാണ് വസ്തുത. ഇതെന്തുകൊണ്ട്? അധികാരത്തിൽ കോൺഗ്രസ്സ് ആയാലും ബിജെപി ആയാലും മുതലാളിത്ത വ്യവസ്ഥതന്നെയാണ് രാജ്യത്ത് നിലനിൽക്കുന്നത്. അത് സൃഷ്ടിക്കുന്ന തിന്മകൾ ആരുഭരിച്ചാലും നിലനിൽക്കും. ബിജെപിയും കോൺഗ്രസ്സും ഒരു പോലെ ഈ ജീർണ്ണിച്ച മുതലാളിത്ത വ്യവസ്ഥയുടെ സേവകരും സംരക്ഷകരുമാണ്. ചേമ്പർ ഓഫ് കൊമേഴ്സിന്റെ മീറ്റിംഗിൽ ആർഎസ്എസ് നേതാവ് മോഹൻഭാഗവത് പറഞ്ഞത് അവർ ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങൾക്കും നേരിട്ടുള്ള വിദേശനിക്ഷേപത്തിനുമൊന്നും എതിരല്ല എന്നത്രെ. നേരിട്ടുള്ള വിദേശനിക്ഷേപവുമായി ബന്ധപ്പെട്ട നിയമങ്ങൾ ഉദാരമാക്കുന്ന കാര്യത്തിൽ അനുകൂല നിലപാടറിയിച്ച ആർഎസ്എസ് തങ്ങൾ സാമ്പത്തിക മൗലകവാദികളല്ലെന്നും വ്യക്തമാക്കുകയുണ്ടായി. എന്തായാലും ബിജെപി ഭരണകാലത്ത് നിർലോഭമായ ഉദാരവൽക്കരണ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാണ്. സമ്പദ്ഘടനയുടെ അടിസ്ഥാനസ്വഭാവം കണക്കിലെടുക്കാതെ, അതിന്റെ നിയമങ്ങളും പ്രവർത്തനരീതിയും മറ്റുമായി ബന്ധപ്പെടുത്താതെ, ബിജെപിയുടെ സാമ്പത്തിക അജണ്ട ചർച്ച ചെയ്യുന്നതിൽ അർത്ഥമില്ല.

തെരഞ്ഞെടുപ്പിൽ വിജയിച്ചതോടെ ബിജെപി ധാരാളം വാഗ്ദാനങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. 1999 ലും ഇതേ വാഗ്ദാനങ്ങൾ തന്നെ അവതരിപ്പിച്ചിരുന്നു. എന്നിട്ട് അവയൊക്കെ നഗ്നമായി ലംഘിച്ചു. 2004-ൽ വാജ്പേയ് ഗവൺമെന്റ് അവതരിപ്പിച്ച 'തിളങ്ങുന്ന ഇന്ത്യ' എന്ന മുദ്രാവാക്യം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കുമേലുള്ള ഒരു പരിഹാസമായിട്ടേ എല്ലാവരും കരുതിയിട്ടുള്ളൂ. ബിജെപി ഭരണത്തിൽ വിലകൾ കുതിച്ചുയർന്നില്ലേ? ഉള്ളിയുടെ വിലപോലും അന്ന് 80 രൂപയ്ക്കുമുകളിലായി. എന്തുകൊണ്ട്? കാലഹരണപ്പെട്ട മുതലാളിത്ത വ്യവസ്ഥയ്ക്ക് ജനങ്ങൾക്ക് ഒരു നന്മയും പ്രദാനം ചെയ്യാനാവില്ല. കപട വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ കബളിപ്പിക്കാനേ മുതലാളിത്തത്തെ സേവിക്കുന്നവർക്ക് കഴിയൂ. പുതിയൊരു നേതൃത്വവുമായി ബിജെപി വീണ്ടും അധികാരത്തിലേറിയിരിക്കുന്നു. ഒരു സമ്പദ്വ്യവസ്ഥയ്ക്ക് പുതുജീവൻ കൈവരുമെന്നും മറ്റുമുള്ള പ്രചാരണത്തിന് എന്തടിസ്ഥാനമാണുള്ളത്? എന്നു മാത്രമല്ല, കുടുതൽ ഇരുളടഞ്ഞ ഒരു ഭാവിയെക്കുറിച്ചുള്ള ആശങ്ക ന്യായമാണുതാനും. അപ്പോൾ, ഓഹരികമ്പോളത്തിൽ ഉണ്ടായ ഒരു ചെറിയ ഉത്സാഹത്തിലൊക്കെ എന്തു കാര്യം? ഈ രീതിയിൽ നേരായി ചിന്തിക്കുന്നവർക്കേ ഇക്കാര്യങ്ങളെ സമീപിക്കാനാകൂ.

### ജിഡിപി വളർച്ച എന്ന പൊള്ളത്തരം.

ഇക്കാര്യം കൂടുതൽ വ്യക്തമാകണമെങ്കിൽ പ്രസക്തമായ ചില വസ്തുതകളും സൂചനകളും മറ്റും പരിശോധിക്കണം. ബിജെപി നേതാക്കളും മുതലാളിത്ത സാമ്പത്തിക വിദഗ്ധരുമൊക്കെ മുന്നോട്ടുവയ്ക്കുന്ന വാദഗതികളിൽനിന്നുതന്നെ തുടങ്ങാം. സമ്പദ്ഘടനയെ വിലയിരുത്തുമ്പോൾ ബൂർഷ്വാപണ്ഡിതർ എപ്പോഴും എടുത്തുകാട്ടുന്നത് മൊത്തം ആഭ്യന്തരോൽപ്പാദനത്തിൽ അഥവാ ജിഡിപിയിൽ വരുന്ന വളർച്ചയാണ്. അതുതന്നെ ആദ്യമെടുക്കാം. 2012-13-ൽ, ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ നിരക്ക് ദശാബ്ദത്തിലെ ഏറ്റവും കുറഞ്ഞ 4.5 ശതമാനത്തിലെത്തി. എന്നാൽ വാങ്ങൽശേഷിയുമായി തട്ടിച്ചുകൊണ്ട് ഇന്ത്യയെ മൂന്നാമത്തെ വൻ സാമ്പത്തികശക്തിയായി 2011-ൽ ലോകബാങ്ക് കണക്കാക്കിയ കാര്യമാണ് ഇപ്പോൾ ഈ പണ്ഡിതന്മാർ പറയുന്നത്. വിവിധ രാജ്യങ്ങളുടെ വരുമാനത്തിന്റെ തലം സൂചിപ്പിക്കാനാണ് വാങ്ങൽശേഷിയുമായി ബന്ധപ്പെട്ട താരതമ്യം കണക്കിലെടുക്കുന്നത് എന്നതാണ് വസ്തുത. ഉദാഹരണത്തിന്, ഇന്ത്യയിൽ ഒരു ജോടി ഷൂസിന് 2500 രൂപയും ഒരു അമേരിക്കൻ ഡോളറിന് 50 രൂപ വിനിമയനിരക്കുമാണെങ്കിൽ അമേരിക്കയിൽ അതിന് 50 ഡോളർ വിലയാകും. എന്നാൽ, ഒരു രാജ്യത്തിന് ജിഡിപി സ്വന്തം കറൻസിയിലാണ് കണക്കാക്കുന്നത് എന്നതിനാലും കമ്പോളവിനിമയ നിരക്കിൽ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാലും ഇവിടെ ശരിയായ ജിഡിപി വളർച്ച കണക്കാക്കാനാവില്ല. എന്നാൽ, ഒരു രാജ്യത്തിന്റെ ജിഡിപി മറ്റേ രാജ്യത്തിന്റെ കറൻസിയിലേയ്ക്ക്, കമ്പോള വിനിമയ നിരക്കിനുപകരം പിപിപി അടിസ്ഥാനത്തിൽ മാറ്റിയാൽ ഈ വ്യത്യാസം ഉണ്ടാകുന്നില്ല എന്നും പറയുന്നു. എന്തായാലും പിപിപി വിനിമയ പ്രകാരം ജിഡിപി കണക്കാക്കുമ്പോൾ ഇന്ത്യ, അമേരിക്കയുടെയും ചൈനയുടെയും തൊട്ടുപിന്നിൽ മൂന്നാമത് നിൽക്കുന്നുവെന്നും അതുകൊണ്ടു തന്നെ നടപ്പുവർഷം വലിയ വളർച്ച ഉണ്ടാകുമെന്നും ബിജെപിക്കാണ് അതിന്റെ ക്രെഡിറ്റ് എന്നുമാണ് അവകാശവാദം.

1999 മുതൽ 2004 വരെയുള്ള ബിജെപി ഭരണകാലത്ത് ജിഡിപി 5.8% വാർഷിക വളർച്ചാനിരക്ക് രേഖപ്പെടുത്തിയെന്നും 2004 ൽ വമ്പിച്ച സാധ്യതകൾ സാമ്പത്തിക രംഗത്ത് അവശേഷിപ്പിച്ചുകൊണ്ടാണ് ഭരണം അവസാനിപ്പിച്ചതെന്നും ബി.ജെ.പി നേതാക്കൾ അവകാശപ്പെടുന്നു. 8.6% വളർച്ചാനിരക്ക് കൈവരിക്കാൻ പാകത്തിലുള്ള ധനസ്ഥിതി രാജ്യത്തിനുണ്ടായിരുന്നുവെന്നും വികസിത രാജ്യമെന്ന മോഹം യാഥാർത്ഥ്യമാക്കാൻ പോന്നതായിരുന്നു ഇതെന്നും അവർ പറയുന്നു. എന്നാൽ കോൺഗ്രസ് ഭരണം വിടുമ്പോൾ സാമ്പത്തികരംഗം കുത്തഴിഞ്ഞ് കിടക്കുകയാണെന്നും വളർച്ചാനിരക്ക് 4% ത്തിലേക്ക് കൂപ്പുകുത്തിയെന്നും ആരോപിക്കുന്നു. 2003 2004 ൽ ഉല്പാദനരംഗത്ത് 7.3% മായിരുന്ന വളർച്ചാനിരക്ക് ഇന്ന് പൂജ്യമാണ്. വ്യാവസായിക വളർച്ചയും 6% ത്തിൽ നിന്നും പൂജ്യമായി. പാപ്പരായിരിക്കുന്ന ഈ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് ബിജെപി ആവിഷ്കരിക്കുന്നതെന്നും അവർ അവകാശപ്പെടുന്നു.

ബിജെപിയുടെ സാമ്പത്തിക അജണ്ട എത്രത്തോളം ഫലപ്രദമാണ് എന്ന് പരിശോധിക്കുന്നതിന് മുമ്പായി ഒരു അടിസ്ഥാനവിഷയത്തിൽ ശരിയായ ധാരണ ഉണ്ടാകേണ്ടതുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം (Inclusive Growth) എന്ന് കൊട്ടിഘോഷിക്കുന്നവർ ഉയർത്തിക്കാട്ടുന്നത് ജിഡിപി വളർച്ചയെയാണ്. സമ്പത്ത് ഉല്പാദനത്തിന്റെ സൂചകമായി ജിഡിപി വളർച്ചയെകാണാം എന്നത് സമ്മതിക്കാം. എന്നാൽ ആ സമ്പത്ത് വിതരണം ചെയ്യുന്ന രീതിയെ ഇത് പ്രതിഫലിപ്പിക്കുന്നുണ്ടോ? ഒട്ടും തന്നെയില്ല, അങ്ങനെയെങ്കിൽ ജിഡിപി വളർച്ചയുടെ മാഹാത്മ്യം വിളമ്പുന്നതെന്തിനാണ്? ജനങ്ങളെ കബളിപ്പിക്കാനുള്ള ഒരു എളുപ്പമാർഗ്ഗം മാത്രമാണിത്. ഉല്പാദനരംഗത്തും സേവനമേഖലയിലുമൊക്കെ എപ്പോഴും പ്രവർത്തനം നടക്കുന്നുണ്ട്. അതുകൊണ്ട് തന്നെ മൊത്തം ആഭ്യന്തര ഉല്പാദനം അഥവാ ജിഡിപിയിൽ വളർച്ചയുമുണ്ടാകും. എന്നാൽ സമ്പത്ത് മുഴുവൻ ഏതാനും പേരുടെ കയ്യിൽ കേന്ദ്രീകരിച്ചിരിക്കുകയും ബഹുഭൂരിപക്ഷം പേരും പാപ്പരാക്കപ്പെടുകയും ചെയ്യുന്ന ഒരു മുതലാളിത്ത ഉല്പാദന സംവിധാനത്തിൽ ഈ അധിക ഉല്പാദനം എങ്ങനെ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നത് പ്രതിഫലിപ്പിക്കാത്ത ജിഡിപി, സാമ്പത്തിക അഭിവൃദ്ധിയെ സൂചിപ്പിക്കുന്നതേയില്ല. മൊത്തം ജനങ്ങളുടെ ഉന്നമനത്തെക്കുറിച്ച് അത് പറയുന്നതേയില്ല. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിച്ച് കൊണ്ടിരിക്കുമ്പോഴും ജിഡിപി വളർച്ച രേഖപ്പെടുത്തിക്കൊണ്ടിരിക്കും. അർജ്ജുൻ സെൻഗുപ്ത കമ്മിറ്റി റിപ്പോർട്ട് പറയുന്നത് ജനസംഖ്യയിൽ 77% വും ദാരിദ്ര്യരേഖക്ക് താഴെയാണെന്നാണ്. അതായത് ഒരുദിവസം 20 രൂപ പോലും ചെലവഴിക്കാൻ ഇല്ലാത്തവരാണെന്നർത്ഥം. എന്നാൽ മറുവശത്ത്, കുത്തകകളുടെയും കോർപ്പറേറ്റുകളുടെയും കയ്യിൽ സ്വത്ത് കുമിഞ്ഞുകൂടുന്നു. ലോകത്ത് ഏറ്റവും സമ്പന്നരായ പത്തുപേരിൽ നാലുപേർ ഇന്ത്യക്കാരാണ്. മുതലാളിമാർ എല്ലാ നേട്ടവും തട്ടിയെടുക്കുമ്പോൾ വളർച്ചാനിരക്ക് നാലായാലും എട്ടായാലും സാധാരണക്കാർക്ക് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. ജനങ്ങളുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ ജിഡിപി വളർച്ചയെക്കുറിച്ചുള്ള ഈ കോലാഹലങ്ങളെല്ലാം വെറും തട്ടിപ്പുമാത്രം. ക്രയശേഷിയുടെ അടിസ്ഥാനത്തിലുള്ള ജിഡിപിയുടെ വളർച്ചാനിരക്കിൽ ഇന്ത്യ മൂന്നാം സ്ഥാനത്തായാലും രണ്ടാം സ്ഥാനത്തായാലും അതുകൊണ്ട് ജനങ്ങൾക്ക് ഒരു ഗുണവുമില്ല.

### മുതലാളിത്തവും ബി.ജെ.പിയും

ബി.ജെ.പി മുതലാളിത്തത്തിന് എതിരല്ലെന്ന് മാത്രമല്ല,അത് മുതലാളിവർഗ്ഗത്തിന്റെ ദാസ്യത്തിലുമാണ്. കോൺഗ്രസിന് ബദൽ എന്ന നിലയിൽ ബിജെപിയെ അധികാരത്തിലെത്തിക്കാൻ ചരടുവലികൾ നടത്തിയത് മുതലാളിവർഗ്ഗമാണ്. കോൺഗ്രസും ബിജെപിയും മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത പ്രതിനിധികളാണ്. മുതലാളിവർഗ്ഗ സേവയിലൂടെ ജനങ്ങളുടെ വെറുപ്പിനിരയായ കോൺഗ്രസിനുപകരം ഇപ്പോൾ ബിജെപിയെ കൊണ്ടുവന്നു എന്നു മാത്രമേയുള്ളൂ. അങ്ങനെ നടത്തിപ്പുകാർ മാറി. പക്ഷേ വ്യവസ്ഥിതി മാറ്റമില്ലാതെ തുടരുന്നു. അതായത് എല്ലാ തിന്മകൾക്കും മൂലകാരണമായ മുതലാളിത്ത വ്യവസ്ഥ പരിക്കുകളൊന്നും ഏൽക്കാതെ സുരക്ഷിതമായിരിക്കുന്നു എന്നർത്ഥം. എല്ലാ ദുരിതങ്ങൾക്കും കാരണം കോൺഗ്രസിന്റെ ചെയ്തികളായിരുന്നതുകൊണ്ട് കോൺഗ്രസിനു പകരം ബിജെപി അധികാരത്തിലെത്തിയാൽ എല്ലാ കഷ്ടപ്പാടുകൾക്കും പരിഹാരം ഉണ്ടാകുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. കോൺഗ്രസിനെപ്പോലെ തന്നെ ബിജെപിയും ഭരണ മുതലാളിവർഗ്ഗത്തെ സേവിക്കാൻ ബാദ്ധ്യസ്ഥമാണെന്ന കാര്യം മാത്രം മൂടിവെയ്ക്കപ്പെടുന്നു. അതുകൊണ്ട് തന്നെ ജനങ്ങളുടെ ദുരിതങ്ങൾക്ക് ഒരു ശമനവും ഉണ്ടാകാൻ പോകുന്നില്ല. തുടക്കത്തിലെ ഈ കോലാഹലങ്ങളും വ്യാമോഹങ്ങളുമൊക്കെ കെട്ടടങ്ങി കഴിയുമ്പോൾ ദംഷ്ട്രകളും നഖങ്ങളുമൊക്കെ പതുക്കെ പതുക്കെ പുറത്തുവന്നുതുടങ്ങും. അതുകൊണ്ടുതന്നെ, ഗൂഢോദ്ദേശം മറച്ചുപിടിക്കാനും ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുമുള്ള പുറംപൂച്ചുകളാണ് ബിജെപി നേതാക്കൾ നടത്തുന്നത്. ഇത് ക്രമേണ വ്യക്തമായി തുടങ്ങിക്കഴിഞ്ഞു.

### ഓഹരി കമ്പോളത്തിലെ കുതിപ്പ്

ബിജെപിയുടെ വിജയസാധ്യത വ്യക്തമായതോടെ തന്നെ ഓഹരി കമ്പോളത്തിൽ ഉണർവ്വ് പ്രത്യക്ഷപ്പെട്ടു. ഓഹരി കമ്പോളത്തിലേക്ക് പണം ഒഴുകുകയും കച്ചവടം തകൃതിയായി നടക്കുകയും ചെയ്തു. ബഹുരാഷ്ട്ര കുത്തകകളുടെ കയ്യിൽ അലസമായിരിക്കുന്ന പണം വൻലാഭം കൊയ്യാമെന്ന പ്രതീക്ഷയിൽ ഇന്ത്യൻ കമ്പോളത്തിൽ നിക്ഷേപിക്കുന്ന പ്രക്രിയയാണ് ഇതിനുപിന്നിൽ പ്രവർത്തിച്ചത്. കഴിഞ്ഞ മെയ് 15 ന് ഇത് 5.98 ബില്യൺ അമേരിക്കൻ ഡോളറായി ഉയർന്നു. ഇന്ത്യയുടെ വിദേശനാണ്യ ശേഖരത്തിൽ ഗണ്യമായ കുറവ് വന്നതോടെ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി വൻതോതിൽ നിക്ഷേപങ്ങൾ പിൻവലിച്ചുപോയ ഈ വിദേശനിക്ഷേപകർ തിരിച്ചുവരാൻ തുടങ്ങി. സ്ഥിരതയുള്ള ഒരു ഗവണ്മെന്റ് അധികാരത്തിൽ വന്നതോടെ കൂടുതൽ ഉദാരവൽക്കരണ നടപടികൾ പ്രതീക്ഷിച്ചാണ് ഇവരുടെ വരവ്. എന്നാൽ ഇപ്രകാരം നിക്ഷേപിക്കപ്പെടുന്ന പണം ഏത് നിമിഷം വേണമെങ്കിലും അവർക്ക് ഓഹരി കമ്പോളത്തിൽ നിന്ന് പിൻവലിക്കാം. ഇത് വെറും ചൂതുകളിയാണ്. ഇത് വെറും പുറംപൂച്ച്. ഈ ഊഹക്കച്ചവടം യഥാർത്ഥത്തിൽ ഒരു പ്രതീക്ഷയ്ക്കും വക

(ശേഷം 12-ാം പേജിൽ)

# പൊതുവിദ്യാഭ്യാസ മേഖല സമ്പൂർണ്ണ തകർച്ചയുടെ വക്കിൽ

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് കേരളം ഏഴാം സ്ഥാനത്ത് നിന്ന് 20–ാം സ്ഥാനത്തേക്ക് എത്തിയിരിക്കുന്നുവെന്നാണ് കേന്ദ്രസർക്കാരിന്റെ ഏറ്റവുമൊടുവിലത്തെ പഠനറിപ്പോർട്ട് സൂചിപ്പിക്കുന്നത്.കേന്ദ്ര മാനവവിഭവ വികസന മന്ത്രാലയം പുറത്തിറക്കിയ വാർഷിക വിദ്യാഭ്യാസ വികസന സൂചികയിലാണ് കേരളത്തിന്റെ പതനം വ്യക്തമാക്കുന്നത്. പൊതുവിൽ കേരളം പതിനാലാം സ്ഥാനത്താണ്. അപ്പർ പ്രൈമറിയിൽ 13–ാം സ്ഥാനത്തായിരുന്നത് പതിനേഴാം സ്ഥാനത്തായി. കേരളവികസന മാതൃകയുടെ പ്രധാന സവിശേഷതയായി കണക്കാക്കിയിരുന്ന പ്രാഥമിക വിദ്യാഭ്യാസ മേഖലയിലുണ്ടായ ഈ  തിരിച്ചടി എന്തുകൊണ്ട് എന്ന് പരിശോധിക്കാനും പഠിക്കാനും വിദ്യാഭ്യാസ വകുപ്പ് തയ്യാറാകണം. ഡി.പി.ഇ.പിയിൽ ആരംഭിച്ച വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ഒന്നര ദശാബ്ദകാലം പിന്നിടുമ്പോഴാണ് അവയുടെ പരീക്ഷണശാലയായ കേരളം വൻതകർച്ചയെ നേരിടുന്നത്. പരിഷ്കാരങ്ങൾക്ക് നേതൃത്വം കൊടുത്ത കേന്ദ്രമാനവശേഷി മന്ത്രാലയം തന്നെയാണ് ഇന്നത്തെ അവസ്ഥാവിശേഷം പുറത്തുവിട്ടത്.

**നീ**പ-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് റിസർച്ച് ആണ് പഠനം തയ്യാറാക്കിയത്. ഇതേ നീപയാണ് 1996 ൽ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി കേരളം വിദ്യാഭ്യാസരംഗത്ത് 18–ാം സ്ഥാനത്താണെന്ന് സർവ്വേ നടത്തി തെറ്റായ നിഗമനം അവതരിപ്പിച്ചത്.  വാസ്തവത്തിൽ, കേരളം പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് അന്ന് ഒന്നാം സ്ഥാനത്തായിരുന്നു. ധാരാളം പരിമിതികളുണ്ടായിരുന്നെങ്കിലും വളരെ ഭദ്രമായ ഒരു പൊതു വിദ്യാഭ്യാസ അടിത്തറ നമുക്കുണ്ടായിരുന്നു. അതിനെയെല്ലാം ലോകബാങ്കിന്റെ വിദ്യാഭ്യാസപദ്ധതി നടപ്പാക്കാനായിട്ടാണ് അവർ പൊളിച്ചെഴുതിയത്. പാഠ്യപദ്ധതിയിലും സിലബസിലും ബോധനസമ്പ്രദായങ്ങളിലും സമൂലമായ മാറ്റങ്ങൾ വരുത്തുകയും നേരിട്ടുള്ള ബോധനപ്രവർത്തനങ്ങൾ ഫലത്തിൽ നിരോധിക്കുകയും ചെയ്ത പരിഷ്കാരങ്ങളുടെ ഫലം വിനാശകരമായിരുന്നു.

വരാൻ പോകുന്ന വിനാശകരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് നമ്മുടെ പാർട്ടി എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) അന്നേ ചൂണ്ടിക്കാണിച്ചിരുന്നു.  പൊതുവിദ്യാലയങ്ങളുടെ സമ്പൂർണ്ണമായ തകർച്ചയും സ്വകാര്യവിദ്യാലയങ്ങളുടെ തകർച്ചയുമാണ് പദ്ധതിയുടെ നടത്തിപ്പുകാർ യഥാർത്ഥത്തിൽ ലക്ഷ്യമിടുന്നതെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഇന്നിതാ നടത്തിപ്പുകാർക്കുപോലും നിഷേധിക്കാനാവാത്ത വിധം പുറത്തുവന്നിരിക്കുന്നു വസ്തുതകൾ. കഴിഞ്ഞ വർഷമാണ് പാർലമെന്ററി വിദ്യാഭ്യാസ കാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രാഥമിക വിദ്യാലയത്തിലെ നിലവാരത്തകർച്ചയുടെ ഞെട്ടിക്കുന്ന കണക്കുകൾ പുറത്തുവിട്ടത്. 5–ാം ക്ലാസിലെ 53.2% കുട്ടികൾക്കും രണ്ടാം ക്ലാസിലെ പാഠപുസ്തകം വായിക്കാൻ കഴിയുന്നില്ലായെന്ന് കമ്മിറ്റി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. നാലാംക്ലാസിലെ 61.3% കുട്ടികൾക്കും ഒന്നാം ക്ലാസിലെ പാഠഭാഗങ്ങൾ വായിക്കാൻ കഴിയുന്നില്ല. 46.5% അഞ്ചാംക്ലാസ് കുട്ടികൾക്ക് രണ്ടക്കസംഖ്യകളും 5 ക്ലാസ്സിലെ 75.2% കുട്ടികൾക്ക് ഗുണനക്രിയകളും ചെയ്യാൻ അറിയില്ലായെന്നും പറയുന്നു. പരിഷ്കാരങ്ങൾ മുന്നേറുന്നതിനനുസരിച്ച് തകർച്ചയുടെ വ്യാപനം വർദ്ധിക്കുന്നുവെന്നാണിത് സൂചിപ്പിക്കുന്നത്. കേരളത്തിൽ മാത്രമല്ല പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയ എല്ലാ സംസ്ഥാനങ്ങളിലും വൻ തകർച്ചയാണ് നേരിടുന്നത്. അജ്ഞരും നിരക്ഷരരുമായ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം വർഷാവർഷം പെരുകി വരുന്നതായി എല്ലാ പഠനറിപ്പോർട്ടുകളും ചൂണ്ടിക്കാണിക്കുമ്പോഴും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുനർവിചിന്തനത്തിന് ഒരുങ്ങുന്നില്ലായെന്ന് മാത്രമല്ല പൂർവ്വാധികം ശക്തിയോടെ വികലമായ പാഠ്യപദ്ധതി നടപ്പാക്കുകയുമാണ്. സ്കൂൾ വിദ്യാഭ്യാസത്തിൽ അദ്ധ്യാപനത്തിന്റെയും അദ്ധ്യാപകന്റെയും പങ്ക് വെട്ടികുറച്ചത് നിഗൂഢമായ ലക്ഷ്യങ്ങളോടെയായിരുന്നു. ഓരോ ഘട്ടത്തിലും കുട്ടി ആർജ്ജിക്കേണ്ടുന്ന വിജ്ഞാനം നിഷേധിക്കുക എന്നതായിരുന്നു ലോകബാങ്കിന്റെ ഉദ്ദേശ്യം. അതിനാണവർ അദ്ധ്യാപകനെ കേവലം ഉപദേശകനാക്കി (Mentor)മാറ്റിയത്. പാഠപുസ്തകങ്ങളിലെ ഉള്ളടക്കം ചോർത്തിക്കളഞ്ഞത്.മൂല്യനിർണ്ണയം ഉദാരമാക്കി മാറ്റിയത്.ആൾ പ്രൊമോഷൻ സമ്പ്രദായം നിർബന്ധമാക്കി വിദ്യാഭ്യാസ അവകാശ നിയമം കൊണ്ടുവന്നത്. അതിന് വിദ്യാഭ്യാസലോകം കനത്ത വിലനൽകേണ്ടി വന്നിരിക്കുന്നു. 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകാൻ വിദ്യാഭ്യാസം മൗലികാവകാശമാക്കുന്നുവെന്നാണ് ഭരണാധികാരികൾ പറഞ്ഞുപരത്തിയത്. യഥാർത്ഥത്തിൽ ബോധനസമ്പ്രദായത്തെ വരെ മാറ്റിമറിച്ചുകൊണ്ട്, ലോകബാങ്കും ഡി.പി.ഇ.പി–എസ്.എസ്.എ പദ്ധതികളും എന്താണോ ലക്ഷ്യം വെച്ചത് അവയൊക്കെ ഭംഗിയായി നടപ്പാക്കാൻ നമ്മുടെ നിയമവ്യവസ്ഥയെത്തന്നെ പൊളിച്ചെഴുതി കൊടുക്കുകയാണ് കേന്ദ്ര-യു.പി.എ സർക്കാർ ചെയ്തത്. അവകാശനിയമപ്രകാരം വിദ്യാഭ്യാസ ചുമതല തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വാർഡുകൾക്കും പി.ടി.എകൾക്കുമാണ്. അങ്ങനെ സർക്കാർ, പൊതുവിദ്യാലയങ്ങളുടെ ചുമതല ഒഴിയുകയും അവ നാഥനില്ലാക്കളരിയായി മാറുകയും  ഓരോന്നായി അടച്ചുപൂട്ടുകയും ചെയ്യുന്നു.

### കേരളത്തിലെ 5137 സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണിയിൽ

കേരളത്തിലെ 17   അൺ ഇക്കണോമിക് സ്കൂളുകൾ  ഇതിനകം അടച്ചുപൂട്ടിക്കഴിഞ്ഞു. ഡി.പി.ഐയിൽ നിന്നും ആൾ ഇന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സമാഹരിച്ച 2012–2013 ലെ സ്കൂളുകളുടെ കണക്കുകൾ പ്രകാരം 5137 വിദ്യാലയങ്ങൾ  അനാദായകരമാണ് . അതായത് ഒരു ക്ലാസിൽ 25 ൽ താഴെ കുട്ടികളുള്ള വിദ്യാലയങ്ങളാണ് അനാദയകരമെന്ന ഗണത്തിൽ പെടുന്നത്. അതുപ്രകാരം 2413 സർക്കാർ സ്കൂളുകളും 2724 എയ്ഡഡ് വിദ്യാലയങ്ങളും അനാദായകരമാണ്. 50 താഴെ മാത്രം കുട്ടികളുള്ള വിദ്യാലയങ്ങളുടെ എണ്ണം 2577 എണ്ണമാണ്. ആറ് എൽ.പി സ്കൂളുകളിൽ കുട്ടികൾ ആരുമില്ല. നാല് സ്കൂളുകളിൽ ഓരോ കുട്ടികൾ വീതം. 10 കുട്ടികളിൽ താഴെയുള്ള ആകെ സ്കൂളുകൾ 109 എണ്ണം. കണ്ണൂർ ജില്ലയിലാണ് ഏറ്റവുമധികം കുട്ടികൾ കുറഞ്ഞ സ്കൂളുകൾ–731 എണ്ണം. പൊതുവിദ്യാലയങ്ങളുടെ ദയനീയമായ ഒരു രേഖാചിത്രമാണിത്.

എന്തുകൊണ്ട് ഈ സ്ഥിതിവിശേഷമുണ്ടായി? സമഗ്രമായ പരിശോധനക്ക് സംസ്ഥാനം മാറിമാറിഭരിച്ച എൽ.ഡി.എഫ്, യു.ഡി.എഫ് സർക്കാരുകൾ തയ്യാറാകുന്നില്ല. പൊതുവിദ്യാലയങ്ങളിലെ ഈ കുറവിന് കാരണം നിലവിലുള്ള പാഠ്യപദ്ധതിയും പരീക്ഷ സമ്പ്രദായവുമാണെന്ന കാര്യം പലവട്ടം ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടും ഫലപ്രദമായ ഒരു മാറ്റവും വരുത്താൻ തയ്യാറാകാത്തതുകൊണ്ടാണ് ഈ ദയനീയ സ്ഥിതിയുണ്ടായിരിക്കുന്നത്. പ്രാഥമിക ക്ലാസുകളിൽ കുട്ടികൾക്ക് ആവശ്യമായ ഭാഷാബോധനം നൽകുന്നില്ല. ഗണിതബോധനം കൃത്യമായി നൽകുന്നില്ല. മറ്റ് കഴിവുകളെക്കുറിച്ചാണ് വിദ്യാഭ്യാസ അധികൃതർ വീമ്പിളക്കുന്നത്. കുട്ടികൾ വരക്കുകയും കവിതകൾ രചിക്കുകയും ഗാനം ആലപിക്കുകയും മറ്റും ചെയ്യുന്നുണ്ടത്രെ! പക്ഷേ, അക്ഷരജ്ഞാനത്തിൽ പിന്നാക്കമാണ്. എന്നുവെച്ചാൽ അടിത്തറയുറക്കുന്നില്ലായെന്നല്ലേ അർത്ഥം? അൺ എക്കണോമിക് സ്കൂളുകളിൽ 90% വും പ്രൈമറി സ്കൂളുകളായതിന് പ്രധാനകാരണവും മറ്റൊന്നല്ല. അതുകൊണ്ടുതന്നെ ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണാൻ നിലവിലുള്ള പ്രവർത്തനാധിഷ്ഠിത ബോധനസമ്പ്രദായം പാടേ ഉപേക്ഷിച്ച് ശാസ്ത്രീയവും കുറ്റമറ്റതുമായ ബോധനസമ്പ്രദായം ആവിഷ്കരിക്കുന്നതിലൂടെ മാത്രമേ കഴിയൂ. പരീക്ഷകൾ അക്കാദമികമായി നടത്താനും മൂല്യനിർണ്ണയത്തിലെ ഉദാരമായ സമീപനം അവസാനിപ്പിക്കാനും സർക്കാർ തയ്യാറാവണം. ജയവും തോൽവിയും നിർത്തലാക്കിയ വിദ്യാഭ്യാസ അവകാശ നിയമം പൊളിച്ചെഴുതണം. ബോധനം ക്ലാസുമുറികളിൽ പുനഃസ്ഥാപിക്കണം. അദ്ധ്യാപകന്റെ സ്ഥാനവും വീണ്ടെടുക്കാൻ കഴിയണം. ഇതൊക്കെ ഇന്നത്തെ നിലവാര തകർച്ചയിൽ നിന്ന് പൊതുവിദ്യാഭ്യാസത്തെയും വിദ്യാലയങ്ങളെയും രക്ഷിക്കാൻ ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളാണ്.

### അട്ടക്കുളങ്ങര സെൻട്രൽ സ്കൂൾ വാണിജ്യസമുച്ചയം പണിയാൻ കൈയേറുന്നു.

പക്ഷേ  സംസ്ഥാന സർക്കാർ പൊതുവിദ്യാലയങ്ങൾ ഓരോന്നായി താഴിട്ടുപൂട്ടുകയാണ്. തിരുവനന്തപുരത്തെ ഏറ്റവും പ്രസിദ്ധമായ അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂൾ വാണിജ്യസമുച്ചയം പണിയാൻ ട്രിഡയ്ക്ക് കൈമാറിയിരിക്കുന്നു.

1889–ൽ തിരുവിതാംകൂർ മഹാരാജാവ് വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കാനായി പതിച്ചു നൽകിയ തിരുവനന്തപുരം താലൂക്കിലെ മണക്കാട് വില്ലേജിലെ കിഴക്കേകോട്ടയിലെ ഭൂമിയിലാണ് ഒരു കാലത്ത് തലസ്ഥാനത്തെ ഏറ്റവും അഭിമാന വിദ്യാലയമായി മാറിയ അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂൾ സ്ഥാപിതമാകുന്നത്. മഹാകവി ഉള്ളൂർ പരമേശ്വരയ്യർ ഈ സ്കൂളിലെ പ്രഥമാധ്യാപകനായിരുന്നു. സഹോദരൻ അയ്യപ്പൻ, പട്ടം താണുപിള്ള തുടങ്ങിയ എത്രയോ മഹാരഥന്മാർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത വിദ്യാലയം. പൂർവ്വ സ്മരണകൾ ഉണർത്തിവിടുന്ന ഗൃഹാതുരത്വം പൂർവ്വവിദ്യാർത്ഥികളെ  ഈ സ്കൂളിന്റെ ഹൃദയത്തോട് അടുത്തു നിർത്തുന്നുണ്ട്. ആ വൈകാരികത പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയിലേക്കു നയിച്ചു. സ്കൂൾ സംരക്ഷണ സമിതി രൂപം കൊള്ളുന്നതും അങ്ങനെയാണ്. സ്കൂൾ നിലനിർത്തണമെന്ന ആവശ്യം ഒരു മുദ്രാവാക്യമായി  ഉയർന്നു വന്നിട്ടുമുണ്ട്.

3.5.2013–ലെ സർക്കാർ ഉത്തരവ് (ചീ.182/2013/റവന്യൂ) പ്രകാരമാണ് സ്കൂളിന്റെ അധീനതയിലുള്ള  2 ഏക്കർ ഭൂമി ട്രിഡയ്ക്കു കൈമാറാനുള്ള അനുമതി നൽകുന്നത്. “1995 -ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 21(11) പ്രകാരം സർക്കാറിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചുകൊണ്ട് തിരുവനന്തപുരം താലൂക്കിലെ മണക്കാട് വില്ലേജിൽ അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂളിന്റെ കൈവശമുള്ളതും സർവ്വേ നമ്പരുകൾ 2, 3, 4, 8, 9, 10, 11, 12, 13, 15, 38 എന്നിവയിൽ ഉൾപ്പെട്ടതുമായ 5.5 ഏക്കർ ഭൂമിയിൽ നിന്നും 2 ഏക്കർ ഭൂമി സെന്റ് ഒന്നിന് പ്രതിവർഷം 100 രൂപ പാട്ടനിരക്കിൽ 30 വർഷത്തേക്കു തിരുവനന്തപുരം ഡെവലപ്പ്മെന്റ് അതോറിട്ടിക്കു മൊബിലിറ്റി ഹബ്ബും ബസ്-ബേയും നിർമ്മിയ്ക്കാനായി അനുവദിച്ചു നൽകുന്നു” എന്നാണ് ഉത്തരവിൽ പറയുന്നത്. ആ ഭൂമിയ്ക്കു 16 കോടി 25 ലക്ഷം രൂപ കമ്പോളവില നിശ്ചയിക്കാവുന്നതാണെന്നും ഉത്തരവിലുണ്ട്. യഥാർത്ഥ വിലയതല്ല. എങ്കിലും, ചുരുങ്ങിയത് 16 കോടി വിലമതിക്കുന്ന ഭൂമി 100 രൂപ പാട്ടനിരക്കിൽ വാണിജ്യ സമുച്ചയം പണിയാൻ വിട്ടുകൊടുക്കുന്നത് എത്ര വലിയ അന്യായമാണ്! ബസ്-ബേയിൽ 24 ബസ്സുകളാണ് പാർക്ക് ചെയ്യാൻ പറ്റുന്നത്. അതിലൂടെ നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ പോകുന്നില്ലായെന്നത് വേറെ കാര്യം.

### സ്കൂൾ സംരക്ഷണ പ്രസ്ഥാനം രൂപപ്പെടുന്നു

എന്നാൽ, ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഒരു നാടിന്റെ വിദ്യാലയ വികസനത്തെക്കാൾ വലുതാണോ റോഡ് വികസനവും വാണിജ്യ വികസനവുമെന്നതാണ്. സ്കൂളിന്റെ ചെലവിലേ റോഡ് വികസിപ്പിക്കാൻ കഴിയൂ എന്ന സ്ഥിതി അവിടെ നിലവിലില്ലായെന്നതും കണക്കിലെടുക്കേണ്ട വസ്തുതയാണ്. അഥവാ അങ്ങനെയൊരു സ്ഥിതിയുണ്ടായാൽപ്പോലും പ്രഥമ പരിഗണനയേതിന് എന്ന ചോദ്യമുണ്ട്. ശതാബ്ദി പൂർത്തിയാക്കിയ ഒരു മഹാവിദ്യാലയത്തെ അനാകർഷകമാക്കി, സർക്കാർ ഭാഷയിൽ പറഞ്ഞാൽ അനാദായകരമാക്കി മാറ്റിയതിന് ശേഷം അതിന്റെ ഭൂമി വാണിജ്യാവശ്യങ്ങൾക്ക് കൈമാറുന്നതിനെ എങ്ങനെ ന്യായീകരിക്കാനാവും? എന്തുകൊണ്ട് വിദ്യാലയവികസനത്തെക്കുറിച്ച് സർക്കാർ ചിന്തിക്കുന്നില്ല. തിരുവനന്തപുരം നഗരഹൃദയത്തിൽ ഏറ്റവും അനുയോജ്യമായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്കൂളാണ് അട്ടക്കുളങ്ങര സെൻട്രൽ സ്കൂൾ. ഒരുകാലത്ത് മൂവായിരത്തോളം വിദ്യാർഥികൾ ഈ സ്കൂളിൽ പഠിച്ചിരുന്നു. എസ്.എസ്.എൽ.സിയ്ക്ക് ഒന്നാം റാങ്ക് നേടുക എന്നത് അത്യപൂർവ്വമായി മാത്രം സംഭവിച്ചിരുന്ന ഒരു കാലഘട്ടത്തിൽ, 1971–ൽ ഒന്നാം റാങ്കുകാരനെ സംഭാവന ചെയ്ത സ്കൂളാണിത്. അന്നത്തെ ഒന്നാം റാങ്കുകാരൻ ഇപ്പോൾ യു.എസ്സിൽ ഡോക്ടറാണ്. ഡോ. സുബ്രഹ്മണി. എല്ലാദിവസവും സ്കൂളിന്റെ ഭാവിയെക്കുറിച്ച് ആശങ്കകൾ പങ്കുവയ്ക്കുകയും സ്കൂൾ സംരക്ഷണത്തിനായി യത്നിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പൂർവ്വവിദ്യാർത്ഥിയാണ് അദ്ദേഹം.

അടുത്തകാലംവരേയും നല്ല റിസൽട്ട് സൃഷ്ടിക്കാൻ കഴിഞ്ഞിരുന്ന സ്കൂൾ സർക്കാറിന്റെ പിൽക്കാല നയങ്ങൾ മൂലമാണ് നിലവാരത്തകർച്ചയെ നേരിട്ടത്. പാഠ്യപദ്ധതിയിലും പഠനസമ്പ്രദായങ്ങളിലും മാറ്റം വരുത്തുകയും അധ്യാപനനിലവാരം ഉയർത്താൻ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ചെയ്തതു വഴി വിദ്യാർഥികളെ മറ്റ് സ്കൂളുകളിലേക്കു കൊണ്ടു പോകാൻ രക്ഷിതാക്കൾ നിർബന്ധിതരാവുകയായിരുന്നു. അതോടെ, റിയൽ എസ്റ്റേറ്റ് മാഫിയ സ്കൂൾ സ്ഥിതിചെയ്യുന്ന കണ്ണായ ഭൂമിയിൽ കണ്ണ് വെച്ചു. അതിമനോഹരമായ പൂന്തോട്ടമുണ്ടായിരുന്ന സ്കൂൾ അങ്കണത്തിൽ നിന്ന് പൂന്തോട്ടം ആദ്യം അപ്രത്യക്ഷമായി. ഒരു ഭാഗം മുഴുവൻ കാട് കയറി. കുട്ടികളുടെ എണ്ണം കുറഞ്ഞു(ച്ചു).

പഴകിയ കെട്ടിടങ്ങളെ അധികാരികൾ കണ്ടില്ലെന്ന് നടിച്ചു. ഡി.പി.ഇ.പിയുടെയും എസ്.എസ്.എയുടെയും കോടികൾ ഒഴുകിയെങ്കിലും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പോ, സ്കൂളധികൃതരോ യാതൊരു നടപടിയുമെടുത്തില്ല. ‘സ്കൂൾ പരിസരം ഒരു ഭാർഗ്ഗവീനിലയം പോലെ നിഗൂഢമേഖലയായി നിശബ്ദം നിലകൊണ്ടു. സ്കൂൾ ഗേറ്റ് സാമൂഹിക വിരുദ്ധർ തകർത്തപ്പോഴും രാത്രിയിൽ സ്കൂൾ അങ്കണം അനാശാസ്യകേന്ദ്രമായപ്പോഴും തടയാൻ അധികാരികൾ അറച്ചുനിന്നു. അധികാരികൾക്കു ആവശ്യം ന്യായങ്ങളായിരുന്നു. തനിയ്ക്കാകണമെങ്കിൽ ഏതു വസ്തുവിനെയും ആദ്യം കുറെ വെടക്കാക്കണമല്ലോ. അതിനവർ വിട്ടുകൊടുത്തത് നഗരത്തിന്റെ ഹരിതശ്വാസകോശമാണെന്ന് അധികമാരും ശ്രദ്ധിച്ചില്ല. എത്രയോ ജൈവവൈവിധ്യമാർന്ന മര

(ശേഷം 5–ാം പേജിൽ)

## പൊതുവിദ്യാഭ്യാസ മേഖല സമ്പൂർണ്ണ തകർച്ചയുടെ വക്കിൽ

# ശാസ്ത്രമാനവീക ബിരുദങ്ങൾക്ക് പകരം ബിവോക്

## (ബാച്ചിലർ ഓഫ് വൊക്കേഷൻ)

*(4-ാം പേജിൽ നിന്ന്)*

ങ്ങൾ തണലായി നിൽപ്പുണ്ട് ഇന്നും ആ സ്കൂളിൽ.

എല്ലാം നഷ്ടപ്പെടാൻ പോകുന്നു. കുട്ടികൾക്കു പഠിയ്ക്കാൻ പൊതുവിദ്യാലയങ്ങൾ ഇല്ലാതെ നെട്ടോട്ടമോടുന്ന ഇക്കാലത്ത് ചെറിയശ്രദ്ധ നൽകിയിരുന്നുവെങ്കിൽ ഇതിനകം തിരുവനന്തപുരത്തെ ഏറ്റവും വലിയ സ്കൂളായി സെൻട്രൽ സ്കൂൾ മാറുമായിരുന്നുവെന്ന് 40 വർഷം സ്കൂളിലെ അധ്യാപികയായിരുന്ന ലളിത ടീച്ചർ സങ്കടത്തോടെ പറയുന്നു. സ്കൂൾ ഇല്ലാതാവുന്നതിനെക്കുറിച്ച് അവർക്ക് ചിന്തിയ്ക്കാൻ പോലും കഴിയുന്നില്ല. ടീച്ചറുടെ മകൾ ഗോമതി, ഒരു വലിയ സർക്കാരുദ്യോഗസ്ഥയാണ്. രാവും പകലും സ്കൂൾ സംരക്ഷണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ്. 'ട്രിഡ' കൊണ്ടുവരാൻ പോകുന്ന ജെ.സി.ബി ദുഃസ്വപ്നമായി ഉറക്കം കെടുത്തുന്നുണ്ട്. അതെല്ലാം അവരുടെ വൈകാരിക പ്രശ്നമായി കണ്ട് തള്ളിയാലും സ്കൂൾ എന്ന ആവശ്യത്തെ തള്ളാനാവുമോ? മെച്ചപ്പെട്ട വിദ്യാഭ്യാസം കൊടുത്താൽ, ഏറ്റവും ചുരുങ്ങിയ ഭൗതിക സാഹചര്യങ്ങൾ പ്രദാനം ചെയ്താൽ ഒരൊറ്റ വർഷം കൊണ്ട് അയ്യായിരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനമാക്കി സെൻട്രൽ സ്കൂളിനെ ഉയർത്താൻ കഴിയുമെന്ന് പൂർവ്വ വിദ്യാർത്ഥികൾ ഏകസ്വരത്തിൽപ്പറയുന്നു. സാമൂഹിക വിരുദ്ധർ തകർത്ത സ്കൂൾ ഗേറ്റ് പൂർവ്വ വിദ്യാർത്ഥികളും പരിസ്ഥിതി പ്രവർത്തകരും വിദ്യാഭ്യാസ സ്നേഹികളും രക്ഷിതാക്കളും ചേർന്ന് പണപ്പിരിവ് നടത്തി പുനഃസ്ഥാപിച്ചത് കഴിഞ്ഞ മാസമാണ്. കുട്ടികൾക്ക് പ്രത്യേക ക്ലാസ്-പരിഹാരബോധനം- നൽകാനും പൂർവ്വ വിദ്യാർത്ഥികൾ മുന്നോട്ടു വന്നിട്ടുണ്ട്. സ്കൂൾ സംരക്ഷണ സമിതിയും 'ട്രീവാക്കും' സംയുക്തമായി സംഘടിപ്പിച്ച പ്രതിജ്ഞാ സംഗമത്തിൽ പ്രസിദ്ധ ശിൽപികാനായി കുഞ്ഞിരാമൻ, വിദ്യാഭ്യാസ പ്രവർത്തകൻ അച്യുത്ശങ്കർ, സാഹിത്യകാരൻ നീലാപത്മനാഭൻ തുടങ്ങിയവരൊക്കെ സംബന്ധിക്കുകയുണ്ടായി.

പക്ഷേ, അധികാരികളുടെ കണ്ണ് തുറക്കുന്നില്ല. ഈ അധ്യയന വർഷം പുതുതായി സ്കൂളിൽ ചേരാൻ വരുന്ന കുട്ടികളെയും രക്ഷിതാക്കളെയും ചില നിക്ഷിപ്ത കേന്ദ്രങ്ങളിൽപ്പെട്ടവർ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതാണ് കാണുന്നത്. പലരും മടങ്ങിപ്പോയി. കുട്ടികളുടെ എണ്ണം വർധിപ്പിക്കാൻ അധികാരികളും കച്ചവടക്കാരും സമ്മതിക്കുന്നില്ല. ഈ സ്കൂൾ ഇടിച്ചു നിരത്താൻ പോകുന്നുവെന്ന പ്രചാരണം ആസൂത്രിതമായി നടക്കുന്നു. മരങ്ങൾ മുറിയ്ക്കാൻ ഇതിനകം മഞ്ഞയടിച്ച് നമ്പറിട്ടു കഴിഞ്ഞു.

### വിദ്യാലയ ഭൂമി വാണിജ്യാവശ്യങ്ങൾക്ക് കൈമാറുന്നത് ശരിയോ?

അതാലോചിക്കുക. എന്തായാലും പൂർവ്വ വിദ്യാർത്ഥികളും വിദ്യാഭ്യാസ പ്രവർത്തകരുമുൾപ്പെടുന്ന സംഘം മുന്നോട്ട് നീങ്ങുകയാണ്. വൈവിധ്യമാർന്ന പ്രതിഷേധ പരിപാടികൾ നടത്തിക്കൊണ്ട്, ചോദ്യങ്ങൾ പല രൂപങ്ങളിൽ അവതരിപ്പിച്ചുകൊണ്ട് അതിലൊന്ന് സ്കൂളിന്റെ അധീനതയിലുള്ള ഭൂമി വിദ്യാഭ്യാസവകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന ഭൂമിയാണ്, അത് വാണിജ്യാവശ്യങ്ങൾക്ക് കൈമാറാവുന്നതാണോ എന്നതാണ്. ആ ചോദ്യം ഉന്നയിച്ചത് 24.12.2011ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ തന്നെയാണ്. ആ കത്ത് ഗവണ്മെന്റ് സെക്രട്ടറിക്ക് കൈമാറി. പക്ഷേ, അതിനുള്ള ഉത്തരം പിന്നീട് എവിടെയും രേഖപ്പെടുത്തി കാണുന്നില്ല. പകരം, നടപടികളുമായി മുന്നോട്ടു നീങ്ങാനുള്ള ഗ്രീൻ സിഗ്നലാണ് പൊതുവിദ്യാഭ്യാസ വകുപ്പും ലാന്റ് റവന്യു കമ്മീഷണറും ജില്ലാ കളക്ടറും മറ്റുമൊക്കെ നൽകിയിരിക്കുന്നത്. ഏറ്റവുമൊടുവിൽ 25.3.2013ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട മറ്റ് മന്ത്രിമാർ യോഗം ചേർന്ന് രാഷ്ട്രീയാംഗീകാരം നൽകിയതോടെ സ്കൂളിന്റെ കഥ കഴിയ്ക്കാൻ ഉദ്യോഗസ്ഥ പ്രമാണിമാർക്കും ട്രിഡയ്ക്കും ധൈര്യമായി. അങ്ങനെയാണ് അവർ മഴുവുമായി മരം മുറിക്കാൻ വന്നിട്ടുള്ളത്. ജനങ്ങളുടെ എതിർപ്പു മൂലം തൽക്കാലം പിന്മാറിയെങ്കിലും ഇരുട്ടിന്റെ മറയിൽ, കോഴിക്കോട് മലാപ്പറമ്പ് സ്കൂൾ ഇടിച്ചു നിരത്തിയതുപോലെ ഒരു ബുൾഡോസർ പരാക്രമം ഉണ്ടാവാം. അതിനെ എങ്ങനെ ചെറുക്കുമെന്ന ആലോചനയും ശക്തമായി നടന്നു വരുന്നു. എന്തായാലും, കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട പ്രശ്നമെന്ന നിലയിൽ സമൂഹം ഇതിൽ ഇടപെടുക തന്നെ വേണം.

സർക്കാർ പിന്മാറുന്ന ഘട്ടത്തിൽ കോർപ്പറേറ്റുകൾ വിദ്യാഭ്യാസ മേഖല കീഴടക്കുന്നതാണ് എല്ലാ ലാറ്റിൻ അമേരിക്കൻ നാടുകളിലും ഉണ്ടായ അനുഭവം. ബഹുരാഷ്ട്രകമ്പനികൾ ഭൂമി അന്വേഷിച്ച് നടക്കുകയാണ്, വിദ്യാലയം നടത്താൻ. സൂപ്പർ ബസാറുകൾ നടത്തി വിപണിയെ കൊഴുപ്പിച്ചു പാരമ്പര്യമുള്ള മൂലധന ശക്തികൾ കേരളത്തെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യ കേന്ദ്രമായി കണ്ട് പണമിറക്കാൻ റെഡിയായി നിൽക്കുമ്പോൾ വിശേഷിച്ചും സൂക്ഷിക്കണം.

### പൊതുവിദ്യാലയങ്ങളെ ആരു രക്ഷിക്കും?

"നിങ്ങളുടെ സ്വന്തം ഭൂമിയിൽ സ്കൂൾ തുടങ്ങുവാൻ താൽപ്പര്യമുണ്ടോ?" കഴിഞ്ഞ വർഷം മലയാള പത്രങ്ങളിൽ വന്ന ഒരു പരസ്യത്തിന്റെ തലക്കെട്ടാണിത്. എവറോൺ എജ്യുക്കേഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് പരസ്യം നൽകിയത്. കെൻ ബ്രിഡ്ജ് സ്കൂൾസ് (Ken Bridge Schools) എന്നതാണ് ഗ്രൂപ്പിന്റെ പേര്. കേംബ്രിഡ്ജ് സ്കൂൾ എന്ന തെറ്റിദ്ധാരണയുണ്ടാകാൻ സാധ്യതയുണ്ട്. എന്തായാലും 'കെൻ ബ്രിഡ്ജ് സ്കൂൾ' എന്ന ഭൂവുടമ പങ്കാളിത്ത പരിപാടി സംസ്ഥാനത്ത് ഭൂവുടമകളുമായി ചേർന്ന് വിദ്യാഭ്യാസക്കച്ചവടത്തിന്റെ നൂതന സാധ്യതകൾ വെട്ടിത്തുറക്കാനുള്ള പരിശ്രമങ്ങൾ നടത്തി വരികയാണ്. വിദ്യാഭ്യാസ വാണിജ്യത്തിന് കേരളം പോലെ വളക്കൂറുള്ള മണ്ണ് ഇന്ത്യയിൽ വേറെ ഇല്ല എന്ന തിരിച്ചറിഞ്ഞ് തന്നെയാണ് വരവ്. പ്രത്യേകം ശ്രദ്ധിക്കുക, പൊതുവിദ്യാലയങ്ങളുടെ മരണമണി മുഴങ്ങുമ്പോഴാണ് കെൻ ബ്രിഡ്ജ് സ്കൂൾ രംഗപ്രവേശം ചെയ്യുന്നത്. പുത്തൻ മണി മുഴക്കം ഭൂലോക കുത്തകകൾക്കു വേണ്ടിത്തന്നെയാണല്ലോ.

കോട്ടും സ്യൂട്ടും ടൈയും കെട്ടിയ കുട്ടികൾ നിരനിരയായി, അച്ചടക്കത്തോടെ എ. സി. വാഹനങ്ങളിൽ വന്നിറങ്ങുന്ന 'ഇന്റർനാഷണൽ സ്കൂളുകളുടെ' കാലമാണിത്. വിശേഷപ്പെട്ട വിഭവങ്ങൾ സ്കൂളിനോട് ചേർന്ന എ.സി റസ്റ്റോറന്റുകളിൽ വിളമ്പികൊടുക്കാൻ സംവിധാനമുള്ള ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒരു മാസത്തെ ഫീസ് ഒരു ലക്ഷം രൂപയാണ്. വിശേഷ സൗകര്യങ്ങൾക്ക് പ്രത്യേക ഫീസുകൾ വേറെ വാങ്ങുന്നുണ്ട്. ഒരേയൊരു പ്രവേശനമാന ദണ്ഡം: പണം. കുബേര കുലജാതരായവർക്ക് പഠിയ്ക്കാൻ എല്ലാ ആധുനിക സൗകര്യങ്ങളുമടങ്ങിയ മഹാമന്ദിരങ്ങൾ പണിത് മറ്റൊരു ലോകം നിർമ്മിക്കുകയാണ് മൂലധനമിട്ട് അമ്മാനമാടുന്നവർ. ആ മായാലോകത്തേക്ക് കുരുന്നുകളെ ആനയിക്കുന്നവർ, ആകാംക്ഷാഭരിതരായി സ്കൂൾ വാതിൽ കടന്ന് വരുന്ന കുട്ടികൾക്ക് സമ്മാനിക്കുന്നതെന്ത്? ആർഭാടപൂർണ്ണമായ സ്കൂൾ ജീവിതം. സുഖലോലുപരായ ഒരു തലമുറയെ വളർത്തിയെടുക്കുന്ന അവർ 'സ്കൂൾ' എന്ന സങ്കൽപ്പത്തെത്തന്നെ മാറ്റിമറിക്കുന്നു.

അട്ടക്കുളങ്ങര സെൻട്രൽ സ്കൂൾ നിലനിൽപ്പിനായി കേഴുമ്പോഴാണ് മൂന്ന് കിലോമീറ്ററുകൾക്കപ്പുറം ഇന്റർനാഷണൽ സ്കൂളിൽ ഈ പളപളപ്പ്. എന്തുകൊണ്ടാണ് ഈ വൈരുധ്യം? സർക്കാർ ഖജനാവിൽ നിന്ന് പണം മുടക്കിയാലേ സാധാരണ ജനങ്ങൾക്കു വേണ്ടിയുള്ള പൊതു സ്കൂൾ നിലനിൽക്കൂ. സ്വാശ്രയ-അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് സർക്കാറിന്റെ കാൽക്കാശ് ആവശ്യമില്ല. ക്ഷയോന്മുഖമായ വിദ്യാലയങ്ങൾ കോർപ്പറേറ്റുകൾക്കു കൈമാറിയാൽ അതും ലാഭം. പിന്നെ വിദ്യാഭ്യാസം, അത് സർക്കാറിന്റെ അവസാനത്തെ പരിഗണനയിലേ വരുന്നുള്ളൂ. വിദ്യാഭ്യാസ അവകാശമൊക്കെ പ്രസംഗവേദിയിലെ വെടിമരുന്നുകൾ മാത്രം.

ഈ അധ്യയനവർഷം വിദ്യാഭ്യാസ അവകാശമല്ല നടപ്പാകുന്നത്, മാനേജ്മെന്റുകളുടെ വിശേഷാവകാശമാണ്. വിദ്യാർത്ഥി പ്രവേശത്തിന് ഓരോ സ്കൂൾ മാനേജ്മെന്റും തരാതരം കോഴ വാങ്ങുകയുണ്ടായി. ഒരു അവകാശ നിയമവും എങ്ങും നടപ്പായിക്കണ്ടില്ല. എന്തിനേറെ, അൺഎയ്ഡഡ് സ്ഥാപനങ്ങൾ മാത്രമല്ല, എയ്ഡഡ് സ്കൂളുകളും അഡ്മിഷൻ സമയത്ത് പ്രത്യേക ഫണ്ട് വാങ്ങുകയാണ്. അയ്യായിരം മുതൽ അമ്പതിനായിരം വരെ വാങ്ങിയ സ്കൂളുകൾ എല്ലാ ജില്ലകളിലുമുണ്ട്. അതിനും മുകളിൽ കോഴ വാങ്ങുന്ന വലിയ സ്കൂളുകൾ വേറെയുണ്ട്. തടയാനാരുമില്ല. എല്ലാം നാട്ടുനടപ്പുപോലെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ വിദ്യാഭ്യാസക്കച്ചവടം പൊടിപൊടിക്കുമ്പോൾ, 25 ശതമാനം സീറ്റുകൾ സ്വകാര്യവിദ്യാലയങ്ങളിൽ സംവരണം ചെയ്താൽ സാമൂഹിക നീതിയായെന്നും അതാണ് വിദ്യാഭ്യാസ അവകാശമെന്നും പറഞ്ഞ് വിശ്വസിപ്പിക്കുന്നതിൽ വിജയിച്ച മാനവവിഭവ വികസന മന്ത്രാലയ വിദഗ്ധരുടെ സിദ്ധി അപാരം തന്നെ. ന്യൂനപക്ഷ വിദ്യാലയങ്ങളെ സുപ്രീംകോടതി വിദ്യാഭ്യാസ അവകാശനിയമത്തിന്റെ സംവരണ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയതോടെ കേരളത്തിൽ കാര്യങ്ങൾ എല്ലാം പഴയപടിയാവുകയും ചെയ്തു. ഭൂരിപക്ഷം സ്വാശ്രയ അൺഎയ്ഡഡ് സ്കൂളുകളും 'ന്യൂനപക്ഷപദവി' നേടി വിശുദ്ധ സംവർഗ്ഗമായി ഇതിനകം മാറിക്കഴിയുകയും ചെയ്തു. എന്തായാലും, പൊതുവിദ്യാലയങ്ങളെ നിലനിർത്താൻ അതിശക്തമായ ജനകീയ സമ്മർദ്ദം ഉണ്ടായി വരുന്നില്ലെങ്കിൽ കേരളത്തിൽ അവശേഷിക്കുന്ന വിദ്യാലയ വാതിലുകളും വൈകാതെ താഴിട്ടു പൂട്ടുന്നതിന് സാക്ഷ്യം വഹിക്കേണ്ടി വരും.

### ഉന്നതവിദ്യാഭ്യാസരംഗം റൂസ കീഴടക്കുന്നു.

പൊതുവിദ്യാലയങ്ങളുടെ സമ്പൂർണ്ണ നാശം ഉറപ്പാക്കിയ കേന്ദ്രസർക്കാർ ഇപ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണത്തിനായി ലോകബാങ്കിന്റെ റൂസ-രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ നടപ്പാക്കുകയാണ്. 98,983,000 കോടി രൂപയുടെ പ്രോജക്ടാണ് റൂസ. ഉന്നതവിദ്യാഭ്യാസ മേഖലയുടെ എല്ലാ കവാടങ്ങളും ദേശീയ അന്തർദ്ദേശീയ മൂലധന ശക്തികൾക്കായി തുറന്നുകൊടുക്കുക എന്നതാണ് റൂസ പദ്ധതിയുടെ ആദ്യപടി. വിദേശനിക്ഷേപം എല്ലാ രംഗത്തും ഉറപ്പാക്കിക്കൊണ്ട് വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വത്തിൽ നിന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തുന്ന പിന്മാറ്റം സമയബന്ധിതമായി പൂർത്തീകരിക്കാനാണ് റൂസ കടന്നുവരുന്നത്. 12,13 പഞ്ചവത്സരപദ്ധതിക്കാലം കൊണ്ട് ഈ പരിവർത്തനങ്ങൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന മിഷൻ മോഡിലുള്ള പ്രോജക്ടിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഒപ്പുവെച്ച് കഴിഞ്ഞു. ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനാപരമായ പൊളിച്ചെഴുത്തിനായി റൂസ ആദ്യം തന്നെ കൈവച്ചിരിക്കുന്നത് സർവ്വകലാശാലകൾക്കുമേലാണ്. സർവ്വകലാശാലകളും കോളേജുകളും തമ്മിലുള്ള ബന്ധം വിച്ഛേദിക്കണമെന്ന് റൂസ ആവശ്യപ്പെടുന്നു. അഫിലിയേഷൻ സമ്പ്രദായം തന്നെ അവസാനിപ്പിക്കണമെന്നും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക്, അതായത് കോളേജുകൾക്ക് പൂർണ്ണ സ്വയംഭരണം അനുവദിക്കണമെന്നും അവ നടപ്പാക്കുന്ന സർവ്വകലാശാലകൾക്കും കോളേജുകൾക്കും മാത്രമേ ഫണ്ട് നൽകൂയെന്നും പദ്ധതിരേഖകൾ വെട്ടിത്തുറന്ന് പറയുന്നു.

സർവ്വകലാശാല സങ്കൽപ്പത്തെ കുഴിച്ചുമൂടാനാണ് അഫിലിയേഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് സാമ്രാജ്യത്വ ഏജൻസികൾ എപ്പോഴും ആവശ്യപ്പെടുന്നത്. വിദേശ മൂലധന ശക്തികൾക്ക് താല്പര്യമുള്ള വ്യാവസായികാധിഷ്ഠിത കോഴ്സുകളും സ്ഥാപനങ്ങളും ആരംഭിക്കണമെങ്കിൽ സർവ്വകലാശാലകൾ ഇല്ലാതാവണം. ആഗോളവിദ്യാഭ്യാസ കച്ചവടത്തിന്റെ കേന്ദ്രങ്ങളിൽ ഒന്നായി ഇന്ത്യയെ മാറ്റിത്തീർക്കാനായി കടന്നുവരുന്നവർക്ക് നമ്മുടെ നാട്ടിലെ അഫിലിയേഷൻ സമ്പ്രദായം തടസ്സമായതിനാലാണ് അവർ ഉന്നത വിദ്യാകേന്ദ്രങ്ങളുടെ സ്വയംഭരണാവകാശങ്ങളെക്കുറിച്ച് സംസാരിക്കുന്നത്. ആഗോളതലത്തിൽ വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിന് ആക്കം കൂട്ടിയ 1998 ലെ പാരീസ് ഉന്നതവിദ്യാഭ്യാസ സമ്മേളനത്തിന്റെയും ഗാട്സ് കരാറിന്റെയും മറ്റുമെല്ലാം തുടർച്ചയായാണ് ലോകബാങ്ക് നേരിട്ട് നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പൊളിച്ചെഴുത്തുകൾക്ക് നേതൃത്വം കൊടുക്കുന്നത്.

### ശാസ്ത്രമാനവീക ബിരുദങ്ങൾക്ക് പകരം ബിവോക്(ബാച്ചിലർ ഒഫ് വൊക്കേഷൻ)

ഘടന അടിമുടി ഉടച്ചുവാർക്കുന്ന ഉന്നത വിദ്യാഭ്യാസപരിഷ്കാരങ്ങൾ ഉള്ളടക്കത്തിലും കാതലായ പൊളിച്ചെഴുത്തുകളാണ് നിർദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിൽ നടക്കേണ്ട ഗവേഷണ പ്രവർത്തനങ്ങൾ, ദാർശനിക പഠനം, സാഹിത്യപഠനം എന്നിവയൊക്കെ പൂർണ്ണമായും നിർത്തലാക്കുകയാണ്. പകരം തൊഴിൽരംഗത്തെ ആധുനിക വൈദഗ്ദ്ധ്യം വിതരണം ചെയ്യാൻ ബിരുദ കോളേജുകൾ എന്ന സങ്കല്പമാണ് റൂസ മുന്നോട്ടുവെയ്ക്കുന്നത്. റൂസ മാർഗ്ഗരേഖയിൽ പറയുന്നു: ആഗോളമാർക്കറ്റിലേക്ക് ആധുനിക തൊഴിൽ വൈദഗ്ധ്യം ആർജ്ജിച്ചവരെ ആവശ്യമുണ്ട്. പുതിയ സ്വയംഭരണ കോളേജുകളിലൂടെ ഈ വൈദഗ്ധ്യമുള്ളവരെ ഉല്പാദിപ്പിക്കാനാവുമെന്ന് പറയുന്നു. അപ്പോൾ ശാസ്ത്ര മതേതര മാനവീക വിദ്യാഭ്യാസത്തിന്റെ ഉന്നതകേന്ദ്രങ്ങളായി നിലകൊള്ളേണ്ട സർവ്വകലാശാലകളുടെ സ്ഥാനത്ത് ആധുനിക പണിശാലകളിലേക്ക് ആവശ്യമായ വിദഗ്ധ തൊഴിലാളികളെ വാർത്തെടുക്കാനുള്ള കോഴ്സുകളും പഠനങ്ങളും വിതരണം ചെയ്യുന്ന ഷോപ്പിങ് ശാലകളായി പുതിയ സർവ്വകലാശാലകൾ മാറുമെന്നർത്ഥം. ബി.എ, ബി.എസ്.സി കോഴ്സുകൾ എന്നിവയുടെ സ്ഥാനത്ത് ബിവോക് കോഴ്സുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

എന്തൊക്കെയാണ് ബിവോക് കോഴ്സുകൾ? ആട്ടോ മൊബൈൽസ്, മാർക്കറ്റിംഗ്, കൃഷി, കെട്ടിടനിർമ്മാണം, ടൂറിസം, പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ്, ഫാഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾ ഇവയിൽ ചിലതു മാത്രം. ഫിസിക്സ് , കെമിസ്ട്രി, ബയോകെമിസ്ട്രി, സോഷ്യോളജി, ചരിത്രം, ധനതത്വശാസ്ത്രം, രാഷ്ട്രമീമാംസ, സാഹിത്യം എന്നിവയെക്കുറിച്ചൊന്നും പദ്ധതിയിൽ യാതൊന്നും പറയുന്നില്ല. എന്നുവെച്ചാൽ സർവ്വകലാശാലയെന്ന മഹത്തായ സ്ഥാപനത്തെ കേവലം കച്ചവടസ്ഥാപനമാക്കി അധഃപതിപ്പിച്ചിരിക്കുകയാണ് ഭരണാധികാരികൾ. മൂലധനശക്തികൾക്ക് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈമാറുകയും അവരുടെ ആവശ്യകതക്കുവേണ്ടിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക. അതിനുള്ള അധികാര പത്രം എഴുതിക്കൊടുക്കുകയാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സ്വയംഭരണകോളേജുകളുടെ പേരിൽ ചെയ്യുന്നത്. എന്തായാലും, ബിരുദവിദ്യാർത്ഥികൾക്കുപോലും ഉന്നതവിജ്ഞാനമോ സാമൂഹിക വീക്ഷണമോ മൂല്യബോധമോ ഉണ്ടാകില്ലെന്ന് ഉറപ്പാക്കുന്ന കമ്പോള പരിഷ്കാര

*(ശേഷം 16-ാം പേജിൽ)*

# അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ ത്രിദിന വനിതാക്യാമ്പ്




എഐഎംഎസ്എസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ഡോ.എച്ച്.ജി. ജയലക്ഷ്മി പ്രസംഗിക്കുന്നു.വേദിയിൽ സഖാക്കൾ സി.കെ.ലൂക്കോസ്, ഡോ.വി.വേണുഗോപാൽ, ഷൈല കെ.ജോൺ, മിനി.കെ.ഫിലിപ്പ്, എസ്. രാധാമണി, സൗഭാഗ്യകുമാരി എന്നിവർ

**അ**ഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ വനിതാ പ്രവർത്തകർക്കും സംഘാടകർക്കുമായി സംഘടിപ്പിക്കപ്പെട്ട ത്രിദിന ക്യാമ്പ് മെയ് 26,27,28 തീയതികളിൽ ഹരിപ്പാട് മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠന കേന്ദ്രത്തിൽ നടന്നു.

എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന പുരുഷമേധാവിത്വ കാഴ്ചപ്പാടുകളും മാറിമാറി വന്ന ചൂഷണവ്യവസ്ഥിതികളും സ്ത്രീകളുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും അടുക്കളകളിലും അന്തഃപുരങ്ങളിലും തളച്ചിട്ടു. സ്ത്രീസഹജമെന്ന പേരിൽ പലതും അവളിൽ ആരോപിച്ചു. അതാകട്ടെ മനുഷ്യൻ എന്ന നിലയിലുള്ള സ്ത്രീകളുടെ സർവ്വതോന്മുഖമായ വികാസത്തിനും വളർച്ചയ്ക്കും തടസ്സം നിന്നു. ഇതിനെയെല്ലാം തരണം ചെയ്യുവാനും യഥാർത്ഥ മനുഷ്യരാകാനുമുള്ള അണമുറിയാത്ത സമരം നമ്മൾ നടത്തേണ്ടിയിരിക്കുന്നു. ബൗദ്ധികമായ വളർച്ച നേടിക്കൊണ്ടും സാംസ്കാരികമായ ഔന്നത്യം നേടിയെടുക്കണം. തെളിമയാർന്ന വ്യക്തിത്വവും സ്വഭാവവും ആർജ്ജിച്ചെടുക്കണം. ആഗോളവൽക്കരണ കാലഘട്ടത്തിൽ ഉയർന്നു വരുന്ന പുതിയ വെല്ലുവിളികളെ നേരിടുവാൻ കൃത്യമായ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വനിതാമുന്നേറ്റങ്ങൾ സൃഷ്ടിക്കുന്നതിലും സദാ വ്യാപൃതരാകണം. സഖാവ് ജയ്സൺ ജോസഫ് അഭിപ്രായപ്പെട്ടു. എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് മിനി കെ.ഫിലിപ്പിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ, സൗഭാഗ്യകുമാരി എന്നിവർ പ്രസംഗിച്ചു. ആലപ്പുഴ ജില്ലാ സെക്രട്ടറി ഷീല കെ.ജെ സ്വാഗതവും ഉഷാകുമാരി കൃതജ്ഞതയും രേഖപ്പെടുത്തി.

മൂന്ന് ദിനങ്ങളിലായി അഞ്ച് സെഷനുകളിലൂടെ വ്യത്യസ്തവിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ച് ചർച്ചകൾ നടന്നു. ജർമ്മൻ സോഷ്യലിസ്റ്റ് ചിന്തകനും, തൊഴിലാളി നേതാവുമായിരുന്ന ആഗസ്റ്റ് ബെബലിന്റെ Women in past, present, future (സ്ത്രീ ഇന്നലെ, ഇന്ന്, നാളെ) എന്ന കൃതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ വിഷയമവതരിപ്പിച്ചു. മാതൃപ്രധാനമായിരുന്ന ആദിമസമൂഹം ചരിത്രത്തിന്റെ മുന്നോട്ട് പോക്കിൽ സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടെ ക്രമാനുഗതമായി പുരുഷ മേധാവിത്വ സമൂഹമായിത്തീരുയും സ്ത്രീ എല്ലാ അർത്ഥത്തിലും രണ്ടാം തരക്കാരായിത്തീരുവാൻ കാരണമായതിങ്ങനെയാണ്. മുൻപഠനങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി സവിസ്തരം പ്രതിപാദിച്ചിരിക്കുന്ന ആധികാരിക ഗ്രന്ഥമാണിത്. ഇന്നത്തെ സ്ത്രീയുടെ അവസ്ഥയെയും വരാനിരിക്കുന്ന സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തിൽ സ്ത്രീയുടെ പദവി എന്തായിരിക്കും എന്നും ഈ കൃതിയിൽ വളരെ മനോഹരമായി പ്രതിപാദിച്ചിരിക്കുന്നു.

“സ്ത്രീ സോഷ്യലിസ്റ്റ് സമൂഹത്തിൽ” എന്ന വിഷയത്തിൽ മിനി കെ ഫിലിപ്പ് ക്ലാസ്സ് നയിച്ചു. ഈ രണ്ട് വിഷയത്തിലും നടന്ന ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ചോദ്യങ്ങളെ അധികരിച്ചുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി. കെ.ലൂക്കോസ് ആഴമാർന്ന വിശദീകരണം നൽകി.

“ഫെമിനിസം” എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയിൽ എഐഎംഎസ്എസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ഡോ.എച്ച്.ജി.ജയലക്ഷ്മി മുഖ്യപ്രഭാഷണം നടത്തി. ഒരു പ്രത്യേക ചരിത്ര കാലഘട്ടത്തിൽ ഉദയം ചെയ്ത ഈ കാഴ്ചപ്പാടിനെ ഇന്ന് സ്വവർഗരതി, ലൈംഗികന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ, സ്വവർഗവിവാഹം, തുടങ്ങിയ വിഷയങ്ങൾ ഉയർത്തിക്കൊണ്ട് ലൈംഗികതയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചർച്ചകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മുതലാളിത്ത വ്യവസ്ഥിതിയിൽ സ്ത്രീകൾ മുതലാളിത്ത ചൂഷണത്തിനും പുരുഷമേധാവിത്വത്തിന്റെ ചൂഷണത്തിനും ഒരേസമയം ഇരയാക്കപ്പെടുന്നു എന്ന അടിസ്ഥാനതത്വം വിസ്മരിക്കുകയും അന്ധമായ പുരുഷവിരോധത്തിന്റെ അടിസ്ഥാനത്തിൽ ഇവർ നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിസ്മരിക്കുകയും ചെയ്യുന്നു എന്ന് ഡോ. എച്ച്.ജി ജയലക്ഷ്മി വിശദീകരിച്ചു.

സാഹിത്യവിഷയത്തിലുള്ള ചർച്ച ഒ.ചന്തുമേനോന്റെ *ഇന്ദുലേഖ* എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയായിരുന്നു. 125-ാം വാർഷികം ആചരിക്കുന്ന ഇന്ദുലേഖയെ അധികരിച്ച് വിഷയം അവതരിപ്പിച്ചത് സൗഭാഗ്യകുമാരിയായിരുന്നു. സമൂഹം അന്ധകാരത്തിൽ ആണ്ടുകിടന്ന കാലഘട്ടത്തിൽ ഭാരത സ്ത്രീ ആധുനിക വിദ്യാഭ്യാസം സിദ്ധിച്ച് എങ്ങനെയുള്ളവളായിത്തീരണം എന്നാണ് ഒ.ചന്തുമേനോൻ *ഇന്ദുലേഖ*യിലൂടെ അവതരിപ്പിച്ചത്. അച്ചടിച്ച് ഏതാനും മാസംകൊണ്ട് ആദ്യപ്രതി വിറ്റുതീർന്ന പുസ്തകത്തിന്റെ പ്രസക്തി കാലാതിവർത്തിയായി നിലനിൽക്കുകയാണെന്ന് ചർച്ച സമാപിപ്പിച്ചുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ ഝാൻസിറാണി എന്ന് മഹാത്മാഗാന്ധി വിശേഷിപ്പിച്ച അക്കാമ്മചെറിയാൻ എന്ന മഹത് വനിതയെ പരിചയപ്പെടുത്തിക്കൊണ്ട് എം.എ.ബിന്ദു പ്രസംഗിച്ചു. വ്യവസ്ഥാപിത ചരിത്രകാരൻമാരാൽ വിസ്മരിക്കപ്പെട്ട, കാരിരുമ്പിന്റെ കരുത്തും നിശ്ചയദാർഢ്യവും ആശയവ്യക്തതയും ജീവിതത്തിലുടനീളം കാത്തുപുലർത്തി അനീതിയോട് ഒരിക്കലും സന്ധിചെയ്യാത്ത അക്കാമ്മ ചെറിയാന്റെ ജീവിതവും സമരവും വനിതാ പ്രവർത്തകർക്ക് വിലമതിക്കാനാകാത്ത ഊർജ്ജ സ്രോതസ്സാണ്.

കലാഭിരുചി ഉയർത്തിയെടുക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് സംഗീത നാടക പരിശീനകളരികൾ പ്രത്യേകമായി നടത്തിയിരുന്നു. എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വി.കെ.സദാനന്ദൻ, സൗഭാഗ്യകുമാരി എന്നിവർ നാടക കളരിക്ക് നേതൃത്വം നൽകി. സംഗീത പരിശീലനകളരിക്ക് രാജി രാജേന്ദ്രൻ നേതൃത്വം നൽകി. പരിശീലനകളരികളിലും സഖാക്കൾ സജീവമായി പങ്കെടുത്തു.

28-ാം തീയതി വൈകുന്നേരം നടന്ന സമാപനസമ്മേളനം എസ്‌യുസിഐ(സി)സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി)സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ സമാപന സന്ദേശം നൽകി. ചിന്തയിലും പ്രവൃത്തിയിലും സമീപനത്തിലും ശീലങ്ങളിലും ഉയർന്ന മാതൃകകൾ സ്വാംശീകരിക്കുവാനും അതിന് അനുപൂരകമായി പ്രവർത്തന നിരതരാകുവാനും സഖാവ് വി.വേണുഗോപാൽ ആഹ്വാനം ചെയ്തു. സൗഭാഗ്യകുമാരി അദ്ധ്യക്ഷതവഹിച്ച സമാപന സമ്മേളനത്തിൽ ഡോ.എച്ച്.ജി. ജയലക്ഷ്മി, ഷൈല കെ.ജോൺ, മിനി കെ.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. എസ്.രാധാമണി സ്വാഗതവും മൈന ഗോപിനാഥ് കൃതജ്ഞതയും രേഖപ്പെടുത്തി.

വനിതാപ്രക്ഷോഭത്തിന്റെ മുമ്പിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി വിലയിരുത്താനും പരിഹാര മാർഗ്ഗങ്ങൾ ഇന്നാടിന്റെ വർഗ്ഗസമരത്തിനനുരോധമായി വളർത്തിയെടുക്കാനും ഉൾക്കാഴ്ച നൽകിയ ഒന്നായിരുന്നു ത്രിദിന ക്യാമ്പ്. സർഗ്ഗാത്മകമായും കായികമായും ശേഷികൾ വർദ്ധിപ്പിക്കുവാൻ കിട്ടിയ സാഹചര്യം ഫലപ്രദമായി വിനിയോഗിക്കപ്പെട്ടു. കൂടുതൽ ആഴത്തിലുള്ള പഠനത്തിനും വിശകലനത്തിനും തയ്യാറായിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രക്ഷോഭങ്ങളോടൊപ്പം വ്യക്തിതലത്തിൽ നടത്തേണ്ടുന്ന സമരവും ജാഗ്രതയോടെ മുന്നോട്ട് വളർത്തിയെടുക്കാനുള്ള പ്രതിജ്ഞ പുതുക്കിക്കൊണ്ട് ക്യാമ്പ് സമാപിച്ചു. ●

# വിദ്യാഭ്യാസ വായ്പാ പലിശയിളവ്: ഉപാധികളില്ലാതെ ഉടൻ ലഭ്യമാക്കുക

മേയ് 20, ആലപ്പുഴ:

**കേ**ന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന വിദ്യാഭ്യാസവായ്പയുടെ പലിശയിളവ് അനുവദിക്കുന്നതിന് ബാങ്കുകൾ മുന്നോട്ട് വച്ചിരിക്കുന്ന അന്യായമായ ഉപാധികൾ ഒഴിവാക്കി വരുമാന സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ പലിശയിളവ് അനുവദിക്കുവാനുള്ള നടപടികൾ അടിയന്തിരമായി ബാങ്കുകൾ കൈക്കൊള്ളണമെന്ന് ജയ്സൺ ജോസഫ് ആവശ്യപ്പെട്ടു. ജീവിത ദുരിതങ്ങളിൽപ്പെട്ടുഴലുന്നവരെ വിദ്യാഭ്യാസ വായ്പയുടെ പേരിൽ പീഡിപ്പിക്കുന്നത് ഗുരുതരമായി ഭവിഷ്യത്തുകൾക്കിടയാക്കുമെന്നും ജയ്സൺ ജോസഫ് കൂട്ടിച്ചേർത്തു.




ആലപ്പുഴയിൽ ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ നടന്ന ലീഡ് ബാങ്ക് ഓഫീസ് മാർച്ച് കെയുഎസ്ടിഒ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി ആലപ്പുഴ ലീഡ് ബാങ്കിനുമുന്നിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കേരള അൺ എയിഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ (കെയുഎസ്ടിഒ) സംസ്ഥാന പ്രസിഡന്റ് കൂടിയായ ജയ്സൺ ജോസഫ്.

ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച ധർണ്ണയിൽ ജില്ലാ സെക്രട്ടറി. കെ.ജെ.ഷീല സ്വാഗതവും അഡ്വ. എം.എ.ബിന്ദു നന്ദിയും പറഞ്ഞു. മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കോ-ഒർഡിനേറ്റർ ഡോ:കെ.ഹരിപ്രസാദ്, കെ.ശിവൻകുട്ടി, കെ.പി മനോഹരൻ എന്നിവർ പ്രസംഗിച്ചു. ധർണ്ണയ്ക്ക് മുന്നോടിയായി ടൗൺ ചുറ്റി നടത്തിയ പ്രകടനത്തിന് വിജയകുമാരി, പുഷ്പരാജൻ, മൈന ഗോപിനാഥ്, ജയമ്മ, ഷീല മനോഹരൻ, മധു ചെങ്ങന്നൂർ, കെ.സോമൻ, പി.ആർ.സതീശൻ തുടങ്ങിയവർ നേതൃത്വം നൽകി. ●

# അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത്

## ●മദ്യത്തിന്റെ കുത്തൊഴുക്ക് തടയുക● ബിവറേജസ് ഔട്ട്‌ലെറ്റുകളടക്കം മദ്യശാലകളുടെ എണ്ണം കുറയ്ക്കുക

**നിർദ്ദിഷ്ട നിലവാരം പുലർത്താത്ത 418 ബാറുകൾ സുപ്രീംകോടതിയുടെ പരാമർശത്തെത്തുടർന്ന് കേരളത്തിൽ അടച്ചുപൂട്ടപ്പെട്ടിട്ട് ഏതാണ്ട് മൂന്നുമാസത്തോളമായി. അടച്ചുപൂട്ടാൻ നിർബന്ധിതമായ അന്നുമുതൽ എവ്വിധവും തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള കൊണ്ടുപിടിച്ച പരിശ്രമങ്ങളാണ് ഭരണതലത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.**



കൊല്ലം കളക്ട്രേറ്റ് ധർണ്ണ മദ്യവിരുദ്ധ സമിതി ജില്ലാ പ്രസിഡന്റ് പി.ബി.രാജൻപിള്ള ഉദ്ഘാടനം ചെയ്യുന്നു

**ഒരു** മദ്യശാല പൂട്ടപ്പെട്ടാൽ സാമൂഹ്യ സാംസ്കാരിക രംഗത്ത് അത്രത്തോളം ഗുണപരമായ വ്യതിയാനങ്ങൾക്ക് അതിടവരുത്തുമെന്ന് കേരളത്തിലെ ഇപ്പോഴത്തെ അവസ്ഥ തെളിയിക്കുന്നു. ബാറുകൾ അടച്ചുപൂട്ടപ്പെട്ടതിനുശേഷം കേരളത്തിന്റെ സാമൂഹ്യരംഗത്ത് പ്രതീക്ഷയുടെ പുതിയ നാമ്പുകൾ പ്രകടമായും കാണാൻ കഴിയുന്നുവെന്നാണ് എവിടെനിന്നുമുള്ള റിപ്പോർട്ടുകൾ. ദീർഘകാലങ്ങൾക്കുശേഷം വളരെ ഭാഗികമായെങ്കിലും സ്വസ്ഥതയും സമാധാനവും ദൃശ്യമാണ്. സ്ഥിരം മദ്യപാനികളിൽ ചെറിയ ശതമാനമെങ്കിലും കുടി നിർത്തിയിരിക്കുന്നു. കുറ്റകൃത്യങ്ങൾ വിശേഷിച്ചും അടിപിടി, കത്തി



ചങ്ങനാശ്ശേരിയിൽ പ്രതിഷേധ ധർണ്ണ മദ്യവിരുദ്ധ ജനകീയ സമരസമിതി കോട്ടയം ജില്ലാ പ്രസിഡന്റ് പി.കെ.കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

ക്കുത്ത് തുടങ്ങിയവ അത്ര ചെറുതല്ലാത്ത അളവിൽ കുറഞ്ഞിരിക്കുന്നു. റോഡപകടങ്ങളുടെ നിരക്ക് ഗണ്യമായി കുറഞ്ഞതായി ഗതാഗതവകുപ്പ് സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു. തെരുവുകളിലും ബസ്സുകളിലും മദ്യപന്മാരുടെ ശല്യം കുറഞ്ഞിരിക്കുന്നു. വീടുകളിൽ, സ്ത്രീകളുടെ ജീവിതത്തിൽ നന്മയുടെയും ശുഭപ്രതീക്ഷയുടെയും പ്രകാശം അല്പമെങ്കിലും കടന്നുവരുന്നു. അങ്ങനെ ഗുണപരമായ ഒട്ടേറെ വ്യതിയാനങ്ങൾ വന്നിരിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ. കേവലം 418 ബാറുകൾ പൂട്ടിയപ്പോഴാണ് ഈ സ്ഥിതി എന്നത് ഓർക്കണം. അതുകൊണ്ടുതന്നെ നാടിന്റെ സാമൂഹ്യഭദ്രതയെക്കരുതി ബിവറേജസ് ഔട്ട്‌ലെറ്റുകളടക്കം മദ്യശാലകളുടെ എണ്ണം കുറയ്ക്കുവാൻ സർക്കാരിന് ബാധ്യതയുണ്ട്. മദ്യത്തിന്റെ ലഭ്യത മദ്യപാനശീലം വളർത്തുന്നതിൽ നിർണ്ണായകമായ ഘടകമാണ്. കുട്ടികളിൽ വളർന്നുവരുന്ന മദ്യപാനശീലം പരിശോധിച്ചാലും ലഭ്യതയും മദ്യത്തിന് സമൂഹത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രചാരണവുമാണ് അവരെ ഈ ശീലത്തിലേക്ക് നയിക്കുന്നത് എന്ന് കാണാനാകും.

എന്നാൽ കണക്കുകൾ നിരത്തി ബിവറേജസ് ഔട്ട്‌ലെറ്റുവഴിയുള്ള കച്ചവടം വർദ്ധിച്ചിരിക്കുന്നു എന്ന് സ്ഥാപിക്കാനും എവ്വിധവും ബാറുകൾ തുറക്കാനുമുള്ള വ്യഗ്രതയാണ് എക്സൈസ് വകുപ്പ് മന്ത്രിയുടെയും സംസ്ഥാനത്തെ പ്രധാന പ്രതിപക്ഷ കക്ഷികളുടെയും ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. ഏറ്റവും വൈഷമ്യമേറിയ ഒരു കാലത്തെയാണ് താൻ തരണം ചെയ്യുന്നത് എന്ന് എക്സൈസ് മന്ത്രി പരസ്യമായി പറയുമ്പോൾ, ആരെച്ചൊല്ലിയാണ് ഈ വിഷമം എന്ന് ജനങ്ങളോട് തുറന്നു പറയുവാൻ അദ്ദേഹത്തിന് ചുമതലയുണ്ട്. ചാക്കുനിറയെ പണവുമായി തിരുവനന്തപുരത്ത് ക്യാമ്പുചെയ്യുന്ന ബാർമുതലാളിമാരുടെ കഷ്ടപ്പാടുകളെക്കുറിച്ചാണ് മന്ത്രിയുടെ വേവലാതി എന്ന് അദ്ദേഹത്തിന്റെ പ്രസ്താവനകളിൽ നിന്ന് ന്യായമായും ഊഹിക്കാം.

കേരളത്തിൽ എന്തിനാണ് ഇത്രയധികം ബാറുകൾ എന്ന് ചോദിച്ചിരിക്കുന്നു കേരള ഹൈക്കോടതി. മദ്യശാലകളുടെയും മദ്യപൻമാരുടെയും എണ്ണം കേരളത്തിന് താങ്ങാവുന്നതിനും അപ്പുറത്താണ്. റോഡപകടങ്ങളും തന്മൂലമുള്ള മരണവും ഗണ്യമായി വർദ്ധിക്കുന്നതിന്റെ പ്രഥമവും പ്രധാനവുമായ കാരണം മദ്യപിച്ച് വണ്ടിയോടിക്കുന്നതാണ് എന്ന് ഇതിനകം നിരവധി റിപ്പോർട്ടുകൾ വന്നു കഴിഞ്ഞു.വലിയൊരു ശതമാനം ഗാർഹിക പീഡനങ്ങളും മദ്യപാനത്തെ തുടർന്നുണ്ടാകുന്നതാണ്. കേരളത്തിൽ 8 ലക്ഷം ആളുകൾ മദ്യപാനത്തെത്തുടർന്ന് കരൾരോഗികളായിരിക്കുന്നു. ഹൃദയാഘാതത്തെത്തുടർന്ന് മരണപ്പെടുന്ന ചെറുപ്പക്കാരുടെ എണ്ണം വർദ്ധിക്കുന്നു എന്ന കണക്കുകൾ വരുമ്പോൾ അതിന്റെ പിന്നിലെ കാരണം മദ്യമാണ് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ക്യാൻസറും ഉദരരോഗങ്ങളും മസ്തിഷ്കരോഗങ്ങളും വർദ്ധിക്കുന്നു. കേരളത്തിൽ വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നു. തുടങ്ങി ഭയപ്പെടുത്തുന്ന വാർത്തകളാണ് ഇന്ന് വന്നുകൊണ്ടിരിക്കുന്നത്. ഇതിനെക്കാളൊക്കെ വളരെ പ്രാധാന്യത്തോടെ കാണേണ്ടതാണ് മദ്യംമൂലം സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വന്നുഭവിച്ചിരിക്കുന്ന തകർച്ച. സ്ത്രീകൾക്കും കുട്ടികൾക്കും മേലുള്ള അതിക്രമങ്ങൾ ഗണ്യമായി വർദ്ധിക്കുന്നതിന്റെ പിന്നിലെ കാരണം മദ്യവും മയക്കുമരുന്നുകളും സൃഷ്ടിക്കുന്ന സാംസ്കാരിക തകർച്ചയാണ്. കുട്ടികളിലെ മദ്യപാനവും കുറ്റകൃത്യപ്രവണതയും വർദ്ധിക്കുന്നു. ഇതൊന്നും അശേഷം പരിഗണിക്കപ്പെടുന്നില്ല എന്നു പറയുമ്പോൾ നമ്മുടെ ഭരണാധികാരികൾ ആരുടെ ഭാഗത്താണ്. സമൂഹത്തെ ഒന്നാകെ തകർച്ചയിലേയ്ക്ക് തള്ളിവിട്ട് ഏതാനും ബാർമുതലാളിമാർക്കുവേണ്ടിനിലപാടെടുക്കുന്നത് ആശാസ്യമല്ല. എക്സൈസ് മന്ത്രി ആ സ്ഥാനത്തിന് യോഗ്യനുമല്ല.

418 ബാറുകൾ അടച്ചുപൂട്ടിയതിൽ മനഃപ്രയാസപ്പെടുന്ന ഭരണാധികാരികളും രാഷ്ട്രീയ നേതാക്കന്മാരും കേരളത്തിൽ 5000 ലേറെ സ്കൂളുകൾ അടച്ചുപൂട്ടലിന്റെ വക്കിൽ എന്ന വാർത്ത അറിഞ്ഞിട്ടുതന്നെയുണ്ടോ എന്നറിയില്ല. അനാദായകരമായതിന്റെ പേരിൽ വിദ്യാലയങ്ങൾ പൂട്ടപ്പെടുകയും ആദായകരമായതിന്റെപേരിൽ മദ്യശാലകൾ ആവോളം തുറക്കുകയും ചെയ്യുന്ന ആസുരകാലത്താണ് നാം ജീവിക്കുന്നത്. ഇതിന്റെ പേരാണത്രേ ജനാധിപത്യം. ഒരുനാടിനെയും ജനതയെയും സംബന്ധിച്ചിടത്തോളം അവർക്ക് വേണ്ടത് മദ്യശാലകളല്ല. വിദ്യാലയങ്ങളും പൊതുജനാരോഗ്യസംവിധാനങ്ങളും വായനശാലകളും ഗതാഗത സംവിധാനങ്ങളും മാന്യമായ തൊഴിലുമാണ്. കുട്ടികൾക്ക് മാനസിക ശാരീരിക ആരോഗ്യത്തോടെ വളർന്നുവരാനുള്ള സാമൂഹ്യ സാഹചര്യങ്ങളാണ്. അറിവും സംസ്കാരവുമുള്ള യുക്തിബോധമുള്ള മാനസികവും ശാരീരികവുമായ ആരോഗ്യമുള്ള തലമുറകൾ വാർത്തെടുക്കപ്പെടുന്നു എന്നതാണ് വിദ്യാലയങ്ങൾ കൊണ്ടുള്ള നേട്ടം. ഇതെല്ലാം ഇല്ലാതെയാക്കുന്നു എന്നതാണ് മദ്യശാലകൾകൊണ്ടുള്ള വിപത്ത്.



മദ്യവിരുദ്ധ ജനകീയ സമരസമിതിയും എഐഎംഎസ്എസും ചേർന്ന് സംഘടിപ്പിച്ച ആലപ്പുഴ കളക്ട്രേറ്റ് മാർച്ചിന്റെ ഒരു ദൃശ്യം.

മേൽപറഞ്ഞ കാര്യങ്ങൾ യാതൊന്നും തന്നെ പരിഗണിക്കാതെയാണ് ബാറുകൾ ഉടനടി തുറക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കക്ഷിഭേദമന്യേ രാഷ്ട്രീയക്കാർ രംഗത്തുവന്നിരിക്കുന്നത്. ബാർ മുതലാളിമാർക്കുവേണ്ടിയുള്ള നിലപാടുകളാണോ, അതോ മുതലാളിമാർ നേതാക്കന്മാരുടെ ബിനാമികളോ എന്നതാണ് പരിശോധിക്കപ്പെടേണ്ടത്. മദ്യമുതലാളിമാരുടെ ഔദാര്യം പറ്റാത്ത, മദ്യപാനംതന്നെ ആശാസ്യമല്ലാത്തത് എന്നു കരുതുന്ന പാർട്ടികളോ നേതാക്കന്മാരോ കേരളത്തിലില്ല. സിഐറ്റിയു പോലെയുള്ള പ്രസ്ഥാനങ്ങളാകട്ടെ തൊഴിലാളികളുടെ പേരുപറഞ്ഞാണ് ബാറിനുവേണ്ടി നിലകൊള്ളുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്നത് അനുബന്ധതൊഴിലാളികളടക്കം രണ്ടുലക്ഷത്തിലേറെയുണ്ട് എന്നാണ് സിഐറ്റിയു അവകാശപ്പെടുന്നത്. എന്നാൽ ഈ മേഖലയിൽ പണിയെടുക്കുന്ന ആകെ തൊഴിലാളികളിൽ ക്ഷേമനിധിയിൽ അംഗത്വമുള്ളവർ കേവലം രണ്ടായിരത്തിൽ താഴെമാത്രമാണെന്നും അടച്ചുപൂട്ടിയ 418 ബാറുകളിൽ ആകെ തൊഴിലാളികൾ കേവലം 500-ൽ താഴെയാണെന്നും ഔദ്യോഗിക കണക്കുകൾ പറയുമ്പോൾ എങ്ങനെയാണ് അത് വിശദീകരിക്കപ്പെടുക? ഒന്നുകിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ എന്നത് കളവായിരിക്കണം. പക്ഷേ കളവാകാൻ സാധ്യതയില്ല. കേരളത്തിലെ ആയിരത്തോളം ബാറുകളിലായി ആയിരക്കണക്കിന് തൊഴിലാളികൾ അനുബന്ധ തൊഴിലിലടക്കം ഏർപ്പെട്ടിരിക്കാനാണ് സാധ്യത. അപ്പോൾ പിന്നെ ക്ഷേമനിധിയുടെ യാതൊരു ആനുകൂല്യവുമില്ലാതെ തുച്ഛമായ തുകയ്ക്ക് ആയിരക്കണക്കിന് തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുവെന്നും അങ്ങനെ പണിയെടുപ്പിക്കുന്നതിൽ സിഐറ്റിയു അടക്കമുള്ള യൂണിയനുകളുടെ ആശീർവ്വാദം മുതലാളിമാർക്കുണ്ട് എന്നും കരുതേണ്ടിവരും. അതാണ് സത്യവും.

ബാറുകൾ തുറന്നു പ്രവർത്തിക്കണം എന്ന നിർബന്ധബുദ്ധിക്കു പിന്നിൽ തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഇക്കൂട്ടർ യഥാർത്ഥത്തിൽ ഉയർത്തുന്നതെങ്കിൽ തൊഴിലാളികളെ പുനരധിവസിപ്പിക്കണം എന്ന മുദ്രാവാക്യമാണ് ഉയർത്തേണ്ടത്. ജീവിക്കാൻ മറ്റ് മാർഗ്ഗമില്ലാതെ ഈ മേഖലയിൽ പണിയെടുക്കാൻ നിർബന്ധിതരായവരാണ് തൊഴിലാളികൾ. അവർ പുനരധിവസിപ്പിക്കപ്പെടുകതന്നെവേണം. അതിൽ ആർക്കും അഭിപ്രായവ്യത്യാസവുമില്ല. ഈ മേഖലയിൽതന്നെ അവർ പണിയെടുത്തുകൊള്ളണം എന്ന് തൊഴിലാളി സംഘടനകൾ ശഠിക്കുന്നത് തൊഴിലാളികളുടെ താൽപര്യം മുൻനിർത്തിയല്ല എന്നത് സ്പഷ്ടം. മുതലാളിമാർക്കുവേണ്ടി തൊഴിലാളികളെ മുൻനിർത്തി സമരം ചെയ്യുക എന്നത് സിഐറ്റിയുവിന് പുതുമയുള്ള കാര്യവുമല്ല.

കേരളത്തിൽ ചെറുതും വലുതുമായി പൂട്ടപ്പെട്ടുകൊണ്ടിരിക്കുന്ന നൂറുകണക്കിന് ഫാക്ടറികളുണ്ട്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി നിത്യേന ആയിരങ്ങൾ തൊഴിൽമേഖലയിൽനിന്നും പുറത്താക്കപ്പെടുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ നിരവധി നിത്യേന പൂട്ടപ്പെടുകയോ സ്വകാര്യവൽക്കരിക്കപ്പെടുകയോ സ്വകാര്യവൽക്കരണത്തിന്റെ ആദ്യപടി എന്ന നിലയിൽ കമ്പനിയാക്കപ്പെടുകയോ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. പെൻഷൻ പറ്റിയ കെഎസ്ആർടിസി ജീവനക്കാർ പെൻഷനുവേണ്ടി മാസങ്ങളായി സമരത്തിലാണ്. ഇവിടെയൊക്കെ ആത്മാർത്ഥമായ സമരപരിശ്രമങ്ങൾ ഒന്നുംതന്നെ കണ്ടതുമില്ല.

എന്തായാലും സുപ്രീംകോടതിയുടെ പരാമർശത്തെത്തുടർന്ന് കേരളത്തിൽ ഉണ്ടായിവന്നിരിക്കുന്ന ഈ സാഹചര്യം നിലനിർത്തപ്പെട്ടേ മതിയാകൂ. അടച്ചുപൂട്ടിയ ബാറുകൾ തുറക്കാതിരിക്കുക എന്നതും ബിവറേജസ് ഔട്ട്‌ലെറ്റുകളടക്കം മദ്യശാലകളുടെ എണ്ണം കുറയ്ക്കുക എന്നതും കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ പ്രധാനപ്പെട്ട ആവശ്യകതയാണ്. ഈ ഡിമാന്റുകൾ മുൻനിർത്തി ശക്തമായ പ്രക്ഷോഭണം പടുത്തുയർത്താൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ●

## ബസ് ചാർജ്ജ് വർദ്ധനവിനെതിരെ

# ഇടതുപക്ഷ ഐക്യമുന്നണിയുടെ നേ

**അന്യായമായ ബസ് ചാർജ് വർദ്ധനവിനെതിരെ ഇടതുപക്ഷ ഐക്യമുന്നണി (LUF)-യുടെ ആഹ്വാനപ്രകാരം സംസ്ഥാനവ്യാപകമായി പ്രതിഷേധസമരം നടന്നു. ചാർജ്ജ് വർദ്ധനവ് നിലവിൽ വന്ന മേയ് 20-ന് മുന്നണിപ്രവർത്തകർ ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധമാർച്ച് നടത്തി.**

**ഇടതുപക്ഷ ഐക്യമുന്നണി ഘടകകക്ഷികളായ ആർ.എം.പി, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്), എം.സി.പി.ഐ(യു) എന്നീ പാർട്ടികളുടെ സംസ്ഥാന ജില്ലാ നേതാക്കൾ പ്രതിഷേധപരിപാടികൾക്ക് നേതൃത്വം നൽകി.**

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് മേയ് 20-ന് സെക്രട്ടേറിയറ്റ് മാർച്ച് നടന്നു. എം.സി.പി.ഐ(യു) സംസ്ഥാനസെക്രട്ടറി സ.എം.രാജൻ മാർച്ച് ഉദ്ഘാടനം ചെയ്തു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സ.ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. ആർ.എം.പി സംസ്ഥാനകമ്മിറ്റിയംഗം സ.പേരൂർക്കട മോഹനൻ, എം.സി.പി.ഐ(യു) നേതാവ് അഡ്വ.പ്രതാപ് സിംഗ്, എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.ഡി.സുന്ദരേശൻ എന്നിവർ പ്രസംഗിച്ചു. സ.ആർ.ബിജു(എസ്.യു.സി.ഐ(സി)) സ്വാഗതവും സ.പേരൂർക്കട സുരേന്ദ്രൻ (ആർ.എം.പി) നന്ദിയും പറഞ്ഞു. സഖാക്കൾ എം.ഷാജർഖാൻ, ബെന്നി ജോസഫ്, ജി.ആർ.സുഭാഷ്, സുരേഷ്, മുകുന്ദേഷ് തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.




**കൊല്ലം:** കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിൽ നിന്ന് ചിന്നക്കടയിലേയ്ക്ക് പ്രതിഷേധമാർച്ച് നടന്നു. തുടർന്നു നടന്ന യോഗം എംസിപിഐ(യു) ജില്ലാസെക്രട്ടറി അഡ്വ.രാജാദാസ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എം.സി.പി.ഐ(യു) ജില്ലാക്കമ്മിറ്റിയംഗം സ.വി.എസ്.മോഹൻലാൽ, എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.ജി.ധ്രുവകുമാർ എന്നിവർ പ്രസംഗിച്ചു.




**പത്തനംതിട്ട:** പത്തനംതിട്ട ജില്ലയിൽ പ്രതിഷേധമാർച്ച് എസ്.യു.സി.ഐ(സി) ജില്ലാ സെക്രട്ടറി സ.എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ്പ്രസിഡന്റ് ശ്രീ.ജോർജ്ജ് മാത്യു കൊടുമൺ, സഖാക്കൾ എസ്.രാധാമണി, അനിൽകുമാർ.കെ.ജി, വി.ഡി.സന്തോഷ്, ശരണ്യ എന്നിവർ പ്രസംഗിച്ചു.




**ആലപ്പുഴ:** ആലപ്പുഴയിൽ ജില്ലാ ആസ്പത്രി ജംഗ്ഷനിൽ നിന്ന് കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിലേയ്ക്ക് പ്രതിഷേധമാർച്ച് നടന്നു. എസ്.യു.സി.ഐ (കമ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം സ.എസ്. സീതിലാൽ മാർച്ച് ഉൽഘാടനം ചെയ്തു. എം.സി.പി.ഐ(യു) സംസ്ഥാന കമ്മിറ്റി അംഗം സ.ഇ.ടി.ശശി, ആർ.എം.പി. നേതാവ് സ.കെ.എസ്.ബിനോജ് എന്നിവർ പ്രസംഗിച്ചു. അഡ്വ. എം.എ.ബിന്ദു അദ്ധ്യക്ഷത വഹിച്ചു.

# ബസ്ചാർജ്ജ് വർദ്ധന അന്യായമാണ്: എന്തുകൊണ്ട്?

*(1-ാം പേജിൽ നിന്ന്)*

ആരോപണമുണ്ടായിരുന്നു. എന്നാൽ ബസ് ചാർജ്ജ് വർദ്ധിപ്പിക്കും എന്ന് മുൻകൂട്ടി തീരുമാനിച്ചതു പോലെയായിരുന്നു സർക്കാരിന്റെ ഓരോ നീക്കവും. അവസാനം ഒട്ടും നീതീകരിക്കാനാവാത്ത വൻവർദ്ധന സർക്കാർ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചു.

തൊഴിലിനും മറ്റ് ജീവിതാവശ്യങ്ങൾക്കുമൊക്കെയായി ദിവസവും അനവധി കിലോമീറ്ററുകൾ യാത്ര ചെയ്യുന്നവരാണ് കേരളീയർ. അവരിൽ ഭൂരിഭാഗവും ആശ്രയിക്കുന്നത് ബസ് സർവീസുകളേയും. അങ്ങനെയുള്ളവരുടെ കുടുംബബജറ്റിനെ അപ്പാടെ തകിടംമറിക്കുന്നതാണ് ഈ നിരക്കുവർദ്ധന. ഒരു ദിവസം 50 കി.മി. യാത്ര ചെയ്യേണ്ട ഒരാൾക്ക് കുറഞ്ഞത് 10 രൂപയാണ് അധികം കൊടുക്കേണ്ടി വരുന്നത്. അതായത് മാസം 24 ദിവസം ജോലിക്കായി യാത്ര ചെയ്യേണ്ട ഒരാൾക്ക് അധികമായി 240 രൂപ ഇനി കണ്ടെത്തേണ്ടിവരും. മാസം 3000 രൂപ തികച്ച് ശമ്പളമായി ലഭിക്കാത്ത കടകളിലെയും സ്ഥാപനങ്ങളിലെയും അസംഘടിത മേഖലകളിലെയും ലക്ഷക്കണക്കിന് തൊഴിലാളികൾ സ്ഥിരം ബസ് യാത്രക്കാരാണ് എന്നു നാം ഓർക്കണം.

ഇന്ന് ദക്ഷിണേന്ത്യയിൽ ഏറ്റവും ഉയർന്ന യാത്രാനിരക്ക് നിലവിലുള്ളത് കേരളത്തിലാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും കൂടിയ ബസ് നിരക്കുകളിലൊന്ന്. മറ്റ് ചില സംസ്ഥാനങ്ങളിലെ ചില വൻനഗരങ്ങളിൽ സ്വകാര്യവൽക്കരണത്തെ ലക്ഷ്യംവച്ചുകൊണ്ട് പ്രത്യേകമായി രൂപീകരിച്ചിട്ടുള്ള ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ മാത്രമേ നമ്മളേക്കാൾ ഭീമമായ നിരക്കുകൾ ഈടാക്കുന്നുള്ളൂ. തൊട്ട് അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഓർഡിനറി സർവീസിൽ മിനിമം കൂലി 3 രൂപയാണ്. കിലോമീറ്റർ നിരക്ക് 42 പൈസയും. അതേ സമയത്ത് കേരളത്തിലിത് ഇപ്പോൾ യഥാക്രമം 7 രൂപയും 63 പൈസയുമാണ്. എത്ര ഭീമമായ അന്തരം. കർണ്ണാടകയിൽ മിനിമം കൂലി 4.50 രൂപ മാത്രമാണ്. അതിഭീമമായ നിരക്ക് ഈടാക്കുന്ന ബാംഗ്ലൂർ നഗരത്തിൽ പോലും മിനിമം കൂലി 6 രൂപ മാത്രമാണ്. ഇതു മാത്രമല്ല, ഈ സംസ്ഥാനങ്ങളേക്കാൾ ജനസാന്ദ്രതയും, യാത്രക്കാരുടെ സാന്ദ്രതയും കേരളത്തിൽ കൂടുതലാണ്. അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തീവണ്ടിഗതാഗത സൗകര്യം വളരെക്കുറവുള്ള കേരളത്തിൽ ബസ്സ് യാത്രയെ ആശ്രയിക്കാതെ നിർവ്വാഹമില്ല. മറ്റൊരു വസ്തുത, കേരളത്തിലെ പൊതുഗതാഗതത്തിന്റെ പകുതിയിലേറെ സ്വകാര്യബസുകൾ കൈകാര്യം ചെയ്യുമ്പോൾ അയൽസംസ്ഥാനങ്ങളിൽ സ്വകാര്യ മേഖലയുടെ പങ്ക് വളരെ ചെറുതാണ്. ഇവ സർക്കാർ ബസുകളേക്കാൾ കുറഞ്ഞ നിരക്കിലാണ് സർവീസ് നടത്തുന്നത്. ഇവർക്കൊന്നുമില്ലാത്ത എന്തു കാരണമാണ് കേരളത്തിൽ ഇത്ര നഷ്ടമുണ്ടാക്കുന്നത്.

35000 ഓളം സ്വകാര്യബസുകൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്ക്. ഇതിൽ ദീർഘദൂരസർവീസുകളും, ഫാസ്റ്റ് പാസഞ്ചർ സർവീസുകളുമുണ്ട്. തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറച്ചും, മുതലാളി സ്വയം തൊഴിലാളിയായി മാറിയുമൊക്കെ പിടിച്ചുനിൽക്കാൻ ശ്രമിക്കുന്ന ചെറുകിട ബസുടമകൾക്ക് ഡീസൽ-സ്പെയർപാർട്സ് വിലവർദ്ധന തിരിച്ചടിയാണ്. മറുവശത്ത്, അന്യായമായി സംഘടിപ്പിക്കുന്ന താൽക്കാലിക പെർമിറ്റുകൾ പോലുള്ള കള്ളക്കളികളിലൂടെയും നിയമവിരുദ്ധമാർഗ്ഗങ്ങളിലൂടെയും വൻകിട ബസ് മുതലാളിമാർ തടിച്ചുകൊഴുക്കുകയും ചെയ്യുന്നു. അന്യായമായ ബസ്കൂലി വർദ്ധന ഈ വൻകിടക്കാർക്ക് കൊള്ളലാഭമാണ് നൽകുക. ഇവരുടെ സ്വാധീനത്തിനു വഴങ്ങി സർക്കാരും ഉദ്യോഗസ്ഥരും സ്വീകരിക്കുന്ന ഇത്തരം നടപടികൾ യാത്രക്കാർക്കു മാത്രമല്ല, ബസ് തൊഴിലാളികൾക്കും ചെറുകിട ബസുടമകൾക്കും ഭീഷണിയാണ്. പെർമിറ്റും റൂട്ടുമൊക്കെ കാറ്റിൽപ്പറത്തി വാഴുന്ന ഈ വൻകിടക്കാർ തന്നെയാണ് ചെറുകിട ബസുടമകൾക്കും കെഎസ്ആർടിസിക്കും വരുമാനത്തിൽ ഇടിവുണ്ടാക്കുന്ന ഒരു പ്രധാനഘടകം. എതിർക്കുന്നവർക്കു നേരേ കൈയ്യേറ്റത്തിനു പോലും ഇവർ മടിക്കാറുമില്ല. നാലും അഞ്ചും മുതൽ, നൂറുകണക്കിന് വരെ ബസുകളുള്ള വൻകിട ബസ് മുതലാളിമാരിൽ രാഷ്ട്രീയ-പോലീസ്-ഉദ്യോഗസ്ഥ പ്രമാണികളോ അവരുടെ ബിനാമികളോ ഉണ്ടെന്നത് പരസ്യമായ രഹസ്യമാണ്. അബ്കാരികളും, റിയൽ എസ്റ്റേറ്റ് കച്ചവടക്കാരും കള്ളപ്പണക്കാരും ഇക്കൂട്ടത്തിലുണ്ട്. ദീർഘകാലം കേരളത്തിലെ ഗതാഗതവകുപ്പു ഭരിച്ച ഒരു കുടുംബം, കേരളത്തിലെ ഏറ്റവും വലിയ ബസ് മുതലാളിമാർ കൂടിയാണെന്നത് യാദൃശ്ചികമല്ല. ഇത്തരം ദുഃസ്വാധീനങ്ങൾ തന്നെയാണ് കെഎസ്ആർടിസിയെ മനപ്പൂർവ്വം തളർത്താനും, ഭീകരമായ ബസ് നിരക്കു വർദ്ധന ഒരു മടിയുമില്ലാതെ ജനത്തിനു മേലേ അടിച്ചേൽപ്പിക്കുവാനും ഭരണാധികാരികളെ പ്രേരിപ്പിക്കുന്നത്.

ഇപ്പോഴത്തെ യാത്രാക്കൂലി അന്യായമെന്നു പറയാൻ ഇനിയും കാരണങ്ങളുണ്ട്. ഇന്ത്യയിൽ വൻ നഗരങ്ങൾ മാറ്റിനിർത്തിയാൽ, യാത്രക്കാരുടെ സാന്ദ്രത ഏറ്റവും കൂടുതലുള്ള കേരളത്തിലാണ് ഇന്ന് ഏറ്റവും കൂടിയ മിനിമം ചാർജ്ജുള്ളത്. അതുപോലെതന്നെ, ഒരു കിലോമീറ്ററിൽ നിന്നുള്ള ശരാശരി വരുമാനവും കേരളത്തിലാണ് കൂടുതൽ. ഇനി വർദ്ധിപ്പിച്ച കിലോമീറ്റർ നിരക്ക് കണക്കിലെടുത്താൽത്തന്നെ, ഇപ്പോഴത്തെ മിനിമം ചാർജ്ജ് 3.50 രൂപയിൽ കൂടാൻ പാടില്ല. എന്നാൽ ഈടാക്കുന്നതോ നേരേ ഇരട്ടി. ഇനി ഈ നിരക്കുകൾ കണക്കാക്കാൻ രാമചന്ദ്രൻ കമ്മിറ്റി അവലംബിച്ചിരിക്കുന്നത് നാറ്റ്പാക്കിന്റെ പഠനങ്ങളാണ്. ഇതുപ്രകാരം, ഒരു ബസിലെ ശരാശരി യാത്രക്കാരുടെ എണ്ണമായി ഗണിച്ചിരിക്കുന്നത് 35 ആണ്. ഇത് യഥാർത്ഥത്തിൽ ബസുകളിലെ ശരാശരി സീറ്റിംഗ് കപ്പാസിറ്റി മാത്രമാണ്. എന്നാൽ ബസുടമകൾ തന്നെ നൽകുന്ന കണക്കുകൾപ്രകാരം, ഭൂരിഭാഗം റൂട്ടുകളിലും ശരാശരി യാത്രക്കാരുടെ എണ്ണം 50 ആണ്. ഇത് അവഗണിക്കാനാവാത്ത അന്തരമാണ്. കമ്മീഷന്റെ കണക്കും അതനുസരിച്ചുള്ള നിരക്കും അംഗീകരിക്കണമെങ്കിൽ, ചുരുങ്ങിയത് എല്ലാ യാത്രക്കാർക്കും ഇരുന്നു മാത്രം യാത്ര ചെയ്യാവുന്ന തരത്തിൽ സുഗമവും, സൗകര്യപ്ര

*(ശേഷം 13-ാം പേജിൽ)*

### വർദ്ധിപ്പിച്ച യാത്രാനിരക്കുകൾ

| സർവീസ് | മിനിമം കൂലി (രൂപ) | കി.മി. നിരക്ക് (പൈസ) |
|---|---|---|
| ഓർഡിനറി/സിറ്റി | 7 | 64 |
| സിറ്റി ഫാസ്റ്റ് | 7 | 68 |
| ഫാസ്റ്റ് പാസഞ്ചർ | 10 | 68 |
| സൂപ്പർ ഫാസ്റ്റ് | 13 | 72 |
| സൂപ്പർ എക്സ്പ്രെസ്സ് | 20 | 77 |
| സൂപ്പർ ഡീലക്സ് | 28 | 90 |
| ലക്ഷ്വറി ഡീലക്സ് | 40 | 110 |
| വോൾവോ | 40 | 130 |
| മൾട്ടി-ആക്സിൽ വോൾവോ | 70 | 191 |

# ...നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായ പ്രതിഷേധ സമരം




**കോട്ടയം:** കോട്ടയം ടൗണിൽ പ്രതിഷേധപ്രകടനത്തെ തുടർന്നു നടന്ന യോഗം എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. സ.ഇ.വി.പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. സ.കെ.സദാനന്ദൻ പ്രസംഗിച്ചു.




**തൃശൂർ:** തൃശൂർ നഗരത്തിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. മുൻസിപ്പൽ ബസ്സ് സ്റ്റാന്റ് പരിസരത്ത് ചേർന്ന പ്രതിഷേധ യോഗത്തിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ:പി.എസ്.ബാബു അദ്ധ്യക്ഷത വഹിച്ചു. ആർ.എം.പി. സംസ്ഥാന ചെയർമാൻ സ.ടി.എൽ സന്തോഷ് ഉൽഘാടനം ചെയ്തു. ആർ.എം.പി. ജില്ലാ സെക്രട്ടറി സ.പി.ജെ. മോൻസി, എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം അഡ്വ: ഇ.എൻ. ശാന്തിരാജ് തുടങ്ങിയവർ പ്രസംഗിച്ചു. എം.സി.പി.ഐ.(യു) ജില്ലാ സെക്രട്ടറി സ.പി.ആർ.സിദ്ധാർത്ഥൻ, സ.സി.കെ. ശിവദാസൻ, സ.കെ.ജി.സുരേന്ദ്രൻ എന്നിവർ നേതൃത്വം നൽകി.




**കോഴിക്കോട്:** പാളയം ബസ്സ്റ്റാന്റിൽ നിന്ന് ആരംഭിച്ച പ്രകടനം മൊഫ്യൂസിൽ ബസ്സ്റ്റാന്റിൽ സമാപിച്ചു. തുടർന്ന് നടന്ന യോഗം ആർഎംപി സംസ്ഥാനസെക്രട്ടറി സ.എൻ.വേണു ഉദ്ഘാടനം ചെയ്തു. എസ്യുസിഐ(സി) ജില്ലാസെക്രട്ടറി സ.എ.ശേഖർ അദ്ധ്യക്ഷത വഹിച്ചു. ഇടതുപക്ഷ ഐക്യമുന്നണി ചെയർമാൻ സ.കെ.എസ്.ഹരിഹരൻ, എസ്യുസിഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.പി.എം.ശ്രീകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

## കെഎസ്ആർടിസി പെൻഷൻ കുടിശ്ശിക തീർത്ത് ഉടനടി നൽകുക – വർക്കേഴ്സ് ഫെഡറേഷൻ

തിരുവനന്തപുരം മെയ് 28: കെഎസ്ആർടിസി പെൻഷൻ നൽകാത്തതിൽ പ്രതിഷേധിച്ച് പെൻഷനേഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ മെയ്19 മുതൽ സെക്രട്ടേറിയറ്റ് നടയിൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചു. സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിർത്തുക, പെൻഷൻ എൽഐസിയെ ഏൽപ്പിക്കാനുള്ള നീക്കം അവസാനിപ്പിക്കുക, കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി മാറ്റി നിലനിർത്തുക തുടങ്ങിയ പ്രധാനപ്പെട്ട ഡിമാന്റുകൾ ഉയർത്തി നടത്തുന്ന സമരത്തെ മെയ് 19 ന് സെക്രട്ടേറിയറ്റ് നടയിൽ വർക്കേഴ്സ് ഫെഡറേഷൻ ആക്ടിംഗ് പ്രസിഡന്റ് സഖാവ് ജി മധുസൂദനൻ പിള്ള അഭിവാദ്യം ചെയ്തു. മെയ് 27 ന് വർക്കേഴ്സ് ഫെഡറേഷൻ പ്രവർത്തകർ പ്രകടനമായി എത്തി (നിരാഹാര സമരത്തിന്റെ 9- ാം ദിവസം) സമര സഖാക്കൾക്ക് അഭിവാദ്യം അർപ്പിച്ചു. വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി സഖാവ് എസ് സീതിലാൽ അഭിവാദ്യപ്രസംഗം നടത്തി. കെഎസ്ആർടിസി പെൻഷൻ എത്രയും വേഗം നൽകുക. എൽഐസി ഏൽപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കുക. ഡിപ്പാർട്ട്മെന്റാക്കി നിലനിർത്തുക. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കരുത്. കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുക. തുടങ്ങിയ ഡിമാന്റുകൾ ഉയർത്തി വർദ്ധിത വീര്യത്തോടെ സമരം നടത്താൻ തൊഴിലാളികൾ തയ്യാറാവണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ●

**ഇടുക്കി:** ഇടുക്കി ജില്ലയിൽ തൊടുപുഴയിൽ നടന്ന പ്രതിഷേധപരിപാടിക്ക് എസ്.യു.സി.ഐ(സി) ജില്ലാസെക്രട്ടറി സ.എൻ.വിനോദ്കുമാർ നേതൃത്വം നൽകി.




**എറണാകുളം:** എറണാകുളത്ത് പ്രതിഷേധ പ്രകടനവും യോഗവും നടന്നു. യോഗം എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗം സ.ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. എസ്യുസിഐ(സി) ജില്ലാ സെക്രട്ടറി സ.ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ചു. ആർഎംപി ജില്ലാ കമ്മിറ്റിയംഗം സ.കെ.കെ. ബിനോജ്, സഖാക്കൾ പി.എം.ദിനേശൻ, ഇടപ്പള്ളി ബഷീർ, എൻ.ജെ.പയസ്, കെ.കെ.ശോഭ തുടങ്ങിയവരും പ്രസംഗിച്ചു.




**പാലക്കാട്:** പാലക്കാട് പ്രകടനം ടൗൺ ബസ്സ്റ്റാന്റിൽ നിന്നാരംഭിച്ച് മുനിസിപ്പൽ ബസ്സ്റ്റാന്റ് വഴി സ്റ്റേഡിയം ബസ്സ്റ്റാന്റിൽ സമാപിച്ചു. തുടർന്ന് നടന്ന യോഗം എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സ.കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്തു. ആർ.എം.പി. ജില്ലാസെക്രട്ടറി സ.രാധാകൃഷ്ണൻ മണ്ണാർക്കാട് പ്രസംഗിച്ചു. എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ എ.റജീന, കെ.പ്രദീപ്, കെ.പ്രസാദ്, സി.രാജൻ തുടങ്ങിയവർ നേതൃത്വം നൽകി.




**വയനാട്:** സുൽത്താൻ ബത്തേരിയിൽ പ്രതിഷേധയോഗം നടന്നു. എസ്.യു.സി.ഐ(സി) ജില്ലാസെക്രട്ടറി സ.വി.കെ.സദാനന്ദൻ ഉൽഘാടനം ചെയ്തു. സ.സി.എൻ.മുകുന്ദൻ അദ്ധ്യക്ഷത വഹിച്ചു. സ.കെ.മധുസൂദനൻ, സ.ദേവസ്യ പുറ്റനാൽ എന്നിവർ പ്രസംഗിച്ചു.




**കണ്ണൂർ:** പഴയ ബസ്സ്റ്റാന്റിൽ പ്രതിഷേധയോഗം നടന്നു. ആർ.എം.പി ജില്ലാസെക്രട്ടറി സ.പി.പി.മോഹനൻ ഉദ്ഘാടനം ചെയ്തു. എസ്.യു.സി.ഐ(സി) ജില്ലാസെക്രട്ടറി സ.കെ.കെ.സുരേഷ് അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ എൻ.കെ.ജയരാജൻ, പോൾ ടി.സാമുവൽ, അഡ്വ.വിവേക്.പി.സി എന്നിവർ പ്രസംഗിച്ചു. ●

# സഖാവ് മണിക് മുഖർജി ടർക്കിയിൽ നടന്ന സാമ്രാജ്യത്വവിരുദ്ധ സമ്മേളനത്തിൽ പങ്കെടുത്തു



**‘സാമ്രാജ്യത്വം, അധിനിവേശം, ഭീകരത’ എന്നീ വിഷയത്തിൽ ഏപ്രിൽ 13 നും 21 മധ്യേ ടർക്കിയിലെ ഈസ്റ്റാമ്പൂളിൽ നടന്ന അന്തർദ്ദേശീയ സെമിനാറിൽ എസ്.യു.സി.ഐ(സി) പോളിറ്റ് ബ്യൂറോ അംഗവും ഐ.എ.സി.സി ജനറൽ സെക്രട്ടറിയുമായ സഖാവ് മണിക് മുഖർജി പങ്കെടുത്തു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു.**

രാജ്യത്തിന്റെ പരമാധികാരവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന അധിനിവേശ പ്രദേശങ്ങളിലെ പോരാളികളെ ഭീകരവാദികളായി ചിത്രീകരിക്കുകയെന്നതാണ് ഏറെ നാളുകളായി സാമ്രാജ്യത്വം അനുവർത്തിച്ചുവരുന്ന തന്ത്രം. ബ്രിട്ടീഷ് ഭരണത്തിൽനിന്നും സ്വാതന്ത്ര്യം നേടിയെടുക്കുവാനുള്ള പോരാട്ടത്തിൽ ഇന്ത്യൻ ജനതയ്ക്ക് നേരിടേണ്ടിവന്നതാണ് ഭീകരവാദികൾ എന്ന ഈ ആരോപണം. നമ്മുടെ സ്വാതന്ത്ര്യ സമരത്തിൽ വിപ്ലവധാരയിലുൾപ്പെട്ട സ്വാതന്ത്ര്യ സമര പോരാളികളെ ഭീകരവാദികളായി മുദ്രകുത്തുകയും അവരെ തൂക്കിലേറ്റുകയും ചെയ്തപ്പോൾ മറുവശത്ത് സന്ധി മനോഭാവക്കാരായ നേതൃത്വത്തെ സാമ്രാജ്യത്വഭരണകൂടം അനുഭാവപൂർവ്വം വീക്ഷിക്കുകയും ഇക്കൂട്ടരെ തങ്ങളുടെ താങ്ങായി പരിഗണിക്കുന്ന സ്ഥിതിപോലുമുണ്ടായി. ഇതേ കാര്യങ്ങളാണ് മറ്റു പല രാജ്യങ്ങളിലും അരങ്ങേറിയത്. സ്വാതന്ത്ര്യത്തിന്റെ അന്തർദ്ദേശീയ പ്രതീകമായി മാറിയ നെൽസൺ മണ്ടേല നീണ്ട 27 വർഷം ജയിലിലടയ്ക്കപ്പെട്ടു. ഈ അടുത്ത കാലം വരെ അമേരിക്കയുടെ ഭീകരവാദി പട്ടികയിൽ അദ്ദേഹം ഉൾപ്പെട്ടിരിന്നു. കെനിയയിലെ ജോമോ കെന്യാറ്റ, സൈപ്രസ്സിലെ ആർച്ച് ബിഷപ്പ് മക്കരിയോസ്, സിംബാവേയിൽ റോബർട്ട് മുഗാബേ തുടങ്ങി സ്വന്തം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയ ധീരരായ പോരാളികളെ ഭീകരവാദികളായി സാമ്രാജ്യത്വം മുദ്രകുത്തുകയുണ്ടായി. ചൂഷണത്തിൽനിന്നും അടിച്ചമർത്തലിൽനിന്നും മോചനം അഗ്രഹിച്ച് എവിടൊക്കെ, എപ്പോഴൊക്കെ ആയുധമേന്തി ജനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടോ അപ്പോഴെല്ലാം അടിമുടി സായുധമായ ഭരണാധികാരികളും ചൂഷകരും സ്വേച്ഛാധിപതികളും അവരെ ഭീകരവാദികളെന്ന് മുദ്രകുത്തി വേട്ടയാടുന്നു. എന്നാൽ നിഷ്ക്കളങ്കരും നിസ്സഹായരുമായ ജനതയ്ക്കുമേൽ ബോംബുവർഷിക്കുകയും പതിനായിരങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്ന ഹീനകൃത്യത്തെ ഇക്കൂട്ടർ വിമോചനയുദ്ധമെന്ന് വാഴ്ത്തുകയും ചെയ്യുന്നു. ശീതയുദ്ധകാലത്ത് സോവിയറ്റ് റഷ്യയുടെ രഹസ്യ സംഘടനയാണ് അന്തർദ്ദേശീയ ഭീകരവാദത്തിന് കാരണമെന്നത് സ്ഥിരമായ സാമ്രാജ്യത്വ പ്രചരണ തന്ത്രമായിരുന്നു. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തെത്തുടർന്ന് ലോകത്തിന്റെ വിവിധ കോണുകളിൽ ദിവസേന അരങ്ങേറിക്കൊണ്ടിരിക്കുന്നതും നാൾ ചെല്ലുംതോറും ഭീഷണമായിക്കൊണ്ടിരിക്കുന്നതുമായ സംഘർഷങ്ങൾ അമേരിക്കയുടെ വാദം എത്ര പൊള്ളയായിരുന്നുവെന്ന് വെളിവാക്കിയിരിക്കുകയാണ്. സാധാരണക്കാരായ ആളുകൾ സ്വേച്ഛാധിപതികൾക്കെതിരെ ആയുധമേന്തുന്നത് സമാധാനപരമായ എല്ലാ ജനാധിപത്യമാർഗ്ഗങ്ങളും പരാജയപ്പെടുമ്പോൾ ഏറ്റവും അവസാനത്തെ മാർഗ്ഗമെന്ന നിലയിലാണ്. മണ്ടേല അദ്ദേഹത്തിന്റെ ആത്മകഥയിൽ എഴുതി: ‘50 വർഷത്തെ അഹിംസാ സമീപനം എന്റെ രാജ്യത്തെ ജനങ്ങൾക്കെതിരെ കൂടുതൽ കർക്കശമായ നിയമങ്ങളും അവർക്ക് പരിമിതമായ അവകാശങ്ങളുമാണ് നേടിക്കൊടുത്തത്.’

നിസ്സഹായരും നിഷ്ക്കളങ്കരുമായ സാധാരണ ജനങ്ങൾ ചൂഷണവും മർദ്ദനവും പീഡനവും മനുഷ്യാവകാശ ലംഘനവും നേരിടുമ്പോൾ, അവർക്ക് ഉപജീവന മാർഗ്ഗങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, അധികാരത്തിലിരിക്കുന്നവർ ജനങ്ങളുടെ ന്യായമായ ആവലാതികൾപോലും ചെവിക്കൊള്ളുവാൻ തയ്യാറാകുന്നില്ല. സാധാരണ ജനങ്ങളുടെ നിസ്സഹായതയും നിരാശയുമാണ് രോഷപ്രകടനങ്ങളും പൊട്ടിത്തെറികളുമായി ബഹിർസ്ഫുരിക്കുന്നത്. സമ്പത്തിന്റെ അസമമായ വിതരണവും ഭരണകൂടത്തിന്റെ നേരിട്ടുള്ള പിന്തുണയോടെ മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും ദരിദ്ര രാഷ്ട്രങ്ങളെ സാമ്രാജ്യത്വശക്തികൾ ചൂഷണം ചെയ്യുന്നതും മുതലാളിത്ത രാജ്യങ്ങളിൽ ന്യൂനപക്ഷ സമുദായങ്ങളും ന്യൂനപക്ഷ ദേശീയതകളും അടിച്ചമർത്തലിന് വിധേയമാകുന്നതുമെല്ലാം പ്രശ്നങ്ങളെ കൂടുതൽ രൂക്ഷവും സങ്കീർണ്ണവുമാക്കുന്നു. ഇതിനെതിരെയുള്ള സാധാരണ ജനങ്ങളുടെ അസംതൃപ്തിയേയും നിരാശയേയും രോഷത്തെയും തങ്ങളുടെ അജണ്ട നടപ്പിലാക്കിയെടുക്കുവാനായി സ്ഥാപിത താൽപ്പര്യക്കാർ ഉപയോഗിക്കുന്നു. അക്രമോൽസുകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളുടെ പ്രേരണയെന്താണ് എന്നതല്ല, മറിച്ച് ആ വ്യക്തികളെ അതിനു പ്രേരിപ്പിച്ച മൂലകാരണമായ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ജനങ്ങൾക്ക് ആയുധമെടുക്കേണ്ടി വരുന്നതെന്തുകൊണ്ടാണ്. അവരെ അടിച്ചമർത്തിവച്ചിരിക്കുന്നവർ സമ്പൂർണ്ണമായും സായുധരാണെന്ന് മാത്രമല്ല, ജനങ്ങളുടെ ന്യായമായ പ്രക്ഷോഭങ്ങളെ തച്ചുതകർക്കാൻ ഭരണകൂടം ഈ ആയുധം ഉപയോഗിക്കുകയും ചെയ്യുന്നു. നിരാശയിൽനിന്നും അസംതൃപ്തിയിൽനിന്നും ഉടലെടുക്കുന്ന സാഹസ പ്രവർത്തനങ്ങളും സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ പരിവർത്തനങ്ങൾ സൃഷ്ടിക്കുവാൻ ഒരു ഉറച്ച ആശയാടിത്തറയിൽ അധിഷ്ഠിതമായ ജനങ്ങളുടെ സുസംഘടിതവും ചിട്ടയാർന്നതുമായ പ്രക്ഷോഭ സമരങ്ങളും ഒന്നാണെന്ന് തെറ്റിദ്ധരിക്കരുതെന്ന് ഞാൻ അടിവരയിട്ട് പറയുവാൻ ആഗ്രഹിക്കുന്നു.

മധ്യ-പൂർവ്വ പ്രദേശം മേൽസൂചിപ്പിച്ചതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ്. സാമ്രാജ്യത്വ ഗൂഢാലോചനയുടെ ഭാഗമായി കഴിഞ്ഞ 70 വർഷം മുമ്പ് പാലസ്തീൻ ജനതയെ സ്വന്തം മണ്ണിൽനിന്നും പിഴുതെറിഞ്ഞ് ഇസ്രായേൽ രാഷ്ട്രത്തെ കുടിയിരുത്തിയതുമുതൽക്കാണ് സംഘർഷത്തിന്റേയും അക്രമത്തിന്റേതുമായ അന്തരീക്ഷം മധ്യ-പൂർവ്വ പ്രദേശത്ത് ഉടലെടുത്തത്. ജന്മംകൊണ്ട നാൾ മുതൽ ഇസ്രായേൽ അക്രമത്തിന്റെയും ഭീകരതയുടെയും മാർഗ്ഗങ്ങൾ അവലംബിക്കുകയും പാലസ്തീൻ പ്രദേശങ്ങൾ കയ്യേറി ലക്ഷക്കണക്കിന് അറബ് വംശജരെ സ്വന്തം ഭൂമിയിൽ നിന്ന് തുരത്തിയോടിക്കുകയും ചെയ്തു. ഒരു ജനത ഒന്നാകെ അഭയാർത്ഥി ക്യാമ്പുകളിൽ ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിഞ്ഞുകൂടുവാൻ വിധിക്കപ്പെടുകയും ചെയ്തു. ഒരു തലമുറക്കൊന്നാകെ വിദ്യാഭ്യാസവും അരോഗ്യവും ആത്മാഭിമാനവും നിഷേധിക്കപ്പെട്ടു. പാലസ്തീൻ ജനതയുടെ മുറവിളികളും പരിദേവനങ്ങളും സാമ്രാജ്യത്വ ദുഷ്ടശക്തികളുടെ പരിഗണനയ്ക്ക് പാത്രമായതേയില്ല. മറിച്ച്, സാമ്രാജ്യത്വ ശക്തികളുടെ വിശേഷിച്ചും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണയോടെ ഇസ്രയേൽ, പ്രശ്നങ്ങൾ രമ്യവും മാന്യവുമായി പരിഹരിക്കുന്നതിന് പലപ്പോഴും തടസ്സം സൃഷ്ടിച്ചു. ലക്ഷക്കണക്കിന് പാലസ്തീൻ ജനതയെ സ്വന്തം മണ്ണിൽനിന്നും തുരത്തിയോടിക്കുകയും സിവിലിയൻ ജനതയ്ക്കുനേരെ ബോംബു വർഷിക്കുകയും കുട്ടികളെന്നോ, സ്ത്രീകളെന്നോ, പ്രായമായവരെന്നോയുള്ള ഒരുവിധ പരിഗണനയും നൽകാതെ ആയിരങ്ങളെ കൊന്നൊടുക്കുകയും ചെയ്തു. വീടുകൾ ഇടിച്ചുനിരത്തി, ജനങ്ങളെ ഭവന രഹിതരാക്കി. പാലസ്തീൻ അതിർത്തിക്കുള്ളിലൂടെ മുന്നേറുന്ന ടാങ്കുകളെ മറ്റൊരു ആയുധവുമില്ലാതെ കല്ലുകൾ കൊണ്ടു നേരിടുന്ന ചെറുപ്പക്കാരുടെയും കുട്ടികളുടെയും രോഷവും പ്രതിഷേധവും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അധിനിവേശക്കാരെ സായുധമായി ചെറുക്കുന്ന ഏതൊരു പ്രവൃത്തിയേയും ഇസ്രായേലും സാമ്രാജ്യത്വ സഖ്യകക്ഷികളും ഭീകരവാദമായി ചിത്രീകരിക്കുന്നു. പാലസ്തീനിൽ ഹമാസ് വൻഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടതിലുള്ള പ്രതിഷേധം സാമ്രാജ്യത്വശക്തികൾ തുറന്ന് പ്രകടിപ്പിക്കുകയുണ്ടായി. അവർ ഹമാസ്സിന്റെ തെരഞ്ഞെടുപ്പുവിജയത്തെ അംഗീകരിക്കാൻ കൂട്ടാക്കിയില്ലെന്ന് മാത്രമല്ല, ഹമാസ് ഭരണകൂടത്തിനു നേർക്ക് ആക്രമണങ്ങൾ അഴിച്ചുവിടുകയും ചെയ്തു.

ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും ലോകത്ത് അക്രമകേന്ദ്രങ്ങളായിട്ടുള്ള എല്ലായിടങ്ങളിലും സമാനമായ മാതൃക നമുക്ക് ദർശിക്കുവാൻ സാധിക്കും. മിക്ക ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെയും അഴിമതിഗ്രസ്തവും സ്വേച്ഛാധിപത്യപരവുമായ ഭരണകൂടങ്ങൾ അമേരിക്കയുമായി ചങ്ങാത്തത്തിലാണ്. പല ഭരണകൂടങ്ങളും അമേരിക്കയുടെ പിന്തുണയോടെയാണ് അവരോധിക്കപ്പെടുന്നത്. ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഈ രാജ്യങ്ങളെ കൊള്ളയിടിക്കുന്നു. അതേ സമയം ഈ രാജ്യങ്ങളിലെ ജനങ്ങൾക്ക് കടുത്ത ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കഴിഞ്ഞുകൂടേണ്ടിവരുന്നു. വിദേശ സാമ്പത്തിക താൽപ്പര്യങ്ങളെ രാജ്യത്തുനിന്നും പടികടത്തുവാൻ സോഷ്യലിസ്റ്റ് മാതൃകയിൽ സമൂഹത്തെ പുനഃസംഘടിപ്പിക്കുവാനും ലക്ഷ്യംവച്ചുകൊണ്ട് വളർന്നുവരുന്ന ശക്തമായ ജനകീയ ചെറുത്തുനിൽപ്പ് പോരാട്ടങ്ങളെ ഭീകരവാദമെന്ന് ഉടനടി മുദ്രകുത്തുകയും സർവ്വവിധ ശക്തിയും സമാഹരിച്ച് അവയെ തച്ചുതകർക്കുകയും ചെയ്യുന്നു. അമേരിക്കയെ എതിർക്കുവാൻ ധൈര്യം കാണിക്കുന്ന ഏതൊരു രാജ്യത്തിനും സാമ്പത്തിക ഉപരോധ, സൈനികമായ ഇടപെടൽ, നഗ്നമായ ആക്രമണം എന്നിവയെ നേരിടേണ്ടിവരുന്നു.

ആഫ്രിക്കൻ രാജ്യമായ സുഡാൻ അമേരിക്കയുടെ ആജ്ഞയ്ക്ക് വിരുദ്ധമായി തങ്ങളുടെ സാമ്പത്തിക സ്രോതസ്സുകൾ സമാഹരിച്ചുകൊണ്ട് സ്വതന്ത്രമായൊരു വികസന നയം പിന്തുടരുവാൻ പരിശ്രമിച്ചു. തങ്ങളുടെ എണ്ണ സ്രോതസ്സുകളിൽ അവർ അമേരിക്കയെ പ്രവേശിപ്പിച്ചില്ല. മാത്രവുല്ല, അമേരിക്കയുടെ നേതൃത്വത്തിൽ ഇറാഖിനുനേർക്ക് സാമ്രാജ്യത്വശക്തികൾ നടത്തിയ ആക്രമണത്തെയും തുടർന്നുള്ള അധിനിവേശത്തെയും അവർ പിന്തുണച്ചതുമില്ല. സുഡാൻ അമേരിക്കയുടെ ശത്രുതയ്ക്ക് പാത്രമായി. അമേരിക്കൻ സാമ്രാജ്യത്വം മറ്റ് സാമ്രാജ്യത്വ സുഹൃത്തുക്കളുമായി ചേർന്ന് സുഡാൻ പ്രസിഡന്റ് ഒമാർ ഹസ്സൻ -അൽ-ബഷീറിനെ അദ്ദേഹം നടത്തിയ യുദ്ധക്കുറ്റകൃത്യങ്ങൾക്കും മനുഷ്യരാശിക്കെതിരെ നടത്തിയ കുറ്റകൃത്യങ്ങൾക്കും അന്തർദ്ദേശീയ ക്രിമിനൽ കോടതി മുമ്പാകെ ഹാജരാക്കി. മാത്രവുമല്ല, സുഡാൻ ജനതയിൽ ഒരു വിഭാഗത്തിന്റെ വിഭാഗീയ പ്രവർത്തനങ്ങൾക്ക് അവർ സർവ്വവിധ സഹായവും ചെയ്തുകൊടുക്കുകയും ദക്ഷിണ സുഡാൻ പ്രദേശം രാജ്യത്തുനിന്നും വിട്ടുപോകുവാൻ ഇടയാക്കുകയും ചെയ്തു. സാമ്രാജ്യത്വ ഇടങ്കോലിടലുകൾക്കും യുഗോസ്ലാവിയയെ അസ്ഥിരപ്പെടുത്തുവാനും ഛിന്നഭിന്നമാക്കുവാനുമുള്ള സാമ്രാജ്യത്വ ദുഷ്ടപദ്ധതിക്കുമെതിരെ യുഗോസ്ലാവിയൻ പ്രസിഡന്റ് സ്ലൊബോദാൻ മിലോസെവിച്ച് ഉറച്ച നിലപാട് സ്വീകരിച്ചു. സാമ്രാജ്യത്വ പ്രചാരണ സംവിധാനം മിലോസെവിച്ചിനെ പിശാചായി ചിത്രീകരിച്ചു. ഐക്യരാഷ്ട്ര സഭയുടെ ക്രിമിനൽ ട്രിബ്യൂണൽ മനുഷ്യരാശിക്കെതിരെ മിലോസെവിച്ച് നടത്തിയ ക്രൂരകൃത്യങ്ങളുടെ പേരിൽ അദ്ദേഹത്തെ കുറ്റക്കാരനെന്ന് വിധിച്ചു.

മുൻ അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷ് ഭീകരതയ്ക്കെതിരെ ഒരു ‘ഉയർന്ന ധാർമ്മിക നിലപാട്’ സ്വീകരിക്കുകയും ഭീകരതയ്ക്കെതിരെ ആഗോള യുദ്ധമെന്ന മുദ്രാവാക്യം ഇറാഖിനെയും അഫ്ഗാനിസ്ഥാനെയും തകർക്കുവാനായി ഉപയോഗിക്കുകയും ചെയ്തു. അതേ നയമാണ് ബരാക് ഒബാമയും പിന്തുടരുന്നത്. സിറിയക്കും ഇറാനുമെതിരെ ഭീകരത എന്ന പ്രചരണമാണ് അഴിച്ചുവിടുന്നത്. തങ്ങളുടെ ഗൂഢലക്ഷ്യങ്ങൾ സാധിച്ചെടുക്കുന്നതിനുവേണ്ടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭീകര സംഘടനകളെ സഹായിക്കുകയും അവർക്ക് അഭയമരുളുകയും ചെയ്തിട്ടുള്ളതിന്റെ ദീർഘകാലത്തെ ചരിത്രമുള്ളത് ഇതേ അമേരിക്കക്കാണ്.

യുഗോസ്ലാവിയയിൽ കൊസോവോ വിമോചന സൈന്യത്തിന് എല്ലാവിധ സഹായ സഹകരണങ്ങളും ചെയ്തുകൊടുക്കുക, ഇറാനിൽ ജൂണ്ടാള്ളാ അഥവാ ഇറാനിയൻ പീപ്പിൾസ് റസിസ്റ്റൻസ് മൂവ്മെന്റ്, അതുപോലെ എംഇകെ (മുജാഹദീൻ-ഇ-കലേക്) എന്നീ സംഘടനകളെയും അഫ്ഗാനിസ്ഥാനിൽ മുജാഹുദ്ദീനെയും അർമേനിയയിൽ റ്റാഷ്നാകിനെയുമെല്ലാം അമേരിക്ക പിന്തുണയ്ക്കുന്നുവെന്ന കാര്യം ആർക്കാണ് അറിഞ്ഞുകൂടാത്തത്. പല ഭീകര സംഘടനകൾക്കും അമേരിക്കയിൽ പരിശീലനം നൽകുന്നു. അതുപോലെ അമേരിക്കയെ എതിർക്കുന്ന രാജ്യങ്ങൾക്കുള്ളിൽ ഭീകര-വിധ്വംസക പ്രവർത്തനങ്ങൾ നടത്തുവാൻ സാമ്പത്തികവും സൈനികവുമായ സഹായങ്ങൾ അമേരിക്ക ചെയ്യുന്നു. അഫ്ഗാനിസ്ഥാനിൽ ഭീകരപ്രവർത്തനങ്ങൾക്കും ഗറില്ലാ യുദ്ധമുറകൾക്കും ബോംബുണ്ടാക്കുന്നതിനും മറ്റുമായി ആയിരക്കണക്കിന് പേർക്കാണ് സിഐഎ പരിശീലനം നൽകിയത്. ഒസാമ ബിൻലാദന് തന്റെ അഫ്ഗാൻ കുരിശുയുദ്ധത്തിന് നിർലോഭമായ സാമ്പത്തികവും സൈനികവുമായ സഹായങ്ങൾ നൽകിയത് അമേരിക്കയാണെന്ന റിപ്പോർട്ടുകളുണ്ട്. ജനാധിപത്യത്തെ പിന്തുണയ്ക്കുന്നതിന്റെ പേരിൽ സിറിയയിലെ വിമതർക്ക് അവർ ആയുധങ്ങൾ വിതരണം

*(ശേഷം 11-ാം പേജിൽ)*

# ഭരണകൂട ഭീകരതയുടെ മുഖ്യസൂത്രധാരൻ അമേരിക്ക

സഖാവ്
മണിക് മുഖർജി

(10-ാം പേജിൽ നിന്ന്)

ചെയ്യുന്നു. അതുപോലെ ആ രാജ്യത്തെ ശിഥിലീകരിക്കുവാനായി ആഭ്യന്തര കലാപങ്ങൾ കുത്തിപ്പൊക്കുന്നു.

യുഎസ്എയിലെ ജോർജ്ജിയയിൽ കഴിഞ്ഞ 50 വർഷമായി പ്രവർത്തിച്ചുവരുന്ന വെസ്റ്റേൺ ഹെമിസ്ഫീയർ ഇൻസ്റ്റിറ്റ്യൂറ്റ് ഫോർ സെക്യൂരിറ്റി കോ-ഓപ്പറേഷൻ എന്ന ഭീകരവാദികൾക്ക് പരിശീലനം നൽകുന്ന സ്ഥാപനത്തെ സാമ്പത്തിക സഹായം നൽകി നിലനിർത്തിയത് അമേരിക്കയാണ്. ലാറ്റിൻ അമേരിക്കയിലെ ഏറ്റവും കുപ്രസിദ്ധരായ മനുഷ്യാവകാശ ധ്വംസകരും കൂട്ടക്കൊലകൾക്ക് നേതൃത്വം നൽകിയവരും സ്വേച്ഛാധിപതികളും ഭരണകൂടഭീകരവാദികളുമായ പലരും ഈ സ്ഥാപനത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. ഗ്വാട്ടിമാല, എൽ സാൽവഡോർ, പനാമ, ചിലി, കൊളംബിയ, തുടങ്ങി പല രാജ്യങ്ങളിലെയും ഏറ്റവും ഹീനമായ പൈശാചിക കൃത്യങ്ങൾക്ക് കാരണക്കാരാണ് ഇക്കൂട്ടർ. തങ്ങളുടെ ശത്രുക്കൾക്കെതിരെ അട്ടിമറി പ്രവർത്തനം നടത്തുവാനായി ഭീകരവാദികൾക്ക് സർവ്വവിധ പ്രോൽസാഹനവും നൽകുകയെന്ന അമേരിക്കൻ നയസമീപനമാണ് ഫ്രാങ്കെസ്റ്റെയിനുകളെ സൃഷ്ടിച്ചതും അവർ പിന്നീട് അമേരിക്കക്കുനേരെ തോക്കുചൂണ്ടുന്ന സ്ഥിതിവിശേഷം ഉടലെടുത്തതും. ഒസാമ ബിൻലാദന്റെ കഥയും വ്യത്യമല്ല. ജനങ്ങളുടെ വെറുപ്പിന് പാത്രമായ, നിയമവിരുദ്ധവും സ്വേച്ഛാധിപത്യപരവും ക്രൂരവുമായ ഭരണകൂടങ്ങളെ തങ്ങളുടെ പണവും സൈനിക കരുത്തും ഉപയോഗിച്ച് സംരക്ഷിച്ച് താങ്ങിനിർത്തിയതും ജനാധിപത്യ നീക്കങ്ങളെ തടഞ്ഞുനിർത്തിയതും അമേരിക്കൻ സാമ്രാജ്യത്വമാണെന്നതിന്റെ അസംഖ്യം ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. പനാമയിലെ മാനുവൽ നൊരീഗ, ചിലിയിലെ പിനോഷെ തുടങ്ങിയ ക്രിമിനൽ സ്വേച്ഛാധികാരികളെ സംരക്ഷിച്ചുനിർത്തിയത് അമേരിക്കൻ സാമ്രാജ്യത്വമാണ്.

യു.എസ് പിന്തുണയോടെയാണ് ഗ്വാട്ടിമാല, എൽ സാൽവഡോർ, ചിലി, അർജന്റീന, കൊളമ്പിയ തുടങ്ങിയ രാജ്യങ്ങളിലെ ഭരണാധികാരികൾ കൂട്ടക്കൊലയ്ക്കും വംശീയമായ തുടച്ചുനീക്കലിനും വിവരണാതീതമായ ക്രൂരതയ്ക്കും നേതൃത്വം കൊടുത്തത്. ഈ രാജ്യങ്ങളിലെ ഭരണാധികാരികൾ ജനങ്ങളെ വേട്ടയാടി, അവരെ ഭീകരമായി പീഡിപ്പിച്ചു, കർഷകരെയും തൊഴിലാളികളെയും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പുരോഹിതരെയും കൊന്നൊടുക്കി. ഈ ഭരണകൂടങ്ങൾക്കെല്ലാം ഫണ്ട് നൽകിയതും സൈനിക സഹായങ്ങൾ നൽകിയതും ഭീകരരെ അമർച്ച ചെയ്യുവാനെന്ന പേരിൽ പരിശീലനം നൽകിയതും നയതന്ത്രപരമായ പിന്തുണ നൽകി പിന്തുണച്ചതും അമേരിക്കൻ ഭരണകൂടമാണ്.

ഇസ്രായേലിന് ആയുധങ്ങളും യുദ്ധവിമാനങ്ങളും ടാങ്കുകളും വിതരണം ചെയ്യുന്നത് അമേരിക്കയാണ്. ഈ ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഇസ്രായേൽ പാലസ്തീൻ ജനതക്കുനേരെ ആക്രമണം അഴിച്ചുവിടുന്നതും പാലസ്തീൻ ഭൂപ്രദേശങ്ങൾ കയ്യേറുന്നതും. ഒരുവശത്ത് ഇസ്രായേൽ കൈവരിച്ചിരിക്കുന്ന ആണവശേഷി അമേരിക്ക കണ്ടില്ലെന്ന് നടിക്കുകയും മറുവശത്ത് കൂട്ടനശീകരണ ശേഷിയുള്ള ആയുധങ്ങൾ കൈവശമുണ്ടെന്ന തെറ്റായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇറാഖിനെതിരെ യുദ്ധം അഴിച്ചുവിടുകയും ചെയ്തു. ഇറാന്റെ ആണവ പദ്ധതി സമാധാനാവശ്യങ്ങൾക്കുവേണ്ടി മാത്രമുള്ളതാണെന്ന് ആ രാജ്യം ആവർത്തിച്ച് വെളിപ്പെടുത്തിയിട്ടും ആണവശേഷി ആർജ്ജിച്ചിരിക്കുന്നുവെന്ന പേരിൽ അമേരിക്ക ഇന്നിപ്പോൾ ഇറാനുനേർക്ക് തിരിഞ്ഞിരിക്കുകയാണ്. നമ്മുടെ അയൽ രാജ്യമായ പാക്കിസ്ഥാനിൽ ജനങ്ങളുടെ പൗരാവകാശങ്ങൾ ധ്വംസിക്കുകയും അവർക്ക് സ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്യുന്ന, സമൂഹത്തിലെ കടുത്ത വലതുപക്ഷ ശക്തികളെ പരിപോഷിപ്പിക്കുകയും ചെയ്യുന്ന സ്വേച്ഛാധിപത്യ സൈനിക മേധാവി മുഷാറഫുമായി അമേരിക്ക സഖ്യത്തിലായിരുന്നു. ലോകത്തെവിടെയും കുറ്റവാളികൾക്കും സ്വേച്ഛാധികാരികൾക്കും പിന്തുണ നൽകുന്നതുമൂലം ഈ രാജ്യങ്ങളിലെ ജനങ്ങൾക്കിടയിൽ അമേരിക്കക്കെതിരെ രോഷവും അമർഷവും നുരഞ്ഞുപൊന്തുന്നുണ്ട്. അമേരിക്കക്കെതിരെയുള്ള ഹിംസാത്മകമായ ആക്രമണത്തിന് നിശബ്ദമായ പിന്തുണ ലഭിക്കുന്നുമുണ്ട്. എന്നാൽ ഇതൊന്നും അമേരിക്കയെ ആക്രമണോൽസുകതയിൽനിന്നും പിന്തിരിപ്പിക്കുന്നില്ല. അമേരിക്കക്കും അവരുടെ നയസമീപനങ്ങൾക്കുമെതിരെ ലോകമെമ്പാടുമുയരുന്ന പ്രതിഷേധ ശബ്ദങ്ങളെ ഭീകരവാദമായി ചിത്രീകരിക്കുകയും അവയെ അടിച്ചൊതുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അക്രമം എപ്പോഴും അക്രമത്തിന് വഴിവെക്കുമെന്ന യാഥാർത്ഥ്യം അമേരിക്ക മനസ്സിലാക്കുന്നതേയില്ല.

വിയറ്റ്നാമിൽ അമേരിക്ക നടത്തിയ കൊടുംക്രൂരതയേക്കുറിച്ചും ജപ്പാൻ സർക്കാർ രണ്ടാം ലോകമഹായുദ്ധത്തിൽ കീഴടങ്ങലിന്റെ വക്കോളമെത്തിയതിനുശേഷവും ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക നടത്തിയ ബോംബുവർഷത്തെക്കുറിച്ചും നമുക്കേവർക്കും അറിവുള്ള കാര്യമാണ്. ഈ ഹീനകൃത്യങ്ങൾ ഉള്ളടക്കത്തിൽ ഭീകര പ്രവർത്തനങ്ങളിൽനിന്ന് വിഭിന്നമാണോ? 1959 മുതൽ സി.ഐ.എയും പെന്റഗണും ചേർന്ന് ക്യൂബക്കെതിരെ നിരവധിയായ ഭീകര പ്രവർത്തനങ്ങൾക്ക് പദ്ധതിയിടുകയും അവ നടപ്പിലാക്കുകയും ചെയ്തു. ഫിഡൽ കാസ്ട്രോയെ വധിക്കുവാൻ നിരവധിയായ ശ്രമങ്ങൾ നടത്തി, ആ ശ്രമങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. സോവിയറ്റ് യൂണിയന്റെ തകർച്ചയെ തുടർന്ന് യുഎസ്എയിലും മധ്യ അമേരിക്കയിലും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഭീകര ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ശക്തമായി. ക്യൂബയിലും വെനിസ്വേലയിലും ഭീകരപ്രവർത്തനങ്ങൾ നടത്തിയ പല ക്രിമിനലുകൾക്കും അമേരിക്കയിൽ സംരക്ഷണവും അഭയവും നൽകുന്നു. അതേ സമയം നിരവധി ക്യൂബൻ പൗരന്മാർ കള്ളക്കേസ്സുകൾ ചുമത്തപ്പെട്ട് അമേരിക്കൻ ജയിലുകളിൽ കഴിയുന്നു. 1980 കളിൽ നിക്കരാഗ്വേ എന്ന രാജ്യം അമേരിക്കയുടെയും സി.ഐ.എ പിന്തുണയുള്ള വലതുപക്ഷ ഗറില്ലാ ഗ്രൂപ്പ് കോൺട്രയുടെയും ഭീകരാക്രമണത്തിന് വിധേയമായി. ആയിരക്കണക്കിന് സാധാരണ ജനങ്ങളാണ് ഈ ആക്രമണങ്ങളിൽ കൊലചെയ്യപ്പെട്ടത്. ആ രാജ്യം തകർത്തുതരിപ്പണമാക്കപ്പെട്ടു. നിയമവിരുദ്ധമായി സൈന്യത്തെ ഉപയോഗിച്ചുവെന്ന കുറ്റം അന്തർദ്ദേശീയ കോടതി അമേരിക്കക്കുനേരെ ചുമത്തുകയും കഷ്ട-നഷ്ടങ്ങൾ പരിഹരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സെക്യൂരിറ്റി കൗൺസിലും യു.എൻ ജനറൽ അസംബ്ലിയും അമേരിക്കയുടെ നേതൃത്വത്തിൽ അരങ്ങേറിയ ഹീനകൃത്യത്തെ അപലപിക്കുകയും ചെയ്തു. എന്നാൽ ഈ നടപടികളെയെല്ലാം അമേരിക്കൻ സാമ്രാജ്യത്വം തികഞ്ഞ പുച്ഛത്തോടെ അവഗണിക്കുകയാണ് ചെയ്തത്. 1985-ൽ അമേരിക്കയിലെ റെയ്ഗൺ ഭരണകൂടം ഒരു മുസ്ലീം പുരോഹിതനെ ലക്ഷ്യംവച്ച് ബയ്റൂട്ടിൽ ഒരു ഭീകര ബോംബാക്രമണം നടത്തി. ഈ ആക്രമണത്തിൽ നിഷ്കളങ്കരും നിരപരാധികളുമായ നൂറുകണക്കിന് ആളുകൾ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുയും ചെയ്തു. 1998-ൽ സുഡാനിലെ ഒരു ഫാർമസ്യൂട്ടിക്കൽ പ്ലാന്റിനുനേർക്ക് അമേരിക്ക മിസൈൽ ആക്രമണം നടത്തി. സുഡാൻ രാസായുധങ്ങൾ നിർമ്മിക്കുന്നുവെന്ന് ആരോപിച്ചുകൊണ്ടാണ് ഈ ആക്രമണം നടത്തിയത്. പിന്നീട് അമേരിക്കയുടെ ഈ ആരോപണം അടിസ്ഥാന രഹിതമാണെന്ന് തെളിയുകയുണ്ടായി. സുഡാനിലെ 60 ശതമാനം മരുന്നുകളും ഉൽപ്പാദിപ്പിച്ചിരുന്ന ആ പ്ലാന്റിന്റെ നാശം ആ രാജ്യത്ത് മരുന്നിന്റെ ലഭ്യത ഇല്ലാതാക്കി. ഇറാഖിനുനേർക്ക് അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വശക്തികൾ നടത്തിയ ആദ്യത്തെ ആക്രമണത്തെത്തുടർന്ന് ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധം മൂലം ആഹാരവും മരുന്നും ലഭിക്കാതെ കുട്ടികളുൾപ്പെടെ ലക്ഷക്കണക്കിനാളുകൾക്കാണ് ജീവൻ നഷ്ടപ്പെട്ടത്. ഇറാഖിനുനേർക്കുള്ള രണ്ടാമത്തെ ആക്രമണവും തുടർന്നുള്ള സൈനിക അധിനിവേശവും ആ രാജ്യത്തെ തകർത്തുതരിപ്പണമാക്കി, ഇറാഖിലെ സാമൂഹ്യ-രാഷ്ട്രീയ-ഭരണ സംവിധാനങ്ങൾ താറുമാറാക്കി. രാജ്യത്ത് നിയമവാഴ്ച ഇല്ലാതാക്കുകയും സമ്പൂർണ്ണമായ അരാജകത്വവും ഭ്രാതൃഹത്യാപരമായ ഏറ്റുമുട്ടലുകൾ അരങ്ങേറുകയും ചെയ്യുന്നു. നിത്യേന വിവിധ അക്രമിസംഘങ്ങൾ നിഷ്കളങ്കരായ ജനങ്ങളെ കൊന്നൊടുക്കുന്നു. ബോംബുവർഷത്തിലൂടെയും സൈനികമായ അധിനിവേശത്തിലൂടെയും അഫ്ഗാനിസ്ഥാനെ തച്ചുതകർത്തതിനുശേഷം അമേരിക്ക, അഫ്ഗാനിസ്ഥാനിൽ ഭക്ഷണം വിതരണം ചെയ്യുന്നത് അവസാനിപ്പിക്കുവാൻ പാക്കിസ്ഥാനോട് നിർദ്ദേശിക്കുകയും അങ്ങനെ സാധാരണ ജനങ്ങളെ പട്ടിണിയിലേക്ക് തള്ളിവിടുകയും ചെയ്തു. അമേരിക്കയുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ആക്രമണങ്ങളും സൈനികമായ അധിനിവേശങ്ങളുമാണ് നോം ചോംസ്കി അമേരിക്കയെ ഒന്നാം നമ്പർ ഭീകര രാഷ്ട്രമെന്ന് വിശേഷിപ്പിക്കുവാൻ ഇടയാക്കിയത്. പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ചരിത്രാധ്യാപകൻ അർനോ മേയർ അഭിപ്രായപ്പെട്ടു: 1947-നുശേഷം ഭരണകൂട ഭീകരതയുടെ മുഖ്യസൂത്രധാരൻ അമേരിക്കയാണ്.

സിറിയയിൽ നടന്നുകൊണ്ടിരിക്കുന്ന സായുധ സംഘർഷത്തിൽ സർക്കാരിനെതിരെ സൈനികമായ യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന വിമത ശക്തികൾക്കൊപ്പമാണ് സാമ്രാജ്യത്വശക്തികൾ. സിറിയൻ പ്രസിഡന്റ് ബേസിൽ എൽ അസാദ് സ്ഥാനമൊഴിയണമെന്ന് അവർ നിർലജ്ജം ആവശ്യപ്പെടുകയും ചെയ്യുന്നു. ഈ വിമത ഗ്രൂപ്പുകളുടെ പ്രവർത്തനം മൂലം രാജ്യത്തിനുള്ളിൽ സംഘർഷം സൃഷ്ടിക്കപ്പെടുകയും ആഭ്യന്തര യുദ്ധത്തിന് സമാനമായ സാഹചര്യം ഉടലെടുക്കുകയും നിരവധി സാധാരണക്കാർ കൊല്ലപ്പെടുകയും കനത്ത നാശനഷ്ടങ്ങൾ വരുത്തിവയ്ക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വ ശക്തിളുടെ കുൽസിത നീക്കങ്ങളുടെ ഏറ്റവും ഒടുവിലത്തെ രംഗപീഠം ഉക്രെയിനാണ്. ഉക്രെയിനിൽ സർക്കാരിനെ അസ്ഥിരപ്പെടുത്തുവാനും പ്രസിഡന്റ് യാനുക്കോവിച്ചിനെ പുറത്താക്കുവാനും തങ്ങളുടെ പാവ സർക്കാരിനെ അധികാരത്തിൽ അവരോധിക്കുവാനുമായി ഇക്കൂട്ടർ വിമത ഗ്രൂപ്പുകളെ ആവോളം പ്രോൽസാഹിപ്പിക്കുകയും അവർക്കുവേണ്ട എല്ലാവിധ സഹായസഹകരണങ്ങൾ നൽകുകയും ചെയ്യുന്നു. ഇറാഖിലെ അബു ഗ്രെയ്ബ് ജയിലിൽ തടവുകാർക്ക് നേരിടേണ്ടിവന്ന മൃഗീയമായ അവമതിയും ക്യൂബയ്ക്ക് സമീപമുള്ള ഗ്വാണ്ടനാമോ ജയിലിൽ തടവുകാർ നേരിടുന്ന പീഡനവും അമേരിക്കൻ ഭരണകൂടത്തിന്റെ ഫാസിസ്റ്റ് സ്വഭാവം വെളിപ്പെടുത്തുന്നതാണ്. ലിബിയ, സുഡാൻ, അഫ്ഗാനിസ്ഥാൻ, ഇറാഖ്, സെർബിയ, സെൻട്രൽ അമേരിക്ക തുടങ്ങി വിവിധ രാജ്യങ്ങളിലെ നിഷ്ക്കളങ്കരായ ജനങ്ങൾക്കുമേൽ അമേരിക്ക എത്രയോ വർഷങ്ങളായി ബോംബു വർഷിക്കുന്നു. നിഷ്ക്കളങ്കരായ ജനങ്ങളെ കൊന്നൊടുക്കുന്നത് ഭീകരപ്രവർത്തനമല്ലെങ്കിൽ പിന്നെ മറ്റെന്താണ്?

ഇന്ന് ആഗോളവൽക്കരണത്തിന്റെ പേരിൽ സാമ്രാജ്യത്വശക്തികളും അവരുടെ പിണിയാളുകളും വിവിധ രാജ്യങ്ങളിലെ ജനങ്ങളെ നിർദ്ദയവും നിഷ്ഠുരവുമായ ചൂഷണത്തിന് വിധേയമാക്കുന്നു. ഉപജീവനോപാധികൾ നഷ്ടപ്പെടുക, തൊഴിലില്ലായ്മ, ഭൂമിയിൽനിന്നും പിഴുതെറിയപ്പെടുക, പരമ്പരാഗത ജീവിതമാർഗ്ഗങ്ങളുടെ നാശം ഇവയെല്ലാം വൻതോതിൽ വർദ്ധിച്ചിരിക്കുകയാണ്. ചൂഷണവാഴ്ചക്കെതിരെ വിവിധ രാജ്യങ്ങളിലെ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ സംഘടിച്ച് പ്രതിഷേധവുമായി മുന്നോട്ടുവരുമ്പോൾ മുതലാളിത്ത ഭരണാധികാരികൾ ഭരണകൂട സംവിധാനം ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെ ന്യായമായ പ്രക്ഷോഭങ്ങളെ അമർച്ച ചെയ്യുന്നു. എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ഭരണകൂട ഭീകരത സർവ്വസാധാരണമായിരിക്കുന്നു. ഈ ഭരണകൂട ഭീകരത വിവിധ രൂപങ്ങൾ കൈക്കൊള്ളുന്നു. ചിലപ്പോൾ സ്വന്തം ജനതയെ അടിച്ചമർത്തുവാനും എതിർശബ്ദങ്ങളെ അമർച്ച ചെയ്യുവാനുമായി ജനങ്ങൾക്കുനേരെ ഭീഷണിമുഴക്കി ഭീതിയിലാഴ്ത്തുന്നു. എതിരാളികളെ രഹസ്യവിചാരണയ്ക്ക് വിധേയമാക്കുന്നു. ഭരണകൂടം ശത്രുക്കളായി സംശയിക്കുന്നവരുടെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും ശിക്ഷിക്കുന്നു. ജനങ്ങൾക്കുനേരെ നിയമവ്യവസ്ഥയ്ക്കതീതമായി പോലീസിനെയും സൈന്യത്തെയും ഉപയോഗിക്കുന്ന രീതി എല്ലാ മുതലാളിത്ത രാജ്യങ്ങളിലെയും വർദ്ധിച്ചുവരുന്ന പ്രവണതയാണ്. ഭരണകൂടത്തിന് ഭീഷണിയെന്ന് കരുതുന്ന വ്യക്തികൾക്കെതിരെ ഭീകരതയെന്ന തന്ത്രം ഉപയോഗിച്ച് അവർക്കെതിരെ കരുനീക്കങ്ങൾ നടത്തുന്നു. അത്തരം പ്രവൃത്തികളെ അനൗദ്യോഗികമായി നിലനിർത്തുകവഴി അത്തരം പ്രവൃത്തികളുടെ ഉത്തരവാദിത്തം സർക്കാരിന് നിഷേധിക്കുവാനും ഇരകൾക്ക് നിയമപരമായി ലഭിക്കേണ്ട നീതിക്ക് തടയിടുവാനും സാധിക്കുന്നു. ഭീകരസംഘടനകൾക്ക് പണവും ആയുധങ്ങളും പരിശീലനവും മറ്റുരൂപത്തിലുള്ള സഹായങ്ങളും ഭരണകൂടംതന്നെ നൽകുകയെന്നതാണ് രണ്ടാമത്തെ മാർഗ്ഗം.

ഭീകരതയെ ചെറുക്കാനെന്ന പേരിൽ രാജ്യത്തെ പൗരന്റെ സ്വാതന്ത്ര്യവും അവകാശങ്ങളും വെട്ടിക്കുറയ്ക്കുകയെന്നതാണ് സാമ്രാജ്യത്വ ശക്തികളുടെ മറ്റൊരു തന്ത്രം. പ്രസിഡന്റ് ബുഷ് പ്രഖ്യാപിച്ചു: സ്വാതന്ത്ര്യം ആക്രമണത്തിന് വിധേമായിരിക്കുകയാണ്, എന്നാൽ സ്വാതന്ത്ര്യത്തെ പരാജയപ്പെടുത്തുവാനാകില്ല എന്നാൽ സെപ്റ്റംബർ 11-ന്റെ സംഭവത്തിനുശേഷം അമേരിക്കയിൽ ഏറ്റവുമധികം ഭീഷണി നേരിടുന്നത് ഇതേ സ്വാതന്ത്ര്യത്തിനാണ്. രഹസ്യമായ അറസ്റ്റുകൾ, രഹസ്യമായ തടങ്കൽ പാർപ്പിക്കലുകൾ, രഹസ്യമായ വിചാരണകൾ, പീഡനം ഒരു നിത്യശൈലിയാക്കി മാറ്റിയ രാജ്യങ്ങളിലേക്ക് പ്രതികളെ ചോദ്യം ചെയ്യുവാനായി വിട്ടുകൊടുക്കുക ഇവയെല്ലാം അമേരിക്കൻ ഭരണകൂടത്തിന്റെ ഫാസിസ്റ്റ് സ്വഭാവം വെളിപ്പെടുത്തുന്നതാണ്. കുത്തക മൂലധനത്തിന്റെയും സാമ്രാജ്യത്വത്തിന്റേതുമായ ഇന്നത്തെ ഘട്ടത്തിൽ തങ്ങളുടെ കേന്ദ്രീകൃത സമ്പദ്ഘടനയും കേന്ദ്രീകൃത ഭരണസംവിധാനവും വ്യാവസായിക-സൈനിക കൂട്ടുകെട്ടിന്റെ ശക്തിയും എല്ലാ മുതലാളിത്ത രാജ്യങ്ങൾക്കും ഏറിയും കുറഞ്ഞും തോതിൽ ഫാസിസ്റ്റ് സ്വഭാവം നേടിക്കൊടുത്തിട്ടുണ്ട്. ജനാധിപത്യ അവകാശങ്ങളെ കശാപ്പുചെയ്യുകയും ജനങ്ങളുടെ വർഗ്ഗ-ബഹുജന സമരങ്ങളെ നിർദ്ദയം അടിച്ചമർത്തുകയും ചെയ്യുന്നു. ആധുനിക ഫാസിസം സർവ്വാധികാരങ്ങളും കേന്ദ്രീകരിക്കപ്പെട്ട സ്വേച്ഛാധിപത്യ ഭരണത്തിന്റെ രൂപം എല്ലായിടത്തും കൈക്കൊള്ളണമെന്നില്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ ആവരണം നിലനിർത്തിക്കൊണ്ടും ഫാസിസം കൊണ്ടുവരാൻ സാധിക്കും. ഭരണകൂടത്തിൽ അധികാരങ്ങൾ കേന്ദ്രീകരിക്കുക, വ്യവസായ മൂലധനത്തിന്റെയും ഫിനാൻസ് മൂലധനത്തിന്റെയും ലയനത്തിലൂടെ

(ശേഷം 16-ാം പേജിൽ)

# കോൺഗ്രസ്സും ബിജെപിയും മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത പ്രതിനിധികൾ

(3-ാം പേജിൽ നിന്ന്)

നൽകുന്നില്ല. ഈ വസ്തുത ഗ്രഹിച്ചില്ലെങ്കിൽ ഓഹരിക്കമ്പോളത്തിലെ കുതിപ്പ് ചൂണ്ടിക്കാട്ടി സാമ്പത്തിക രംഗം അഭിവൃദ്ധിപ്പെടുന്നതായി നടത്തുന്ന പ്രചാരണത്തിൽ വശംവദരായി പോകും.

ഇവിടെ രണ്ടുകാര്യങ്ങൾ മനസിലാക്കണം. ഒന്ന്, ഓഹരിക്കമ്പോളത്തിലെ നിക്ഷേപവും യഥാർത്ഥ സാമ്പത്തിക വികാസവും തമ്മിൽ ബന്ധമൊന്നുമില്ല. ഓഹരിക്കമ്പോളത്തിലെ കച്ചവടം യഥാർത്ഥ കമ്പോളത്തിലെ അവശ്യവസ്തുക്കളുടെ കച്ചവടമല്ല. ഇതിന് സാധനങ്ങൾ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന സാധാരണ സാമ്പത്തിക പ്രവർത്തനവുമായി ബന്ധമൊന്നുമില്ല. ഒരു പുതിയ ഉല്പാദനസംരംഭം തുടങ്ങുന്നതിനായി ഓഹരികൾ വിൽപ്പനക്ക് വയ്ക്കുകയോ കടപ്പത്രം ഇറക്കുകയോ ഒക്കെ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക രംഗത്ത് നേരിട്ട് ബന്ധമുണ്ട്. ഇത് പക്ഷേ പ്രാഥമിക മൂലധന കമ്പോളമാണ്. എന്നാൽ നിലവിലുള്ള ഓഹരികൾ അങ്ങോട്ടുമിങ്ങോട്ടും വില്പന നടത്തുന്നത് വെറുതെ കൈമാറുക മാത്രം ചെയ്യുന്നതുകൊണ്ട് ഒരു സാമ്പത്തിക വളർച്ചയും ഉണ്ടാകുന്നില്ല. ദ്വിതീയ മൂലധന കമ്പോളം എന്നറിയപ്പെടുന്ന ഈ രംഗത്താണ് ഇപ്പോൾ വിദേശനിക്ഷേപകർ ചൂതുകളി നടത്തുന്നത്. ഇത് വെറും ഭാഗ്യാന്വേഷണം മാത്രം. ഉല്പാദനരംഗത്ത് ഒരു ചലനവുമുണ്ടാക്കുന്നില്ല. ബി.ജെ.പിയുടേത് ഒരു ബിസിനസ് സൗഹൃദസർക്കാർ ആയിരിക്കുമെന്നാണ് ഇവർ കണക്കുകൂട്ടുന്നത്. കൂടുതൽ മേഖലകൾ തുറന്ന് വെയ്ക്കുമെന്നും നിലവിലുള്ള നിയന്ത്രണങ്ങൾ കൂടി എടുത്തുകളയണമെന്നും അതുവഴി ഊഹക്കച്ചവടത്തിന് കൂടുതൽ സാഹചര്യം ഒരുങ്ങുമെന്നും ഇവർ കരുതുന്നു എന്നതാണ് രണ്ടാമത്തെ വശം. ഓഹരിക്കമ്പോളത്തിലെ ഈ ഉയർച്ചയാണ് രൂപയുടെ മൂല്യവർദ്ധനക്കും കാരണം എന്ന കാര്യവും മനസ്സിലാക്കണം. എന്നാൽ വിദേശ നിക്ഷേപകർ പണം പിൻവലിച്ചാൽ എപ്പോൾ വേണമെങ്കിലും ഇത് താഴോട്ടുപോകാം എന്ന കാര്യവും മറക്കരുത്. അതുകൊണ്ട് തന്നെ താത്ക്കാലികമായി ഈ നേട്ടങ്ങളൊക്കെ സമ്പദ്ഘടനയുടെ വളർച്ചയേ അല്ല. അതിന്റെ ദുർബലാവസ്ഥയെയാണ് കാണിക്കുന്നത്. ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥയുടെ സമ്പദ്ഘടനയുടെ നിലനിൽപ്പ് വിദേശത്ത് നിന്നുള്ള മൂലധന വരവിനെ ആശ്രയിച്ച് നിൽക്കുന്ന ഒരു ഗതികേടാണ് ഇവിടെ വെളിവാകുന്നത്.

### സമ്പദ്ഘടനയുടെ ഉന്മേഷമോ അതോ വീർപ്പുമുട്ടലോ

ധനക്കമ്മി ജിഡിപിയുടെ 4.5 ശതമാനത്തിൽ നിർത്തുക, വർഷാവസാനത്തോടെ പെട്രോൾ ഡീസൽ വിലനിർണ്ണയാധികാരം പൂർണ്ണമായും എടുത്തുകളയുക. പാചകവാതക സബ്സിഡി ആറ് സിലിണ്ടറുകൾക്കായി വീണ്ടും പരിമിതപ്പെടുത്തുക. എല്ലാത്തിനുമുപരി നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ മുൻഗണനാക്രമത്തിൽ ബിജെപി സർക്കാർ ചെയ്യണമെന്നാണ് മുതലാളിമാർ ആവശ്യപ്പെടുന്നത്. പെരുകുന്ന ധനക്കമ്മി കുറക്കാൻ വരുമാനം വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെയും പൊതുമേഖലാ ബാങ്കുകളുടെയും ഓഹരികൾ വിറ്റഴിക്കുന്നതുമായി ബിജെപി സർക്കാർ മുന്നോട്ടു പോകും എന്നാണ് കരുതുന്നത്. അങ്ങനെ വന്നാൽ ആ ഓഹരികളിൽ ഊഹക്കച്ചവട സാധ്യതയുണ്ടാകും. ഇത് മുന്നിൽക്കണ്ട് ഈ രണ്ട് മേഖലകളിലുമുള്ള ഓഹരികളുടെ വില ഉയരാൻ തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ബി.ജെപി സർക്കാരിന്റെ കാലത്ത് ഓഹരി വിറ്റഴിക്കാൻ ഒരു മന്ത്രാലയം തന്നെ ആരംഭിക്കുകയുണ്ടായി. പൊതുമേഖലകൾ കടബാധ്യതകളിൽ നിന്നും മോചനം നേടണം എന്ന നരേന്ദ്രമോഡിയുടെ അഭിപ്രായപ്രകടനം അദ്ദേഹത്തിന്റെ സാമ്പത്തിക പദ്ധതികളുടെ ഒരു സൂചനയായിരുന്നു. പൊതുമേഖല നഷ്ടക്കച്ചവടത്തിന്റെ ഒരു മേഖലയായി അറിയപ്പെടരുത് എന്ന മോഡിയുടെ ഉപദേശം, ഓഹരി വിറ്റഴിക്കൽ വൻതോതിൽ ഉണ്ടാകുമെന്ന് തന്നെയാണ് വ്യക്തമാക്കുന്നത്. ഡീസലിന്റെ വിലനിയന്ത്രണത്തിന്റെ കാര്യവും ഇതുമായി ബന്ധപ്പെട്ടതാണ്. കഴിഞ്ഞ സർക്കാർ ഡീസലിന്റെ വിലനിയന്ത്രണം എടുത്തുകളയാനും പാചകവാതകത്തിന്റെയും പ്രകൃതി വാതകത്തിന്റെയും വില വൻതോതിൽ വർദ്ധിപ്പിക്കുവാനും തീരുമാനിച്ചു. പെട്രോളിയം വില ഭീമമായി വർദ്ധിപ്പിച്ച് ബജറ്റ് കമ്മി കുറക്കാനാണ് യു.പി.എ സർക്കാർ തീരുമാനിച്ചത്. പെട്രോളിയം വിലനിയന്ത്രണം പൂർണ്ണമായി എടുത്തുകളയണമെന്ന് കിരിത് പരീത് കമ്മിറ്റി നിർദ്ദേശം കഴിഞ്ഞ യു.പി.എ സർക്കാർ അംഗീകരിച്ചിരുന്നു. അന്തർദ്ദേശീയ കമ്പോളത്തിലെ ക്രൂഡ് ഓയിൽ വിലവ്യതിയാനങ്ങൾക്കനുസരിച്ച് യഥേഷ്ടം വില വർദ്ധിപ്പിക്കാൻ ഇത് എണ്ണക്കമ്പനികൾക്ക് അവസരമൊരുക്കി. ഇത് പൂർണ്ണമായും നടപ്പിലായാൽ വമ്പൻ എണ്ണക്കുത്തകകളുടെ ദയാദാക്ഷിണ്യങ്ങൾക്ക് ജനങ്ങൾ എറിഞ്ഞുകൊടുക്കപ്പെടും. പൊതുകമ്പോളത്തിലെ വിലവർദ്ധനവ് ഗതാഗത ചെലവ്, ചരക്ക് കടത്തുകൂലി, കർഷകരുടെ ജലസേചന ചെലവ് തുടങ്ങി നാനാമേഖലകളിൽ ഒരു വമ്പിച്ച പ്രത്യാഘാതമുണ്ടാക്കും. എന്നിട്ടും കഴിഞ്ഞ യു.പി.എ സർക്കാർ ആഗോളീകരണനയങ്ങളുടെ ചുവട് പിടിച്ചുകൊണ്ട് ഈ നടപടികളുമായി മുന്നോട്ടുപോകും. എല്ലാ മാസവും ഡീസൽ വില ഉയർത്തുക എന്ന പദ്ധതി മോഡിയും ഉപേക്ഷിച്ചിട്ടില്ല. സാധാരണക്കാരനെ വളരെ പ്രതികൂലമായി ബാധിക്കുമെന്നറിഞ്ഞിട്ടും വൻകിടക്കാരുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് ബി.ജെ.പി സർക്കാരും യു.പിഎ ഗവണ്മെന്റിനെ പോലെ തന്നെ മുന്നോട്ടുപോകുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും മാത്രമല്ല മണ്ണെണ്ണയുടെയും പാചകവാതകത്തിന്റെയും വിലനിയന്ത്രണം കൂടി പൂർണ്ണമായും എടുത്തുകളയണമെന്ന ഡിമാന്റാണ് ബിസിനസുകാർക്കും വ്യവസായികൾക്കുമൊക്കെയുള്ളത്. ഇത് കൂടി അനുവദിച്ചാൽ പാവപ്പെട്ടവർ വീണ്ടും കൊള്ളയടിക്കപ്പെടും എന്ന് പറയേണ്ടതില്ലല്ലോ?

### നിക്ഷേപ സൗഹൃദസർക്കാർ

സർക്കാരിൽ നിന്ന് നിക്ഷേപത്തിന് അനുകൂലമായ നിലപാട് ഉണ്ടാകുന്നില്ല എന്ന പരാതിയാണ് വ്യവസായികൾക്ക് എപ്പോഴുമുള്ളത്. ഗവണ്മെന്റ് നിക്ഷേപ സൗഹൃദമായിരിക്കണം. ഇത് മറ്റൊരു തട്ടിപ്പാണ്. എന്തെങ്കിലും സർക്കാർ നിയന്ത്രണങ്ങൾ അവശേഷിക്കുന്നെങ്കിൽ അത് കൂടി നീക്കം ചെയ്യണമെന്നും കുത്തകകൾക്ക് ഇളവുകളും ആനുകൂല്യങ്ങളും ചൊരിയണമെന്നുമാണ് അവർ ഉദ്ദേശിക്കുന്നത്. ഭൂമി, വെള്ളം, വൈദ്യുതി അടിസ്ഥാനസൗകര്യങ്ങൾ എന്നിവയൊക്കെ സർക്കാർ ചെലവിൽ അല്ലെങ്കിൽ സൗജന്യനിരക്കിൽ ഉറപ്പാക്കിക്കൊടുക്കണമത്രെ! കോൺഗ്രസ് സർക്കാർ ഏഴ് ലക്ഷം കോടി രൂപയുടെ ഉത്തേജക പദ്ധതി നടപ്പാക്കുകയും വൻതോതിൽ നികുതിയിളവുകൾ നൽകുകയും ചെയ്തിരുന്നു. ഇതിന്റെ പേരിൽ ജനക്ഷേമ ബജറ്റുകൾ വൻതോതിൽ വെട്ടിക്കുറച്ചു. ഭക്ഷ്യം, വൈദ്യുതി, ഇന്ധനം വളം തുടങ്ങിയ മേഖലകളിലൊക്കെ നിലനിൽക്കുന്ന സബ്സിഡി ഒരു പാഴ്ചെലവാണെന്നും അതൊക്കെ ഒറ്റയടിക്ക് നിർത്തലാക്കാൻ കഴിഞ്ഞില്ലെങ്കിൽ പോലും വൻതോതിൽ വെട്ടിക്കുറക്കണമെന്നുമാണ് ഉയർത്തുന്ന വാദഗതി. നേരെമറിച്ച്, വ്യവസായികൾക്കും മറ്റും വൻതോതിൽ ആനുകൂല്യങ്ങൾ ചൊരിയുന്നത് വളർച്ച ത്വരിതപ്പെടുത്താൻ ആയാൽ രാജ്യതാല്പര്യം പേറുന്ന നടപടിയാണ് താനും. എന്നാൽ എത്ര ഉത്തേജക നടപടികൾ കൈക്കൊണ്ടിട്ടും വ്യവസായ മേഖലക്കും മറ്റും രക്ഷപ്പെടാനായിട്ടില്ല. എന്നുമാത്രമല്ല, കൂടുതൽ കൂടുതൽ വ്യവസായശാലകൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്നു. രാജ്യത്തെ ആദ്യത്തെ കാർഫാക്ടറിയായ ഹിന്ദുസ്ഥാൻ മോട്ടോഴ്സിന്റെ പ്രവർത്തനം നിലച്ചത് അടുത്ത നാളുകളിലാണ്. ഉത്തേജക പാക്കേജുകൾ നടപ്പാക്കിയിട്ടും ബാങ്കുകളിലെ കുത്തകകളുടെ കിട്ടാക്കടം പെരുകുകയാണ്, നികുതി കുടിശ്ശിഖ വർദ്ധിക്കുകയാണ്, ലേ ഓഫും പിരിച്ചുവിടലും കൂടിക്കൊണ്ടിരിക്കുകയുമാണ്. സർക്കാർ നിക്ഷേപത്തിന് പല തടസ്സങ്ങളും ഉണ്ടാക്കുന്നുവെന്നാണ് വ്യവസായികൾ പറയുന്നത്. എന്നാൽ സ്ഥിതി നേരെ മറിച്ചാണ്. സർക്കാർ എല്ലാം വാരിക്കോരി നൽകുന്നു. മുതലാളിത്ത വ്യവസ്ഥയുടെ കൂടെപ്പിറപ്പായ കമ്പോളപ്രതിസന്ധിയാണ് യഥാർത്ഥ പ്രശ്നം. ഈ വസ്തുത മറച്ചുവെയ്ക്കാൻ കൂടുതൽ ആനുകൂല്യങ്ങൾ തരപ്പെടുത്താനുമാണ് സർക്കാരിനെ കുറ്റപ്പെടുത്തുന്നത്. മോഡിസർക്കാരിനുമേലും ഈ സമ്മർദ്ദമുണ്ട്. മോഡിയേയും ബിജെപിയേയും പിന്തുണച്ച കുത്തകകൾ അവസാനത്തുട്ടുവരെ മുതലാക്കാൻ ശ്രമിക്കുന്നു. ബിജെപിയുടെ വിജയത്തെ വാഴ്ത്തിയ കുത്തകകൾ, പരിഷ്കരണ നടപടികളുടെ കാര്യത്തിൽ ഉറച്ച നിലപാടെടുക്കണമെന്നും രാജ്യപുരോഗതിയിൽ വ്യവസായ മേഖലക്ക് നിർണ്ണായക പങ്കാണ് ഉള്ളതെന്നും ഓർമ്മിപ്പിച്ചുകഴിഞ്ഞു. അതായത് കുത്തകകളോട് കൂടുതൽ ഉയർന്ന വിധേയത്വവും സാധാരണക്കാരന്റെ മേൽ കൂടുതൽ കടന്നാക്രമണങ്ങളും ന്യായമായും പ്രതീക്ഷിക്കാം.

### ആഗോളീകരണം തുടങ്ങിവെച്ചത് കോൺഗ്രസ്

ആഗോളീകരണത്തിന്റെ കുറിപ്പടിപ്രകാരം സമ്പദ്ഘടനയിൽ ഉദാരവൽക്കരണ നടപടികൾ തുടങ്ങിയത് കോൺഗ്രസ് സർക്കാരാണ്. ഇതനുസരിച്ച് ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, സേവനമേഖലകൾ, ബാങ്ക്, ഇൻഷുറൻസ്, പ്രൊവിഡന്റ് ഫണ്ടും പെൻഷനും പോലുള്ള സാമൂഹ്യ സുരക്ഷാ മേഖലകൾ തുടങ്ങിയ രംഗങ്ങളിലൊക്കെ സർക്കാർ ഉടമസ്ഥതയും നിയന്ത്രണവും എത്രയും വേഗം ഒഴിവാക്കുക എന്നതായിരുന്നു സമീപനം. എല്ലാ സർക്കാർ നിയന്ത്രണങ്ങളും ഒഴിവാക്കി സ്വകാര്യമൂലധനത്തിന് യഥേഷ്ടം കൊള്ള നടത്താൻ സാഹചര്യമൊരുക്കുക എന്നതായിരുന്നു പരിഷ്കാരങ്ങളുടെ കാതൽ. ബിജെപി ഇന്നതിന് പുതിയ മാനം നൽകുന്നു. കോൺഗ്രസ് ഇക്കാര്യത്തിൽ ഉദാസീനത കാണിച്ചത് പുരോഗതിയെ പുറകോട്ടടിച്ചു എന്നാണവരുടെ വിമർശനം. ആഗോളീകരണത്തിന് തുടക്കം കുറിക്കാൻ മുതലാളിവർഗ്ഗത്തെ പ്രേരിപ്പിച്ചത് എന്താണ്? ഉല്പാദനത്തിന്റെ ലക്ഷ്യം പരമാവധി ലാഭമായിരിക്കുമ്പോൾ ജനങ്ങളുടെ ക്രയശേഷി കുറഞ്ഞുവരുക സ്വാഭാവികമാണ്. നൽകാത്ത ശമ്പളമാണ് ലാഭം. ക്രയശേഷി കുറയുന്തോറും ഉല്പാദിപ്പിച്ച സാധനങ്ങൾ വിറ്റഴിയാതെ അവശേഷിക്കും. ഇത് കമ്പോള പ്രതിസന്ധിയിലേക്ക് നയിക്കുന്നു. ജനങ്ങളുടെ വാങ്ങൽ ശേഷിയാണ് കമ്പോളം. കമ്പോളമില്ലെങ്കിൽ മുതലാളിമാർ ഉല്പാദനം കുറക്കുകയും ഉല്പാദനക്ഷമമായ മേഖലകളിൽ നിന്ന് മൂലധനം പിൻവലിക്കുകയും ചെയ്യും. ഫാക്ടറികൾ അടയുന്നതോടെ തൊഴിലില്ലായ്മ രൂക്ഷമാകും. തൊഴിൽ രഹിതർക്ക് വാങ്ങൽ ശേഷി ഇല്ല. ഇത് കമ്പോളം വീണ്ടും ചുരുക്കുകയും കൂടുതൽ ഫാക്ടറികൾ അടയാൻ ഇടയാക്കുകയും ചെയ്യും. ക്രമേണ വ്യവസായ മേഖല വലിയ പ്രതിസന്ധിയിൽ അകപ്പെടുന്നു. ഈ ദൂഷിത വലയത്തിൽ നിന്ന് പുറത്തു കടക്കാൻ, എന്തൊക്കെ സിദ്ധാന്തങ്ങൾ ചമച്ചാലും എന്തൊക്കെ കൗശലങ്ങൾ പയറ്റിയാലും മുതലാളിത്ത വ്യവസ്ഥക്ക് കഴിയില്ല.

ഫാക്ടറികൾ അടഞ്ഞുകിടക്കുമ്പോഴും ലാഭം പെരുപ്പിക്കാനുള്ള ത്വര മുതലാളിമാർക്കുണ്ടാകും. അലസമായിരിക്കുന്ന മൂലധനം ഊഹക്കച്ചവട മേഖലയിലേക്ക് വരുന്നത് അങ്ങനെയാണ്. ക്രമേണ പ്രധാന സാമ്പത്തിക പ്രവർത്തനം ഇതിൽ കേന്ദ്രീകരിച്ചാകുന്നു. മൂലധനം ത്വരയോടെ ലോകം മുഴുവൻ ചുറ്റിത്തിരിയുന്നു. ഇത് ആകർഷിക്കാൻ ഓരോ രാജ്യവും തന്ത്രങ്ങൾ പയറ്റുന്നു. ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇന്ന് യഥാർത്ഥത്തിൽ ഊഹക്കച്ചവട മേഖലയിലെ ആരോഗ്യകരമായ അന്തരീക്ഷം നിലനിർത്തി ആകർഷകമാക്കാനുള്ള തത്രപ്പാടിലാണ് ഓരോ സർക്കാരുകളും. സാമ്പത്തിക പുരോഗതിയുടെ സൂചകമായി ബൂർഷ്വ സാമ്പത്തിക വിശാരദന്മാർ ഈ ഊഹക്കച്ചവടത്തെ ഉർത്തിക്കാട്ടുന്നു. ജിഡിപി കണക്കാക്കുന്നതിൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തുന്നു. ഉൽപ്പാദന മേഖല കടുത്ത പ്രതിസന്ധിയിലായിരിക്കുമ്പോഴും അത് തീർത്തും അവഗണിക്കപ്പെടുകയും അത് മറച്ചുവെയ്ക്കപ്പെടുകയും ചെയ്യുന്നു. ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയാതെ ഏതാണ്ട് പൂർണ്ണമായും ഊഹക്കച്ചവടത്തെ ചുറ്റിപ്പറ്റി നിൽക്കുന്നു ഇന്ന് മുതലാളിത്ത വ്യവസ്ഥ. ഉല്പാദനമേഖലയിലെ പ്രതീക്ഷ അസ്തമിച്ചതോടെ സേവനമേഖലകൾ കയ്യടക്കി ലാഭമുണ്ടാക്കാനുള്ള കരുനീക്കങ്ങളിലേർപ്പെടുന്നു മുതലാളിത്തം. എന്നാൽ, അടിത്തറയിൽ ഭൗതികോല്പാദനം മുരടിക്കുമ്പോൾ ഊഹക്കച്ചവട മൂലധനം ശൂന്യതയിൽ അലയാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഇതിനെയാണ് സാമ്പത്തിക പ്രവർത്തനത്തിന്റെ അളവുകോലായി വാഴ്ത്തുന്നത്. ഈ ഒളിച്ചുകളിയുടെ രൂപഭേദമാണ് ആഗോളീകരണമെന്ന പേരിൽ അവതരിക്കപ്പെട്ടിരിക്കുന്നത്.

### ആഗോളീകരണം കൂടുതൽ ആക്രമണോത്സുകമാകും.

ബിസിനസ് രംഗത്തും സമൂഹത്തിലും ആത്മവിശ്വാസവും കൂറും വളർത്താൻ ഉതകുന്ന നടപടികൾ ഉണ്ടാകണമെന്ന് വ്യവസായ ഗ്രൂപ്പുകൾ ആവശ്യമുന്നയിച്ചു കഴിഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ നോക്കുമ്പോൾ കൂടുതൽ ഉദാരീകരണ നടപടികളും സ്വകാര്യമൂലധനത്തിന് സ്വൈരവിഹാരം നടത്താനുള്ള അന്തരീക്ഷമൊരുക്കലും ഉൾക്കൊള്ളുന്നതാകും ബിജെപി സർക്കാരിന്റെ സാമ്പത്തികനയം എന്ന് പ്രതീക്ഷിക്കാം. സ്വകാര്യസംരംഭങ്ങളിലും കുറഞ്ഞ ഉദ്യോഗസ്ഥ ഇടപെടലിലും ഊന്നിയുള്ള മോഡിയുടെ നിലപാട് ആഗോളീകരണശക്തികൾക്ക് വളരെ സ്വീകാര്യമായിട്ടുണ്ട്. ഉല്പാദനവും തൊഴിലുമൊക്കെ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് മോഡിയും ബിജെപിയുമൊക്കെ ഏറെ വാചാലമാണ്. കൃത്യമായൊന്നും പറഞ്ഞിട്ടില്ലെങ്കിലും ഉല്പാദനരംഗത്തെ വൻകിടക്കാർക്ക് ചില ആനുകൂല്യങ്ങളൊക്കെ നൽകാനുള്ള സാധ്യത കാണുന്നുണ്ട്. മോഡിയുടെ ഗുജറാത്ത് മോഡൽ കണക്കിലെടുത്താൽ, തൊഴിലാളികളെ യഥേഷ്ടം പിരിച്ചുവിടാൻ ലോകത്തിൽ തൊഴിൽ നിയമങ്ങളിലുള്ള പരിഷ്കാരവും സുഗമമായി കർഷകരിൽ നിന്ന് ഭൂമി പിടിച്ചെടുക്കാൻ പാകത്തിൽ ഭൂനിയമങ്ങളിലുള്ള മാറ്റങ്ങളുമൊക്കെ പ്രതീക്ഷിക്കാം. തൊഴിലാളികളെ യഥേഷ്ടം പിരിച്ചുവിടാൻ പാകത്തില് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നിട്ടുണ്ട്. കരാർ തൊഴിലാളി നിയമത്തിലും കാതലായ മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ട്. തൊഴിൽ സമയം, വേതനം തുടങ്ങിയ കാര്യങ്ങളിലൊക്കെ ഉടമക്ക് കൂടുതൽ ഏകപക്ഷീയമായി പ്രവർത്തിക്കാന് കഴിയുക എന്നതാണ് ലക്ഷ്യം വെയ്ക്കുന്നത്. എത്ര വേഗം മോഡിഗവണ്മെന്റ് ഉടമകളുടെ ഈ ആവശ്യങ്ങൾ അംഗീകരിച്ചുകൊടുക്കും എന്നതേ അറിയാനുള്ളൂ. ഗുജറാത്തിൽ മോഡി സർക്കാർ പാവപ്പെട്ടവർക്ക് സബ്സിഡികൾ നൽകുന്നതിൽ താല്പര്യം കാണിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ എല്ലാ സബ്സിഡികളും ക്ഷേമപദ്ധതികളും വെട്ടിച്ചുരുക്കപ്പെടും എന്ന പ്രതീക്ഷയിലാണ് കുത്തകകൾ. തെരഞ്ഞെടുപ്പ്

(ശേഷം 13-ാം പേജിൽ)

# ബിജെപി ഗവണ്മെന്റ് ജനങ്ങളെ വ്യാമോഹത്തിൽപ്പെടുത്താൻ ശ്രമിക്കുന്നു

(12-ാം പേജിൽ നിന്ന്)

പ്രചാരണത്തിൽ ബിജെപി ചെറുകിട വ്യാപാരരംഗത്ത് നേരിട്ടുള്ള വിദേശനിക്ഷേപത്തിന് എതിരായ നിലപാടാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ഇന്ന് കൂടുതൽ വിദേശനിക്ഷേപം ആകർഷിച്ച് സമ്പദ്ഘടനക്ക് ഉന്മേഷം പകരാനെന്ന പേരിൽ ഈ നിലപാടിൽ മാറ്റം വരുത്തുമോ എന്നത് കാത്തിരുന്നു കാണേണ്ട കാര്യമാണ്.

**പണപ്പെരുപ്പം നിയന്ത്രിക്കൽ**

ഉയരുന്ന പണപ്പെരുപ്പ നിരക്ക് പലിശനിരക്ക് കുറയ്ക്കൽ രൂപയുടെ മൂല്യസ്ഥിരത, ബാങ്കുകളിലെ കിട്ടാക്കടം കൈകാര്യം ചെയ്യൽ, ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത മെച്ചപ്പെടുത്തൽ, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കൽ തുടങ്ങിയ പ്രശ്നങ്ങളൊക്കെ കൈകാര്യം ചെയ്യാനാണ് ബൂർഷ്വാ പണ്ഡിതന്മാർ മോഡിയെ ഉപദേശിക്കുന്നത്. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം തന്നെ മുതലാളിത്തം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും മുതലാളിത്തത്തിനുള്ളിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളുമായതുകൊണ്ട് ഇത് കൈകാര്യം ചെയ്യുന്നത് മോഡിക്ക് വലിയ തലവേദനയാകും. പണപ്പെരുപ്പത്തിന്റെ കാര്യമെടുക്കുക. ഓരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് ഇന്ധനവില വർധിപ്പിക്കുന്നതും മറ്റ് സാമ്പത്തിക നടപടികളുമാണ് പണപ്പെരുപ്പ നിരക്ക് ഉയരാൻ കാരണം. എന്നുമാത്രമല്ല, രണ്ട് ലക്ഷം കോടിയിലധികം വരുന്ന കള്ളപ്പണം രാജ്യത്ത് പ്രവർത്തനക്ഷമമാണെന്നതാണ് ഏകദേശക്കണക്ക്. ബജറ്റ് കമ്മി നികത്താൻ കറൻസി അടിച്ചിറക്കുന്നത് പണപ്പെരുപ്പത്തിന് ഇടയാക്കുന്നു. പണത്തിന്റെ ചക്രമണം നിയന്ത്രിച്ചുകൊണ്ട് പണപ്പെരുപ്പം പിടിച്ചുനിർത്താൻ ശ്രമിക്കുമെന്നാണ് സർക്കാർ ഭാഷ്യം. ഊഹക്കച്ചവടം നിയന്ത്രിച്ചും ഭക്ഷ്യധാന്യരംഗത്ത് സ്വകാര്യകച്ചവടം അവസാനിപ്പിച്ചും കള്ളപ്പണത്തിന് തടയിട്ടും പണപ്പെരുപ്പം നിയന്ത്രിക്കാനല്ല സർക്കാർ ശ്രമിക്കുന്നത്. നേരെമറിച്ച്, ബാങ്ക് നിക്ഷേപങ്ങളുടെ പലിശ നിരക്ക് കൂട്ടിക്കൊണ്ടാണ് ഇതുമൂലം ജനങ്ങൾ കുറച്ച് ചെലവഴിക്കുകയും കൂടുതൽ സമ്പാദിക്കുകയും ചെയ്യുമെന്നാണ് കരുതുന്നത്. അപാരം തന്നെ, ജീവിക്കാൻ പാടുപെടുന്നവരാണ് ബഹുഭൂരിപക്ഷം. അവർക്ക് സമ്പാദിക്കാൻ എവിടെയാണ് പണം. എന്നുമാത്രമല്ല, പലിശനിരക്ക് ഉയർത്തുമ്പോൾ വായ്പയുടെ പലിശയും ഉയരും. വായ്പാധിഷ്ഠിതമായി കമ്പോളത്തിൽ കൃത്രിമ ഉത്തേജനം നൽകാനുള്ള പദ്ധതിക്ക് ഇത് തിരിച്ചടിയാകും. ഇത് ഡിമാന്റ് കുറക്കാനും സാധനങ്ങൾ കെട്ടിക്കിടക്കാനും ഇടയാക്കും. ഇന്ത്യയടക്കം എല്ലാ മുതലാളിത്ത രാജ്യങ്ങളെയും ഭീതിപ്പെടുത്തുന്ന സാമ്പത്തിക മാന്ദ്യത്തിന് ആക്കം കൂട്ടുന്നതിലേക്കാണ് ഇത് നയിക്കുക. അങ്ങനെ ഒരുവശത്ത് വിലകൂടുകയും മറുവശത്ത് ഡിമാന്റ് കുറയുകയും ചെയ്യും. പണപ്പെരുപ്പവും മാന്ദ്യവും ചേർന്ന സ്റ്റാഗ്ഫ്ളേഷൻ എന്ന ഈ പ്രതിഭാസം മരണാസന്ന മുതലാളിത്തത്തിന്റെ ഈ ഘട്ടത്തിലെ പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നതാണ്. പണപ്പെരുപ്പം നിയന്ത്രിക്കാനുള്ള തത്രപ്പാടിൽ പലിശനിരക്ക് കുറയ്ക്കാൻ തയ്യാറാകാത്ത റിസർവ്വ് ബാങ്ക് നടപടി കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കുന്നില്ലായെന്ന വ്യവസായികളുടെ പരാതിക്ക് ഇടയാക്കുകയും ചെയ്യും. സ്വാഭാവികമായും സർക്കാർ നിക്ഷേപക സൗഹൃദമല്ല എന്ന മുറവിളി ഉയരും. മുതലാളിത്ത സമ്പദ്ഘടന തന്നെ പറയുന്നത് പലിശനിരക്ക് കുറച്ചാൽ നിക്ഷേപ താല്പര്യം കുറയുമെന്നും ചെലവഴിക്കൽ കൂടി പണപ്പെരുപ്പത്തിന് ആക്കം കൂടുമെന്നുമാണ്. വിലനിലവാരം പിടിച്ചുനിർത്തുന്നതും വായ്പാവശ്യങ്ങൾ നിറവേറ്റുന്നതും തമ്മിൽ ഒരു സന്തുലനം സാധ്യമാക്കിയെടുക്കുക എന്നത് എളുപ്പമുള്ള കാര്യമല്ലായെന്ന് റിസർവ്വ് ബാങ്ക് തന്നെ സമ്മതിക്കുന്നു. 2014 മാർച്ചിലെ കണക്കുപ്രകാരം വ്യാവസായികോല്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 0.5% കുറവാണ്. വ്യവസായരംഗത്തെ മാന്ദ്യമാണ്. പലിശനിരക്ക് കുറച്ചുകൊണ്ട് വ്യവസായ മേഖലക്ക് പുനരുജ്ജീവനം നൽകുക എന്നത് പണപ്പെരുപ്പം ഇത്ര ഉയർന്നു നിൽക്കുന്ന ഘട്ടത്തിൽ എളുപ്പമുള്ള കാര്യമല്ല. പ്രതിസന്ധിയിലകപ്പെട്ട മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം ഇതൊരു..... കോടാലി തന്നെയാണ്.ഒരു പ്രതിസന്ധി പരിഹരിക്കാൻ നടത്തുന്ന ശ്രമം മറ്റൊരു പ്രതിസന്ധിയിൽ കൊണ്ടുചെന്നെത്തിക്കും. വിദേശനിക്ഷേപം ആകർഷിച്ച് രൂപയുടെ മൂല്യം ഉയർത്താൻ ശ്രമിക്കുന്നതിനും ഇതുപോലെ ഒരു മറുവശം ഉണ്ട്. മുതലാളിത്തത്തിന്റെ അപരിഹാര്യമായ പ്രതിസന്ധിയാണ് ഇതിലൂടെയെല്ലാം വ്യക്തമാകുന്നത്. രൂപയുടെ മൂല്യം വർദ്ധിക്കുമ്പോൾ ഇറക്കുമതിയിൽ ലാഭവും കയറ്റുമതിയിൽ നഷ്ടവും ഉണ്ടാകും. ഇതിൽ നിന്നെല്ലാം ബിജെപിയുടെ തലപ്പത്തിരിക്കുന്നവർ എങ്ങനെ പുറത്തുകടക്കുമെന്ന് കാത്തിരുന്നു കാണാം.

**ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ്**

ഭക്ഷ്യരംഗത്തെ പണപ്പെരുപ്പമാണ് അടുത്ത പ്രശ്നം. കൃഷി മന്ത്രാലയത്തിന്റെ കണക്കുപ്രകാരം 2013-14 ൽ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം 263.20 മില്യൺ ടൺ ആണ് പ്രതീക്ഷിക്കുന്നത്. 2012-13 ൽ ഇത് 257.13 മില്യൺ ടണ്ണായിരുന്നു. താരതമ്യേന മെച്ചപ്പെട്ട ഉല്പാദനം നടന്നിട്ടും ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം ഉണ്ടാകുന്നുണ്ട്. ഈ രംഗത്തെ ഉയർന്ന പണപ്പെരുപ്പ നിരക്കാണ് ഇന്ത്യൻ സമ്പദ്ഘടനയെ അസ്വസ്ഥമാക്കുന്നത്. ഏറ്റവും ഉയർന്ന ഉല്പാദനം രേഖപ്പെടുത്തിയെങ്കിലും 2013-14 ൽ (2014 ഏപ്രിൽ 17 വരെ) സംഭരണം വെറും 51.5 മില്യൺ ടൺ മാത്രമായി. മുൻവർഷം ഇത് 72.2 മില്യൺ ടണ്ണായിരുന്നു .കരിഞ്ചന്തക്കാരും മറ്റും പൂഴ്ത്തിവെയ്പ് നടത്തുന്നതാണ് മറ്റൊരു പ്രശ്നം. എന്നാൽ ഇന്ത്യാഗവണ്മെന്റിന്റെ പക്കൽ 80 മില്യൺടൺ കരുതൽ ശേഖരവും ഉണ്ട്. അതായത് സ്വകാര്യകച്ചവടക്കാരല്ല സർക്കാർ തന്നെയാണ് ഏറ്റവുമധികം ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവെച്ചിരിക്കുന്നത് എന്നാണിത് കാണിക്കുന്നത്. വൻതോതിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുകയും അത് വിതരണം ചെയ്യാതിരിക്കുകയും ചെയ്യുന്നത് ഈ രംഗത്തെ പണപ്പെരുപ്പത്തിന് കാരണമാകുന്നു. ഈ സംഭരിച്ചുവെച്ചിരിക്കുന്നതിൽ നല്ലൊരുപങ്കും കന്നുകാലികൾക്കുപോലും ഭക്ഷ്യയോഗ്യമല്ലാത്തവിധം നശിച്ചുപോകുകയും ചെയ്യുന്നു. ഇതിന് പരിഹാരമുണ്ടാകണമെങ്കിൽ സംഭരിച്ചുവെച്ചിരിക്കുന്നതിന്റെ പകുതിയെങ്കിലും പൊതുവിതരണം വഴി ന്യായവിലക്ക് ജനങ്ങളിലെത്തിക്കാൻ സർക്കാർ തയ്യാറാകണം. എന്നാൽ ഇവ്വിധമുള്ള ഗവണ്മെന്റിടപെടൽ ആഗോളീകരണ നയങ്ങളുടെ കാഴ്ചപ്പാടിന് വിരുദ്ധമാണ്. അതുപ്രകാരം ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും എല്ലാ സർക്കാർ നിയന്ത്രണങ്ങളിൽ നിന്നും മുക്തമായി സ്വകാര്യസംരംഭകർക്ക് യഥേഷ്ടം ചെയ്യാൻ കഴിയണം. ഈ വിഷയം എങ്ങനെയാണ് കൈകാര്യം ചെയ്യാൻ പോകുന്നത് എന്ന കാര്യവും നോക്കിക്കാണേണ്ടതുണ്ട്.

**കിട്ടാക്കടമെന്ന നൂലാമാല**

ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും വർദ്ധിച്ചുവരുന്ന കിട്ടാക്കടമാണ് അടുത്തത്. 2007 ലും 2013 നും ഇടക്ക് ബാങ്കുകളുടെ കിട്ടാക്കടം 4,94,836 കോടി വർദ്ധിച്ചതായി റിസർവ്വ് ബാങ്ക് പറയുന്നു. കുത്തകകളും കോർപ്പറേറ്റുകളുമൊക്കെ വൻതോതിൽ വായ്പയെടുക്കുകയും തിരിച്ചടക്കാതിരിക്കുകയും ചെയ്തിട്ടും ഒരു നടപടിയും ഉണ്ടാകുന്നില്ല എന്നാണിത് കാണിക്കുന്നത്. അതായത് വമ്പന്മാർ സൗകര്യപൂർവ്വം പണം തട്ടിയെടുക്കുന്നു എന്ന് പറയുന്നതാവും ശരി. ഇതിനെ ശരിവെയ്ക്കും വിധമുള്ള ചില പരിഹാര നിർദ്ദേശങ്ങളുമായി ചില പണ്ഡിതന്മാർ രംഗത്തെത്തിയിട്ടുണ്ട്. കടമെടുക്കുന്നയാൾ മനഃപൂർവ്വം വീഴ്ച വരുത്തിയതല്ലെങ്കിൽ ആ വായ്പ സംബന്ധിച്ച് ഒരു പുനഃപരിശോധന നടത്താൻ സർക്കാർ തയ്യാറാകണമെന്നാണ് ഇവർ വാദിക്കുന്നത്. അങ്ങനെ വരുമ്പോൾ ബാങ്കുകളുടെ അനാവശ്യ ഇടപെടലുകൾ ഒഴിവാക്കാനും ധൈര്യപൂർവ്വം നിക്ഷേപം നടത്താനും സംരംഭകർക്ക് കഴിയുമത്രെ! കടമെടുക്കുന്ന തുകയുടെ ഒരു പങ്ക് കോഴകൊടുക്കാനും മറ്റും ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യവും കണക്കിലെടുക്കണമെന്നതാണ് ഇവരുടെ വാദഗതി. ഇതെല്ലാം എത്രത്തോളം ബിജെപി സർക്കാർ ചെവിക്കൊള്ളുമെന്ന് വഴിയേ അറിയാം.

**മാസ്മരികമായ വ്യാമോഹം**

ലോകമുതലാളിത്തത്തിന്റെ അഭേദ്യഭാഗമായ ഇന്ത്യൻ മുതലാളിത്തം സ്വന്തം കെണിയിലകപ്പെട്ടിരിക്കുകയാണ്. മോഡിയെ രക്ഷകനായി അവതരിപ്പിച്ച് സ്തുതിപാഠകരായി കഴിയുന്നവർക്ക് താമസിയാതെ യാഥാർത്ഥ്യബോധമുണ്ടാവും. പാവപ്പെട്ടവന് വേണ്ടി മുറവിളി കൂട്ടുന്ന ഇക്കൂട്ടർ ആഗോളീകരണ നയങ്ങൾ ഒന്നുപോലും വേണ്ടെന്നുവെയ്ക്കില്ല. മുതലാളിത്തത്തിന്റെ പ്രതിസന്ധി അധികരിക്കുംതോറും അത് ആഗോളീകരണ നയങ്ങളെ കൂടുതൽ മുറുകെ പിടിക്കും. ഇത് ജനങ്ങളുടെ ദുരിതങ്ങൾ അധികരിപ്പിക്കുകയും ചെയ്യും. കൂടുതൽ വൈഭവത്തോടെ ആഗോളീകരണ നയങ്ങൾ നടപ്പിലാക്കാനാണ് മുതലാളിവർഗ്ഗം മോഡിയോട് ആവശ്യപ്പെടുക. ജനങ്ങൾ ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ആഗോളീകരണനയങ്ങൾക്കെതിരെ രാജ്യവ്യാപകമായ ശക്തമായ ചെറുത്തുനിൽപ്പ് വളർത്തിയെടുക്കാൻ മുന്നോട്ടുവരുന്നതിൽ ഒട്ടും അമാന്തിച്ചുകൂടാ. ●

# ഇടത്-വലത് സമവായത്തിൽ നടപ്പാക്കുന്ന അന്യായമായ ബസ്ചാർജ്ജ് വർദ്ധന

(8-ാം പേജിൽ നിന്ന്)

ദവും, സമയക്ലിപ്തതയുള്ളതുമായ ബസ് സർവീസുകളാകണം ഇവിടെയുള്ളത്. ഇതാണോ യാഥാർത്ഥ്യം. കമ്പിയിലും ഫുട്ബോർഡിലും തൂങ്ങിയാണ് ഇവിടെ ഭൂരിപക്ഷത്തിനും യാത്ര ചെയ്യേണ്ടിവരുന്നത്. അതായത്, കൊടുക്കുന്ന നിരക്കിന് ലഭിക്കേണ്ട ഏറ്റവും ചുരുങ്ങിയ സേവനം പോലും ഒരു യാത്രക്കാരനു ലഭിക്കുന്നില്ല.

ഇതിനൊക്കെ പുറമേയാണ് നിലനിൽക്കുന്ന അശാസ്ത്രീയമായ ഫെയർസ്റ്റേജ് സംവിധാനം. ഇത് പുനഃപരിശോധിക്കണമെന്ന് ഹൈക്കോടതി വിധി നിലനിൽക്കേയാണ് അത് ലംഘിച്ച് ഇതിനുമുമ്പുണ്ടായിരുന്ന സർക്കാരുകളും രണ്ടു വട്ടം ഈ സർക്കാരും നിരക്കു വർദ്ധിപ്പിച്ചത്. ഫെയർസ്റ്റേജ് തട്ടിപ്പ് കാരണം ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പുതുക്കിയ കിലോമീറ്റർ നിരക്കിലും വലിയ തുകയാണ് ടിക്കറ്റായി വന്നിട്ടുള്ളത്. 10 കിലോ മീറ്റർ യാത്ര ചെയ്യാൻ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നിരക്ക് പ്രകാരം 6.80 ആണ് ഫാസ്റ്റ് പാസഞ്ചറിന്റെ ചാർജ്ജായി വരേണ്ടത്. എന്നാൽ കേരളത്തിൽ ഒറ്റ റൂട്ടിലും ഇപ്രകാരം ഒരു നിരക്കില്ല. 10 രൂപയ്ക്കും മേലെയാണ് ഈ ചാർജ്ജ്. 40 ശതമാനം മേഖലയും ഗാട്ട് സെക്ഷനാ(മലയും കയറ്റവും)ണെന്നതിന്റെ പേരിൽ നടക്കുന്ന കുത്തിക്കവർച്ച ഇതിലും ഭീകരമാണ്. ഈ മേഖലകളിൽ ഫെയർ സ്റ്റേജ് എന്നൊരു ഏർപ്പാടേ ഇല്ല! ഇനി ഫെയർസ്റ്റേജ് സംവിധാനത്തിലെ അപാകതകൾ രാമചന്ദ്രൻ കമ്മിറ്റി തന്നെ പഠിച്ച് ആറു മാസം കൊണ്ട് റിപ്പോർട്ട് തരുമത്രേ. തികച്ചും ജനവിരുദ്ധവും നിയമവിരുദ്ധവുമാണിത്.

ഡീസൽ വിലവർദ്ധനവുകൾ പ്രഖ്യാപിക്കുമ്പോൾ അതിന്റെ ഭാരം നിരക്കുവർദ്ധനയായി ജനങ്ങൾ സഹിക്കണമെന്നു പറയുന്നത് ശരിയല്ല. ഈ നിരക്കുവർദ്ധനവിനെതിരെ ഒരു ബസ്മുതലാളിയും സമരത്തിനിറങ്ങിയിട്ടില്ല. കാരണം, അവർക്കു നഷ്ടമുണ്ടാക്കില്ലെന്ന് ഉറപ്പാക്കിക്കൊണ്ട് ഭാരം ജനങ്ങളിലേക്കു കൈമാറുന്ന ഒരു സർക്കാർ സംവിധാനം ഇവിടെയുണ്ടല്ലോ. ബസ് മുതലാളിമാർക്കും തൊഴിലാളികൾക്കും ആത്മാർത്ഥതയുണ്ടെങ്കിൽ, അവർ സമരം ചെയ്യേണ്ടത് ഡീസലിന്റെയും നികുതികളുടേയും വർദ്ധനയ്ക്കെതിരെയാണ്. താൽക്കാലിക പെർമിറ്റുകളും കൈക്കൂലികളും പോലുള്ള, ഈ വ്യവസായത്തെ തകർക്കുന്ന അഴിമതികൾക്കെതിരേയാണ്. അല്ലാതെ നിരക്കു വർദ്ധിപ്പിച്ചു പിടിച്ചു നിൽക്കാമെന്നു കരുതിയാൽ ബസിൽ കയറാൻ യാത്രക്കാരില്ലാത്ത അവസ്ഥയിലേക്കാകും കാര്യങ്ങൾ എത്തുക. ഈ രംഗത്തെ പഠനങ്ങൾ കാണിക്കുന്നത്, ഓരോ നിരക്കു വർദ്ധനക്കുശേഷവും, 2.5 ശതമാനം പേർ ബസ് യാത്ര ഉപേക്ഷിച്ച് മറ്റു മാർഗ്ഗങ്ങൾ തേടിപ്പോകുന്നു എന്നാണ്. അതായത്, താൽക്കാലിക നേട്ടങ്ങൾക്കപ്പുറം നിരക്കുവർദ്ധന കൂടുതൽ നഷ്ടമാണ് ബസ് വ്യവസായത്തിനുണ്ടാക്കുക. യാത്രക്കാരുടെ എണ്ണം കുറയുന്നതോടെ ചെറുകിട ബസ് സർവീസുകൾ യഥാർത്ഥത്തിൽ നഷ്ടത്തിലാകും. കെഎസ്ആർടിസിയുടെ നഷ്ടം വർദ്ധിക്കും. ക്രമേണ കെഎസ്ആർടിസിയുടെയും ചെറുകിട ബസുടമകളുടേയും സർവീസുകൾ രംഗത്തില്ലാതെയാകും. മൽസരമൊഴിഞ്ഞ് ഈ മേഖല പൂർണ്ണമായി വൻകിടക്കാരന്റെ കുത്തകയാകും.

കൊട്ടിഘോഷിക്കപ്പെട്ട തിരഞ്ഞെടുപ്പ് മാമാങ്കം അവസാനിച്ച്, പ്രചരണകോലാഹലങ്ങൾ തീർന്നപ്പോൾ, യഥാർത്ഥജനകീയപ്രശ്നങ്ങളിൽ തങ്ങളോടൊപ്പം ആരുണ്ട് എന്ന് ജനങ്ങൾ പരിശോധിക്കണം. ബസ്കൂലി വർദ്ധന പോലെ ഇത്രയും ഭീകരമായ ആക്രമണം ജനങ്ങൾക്കു നേരെയുണ്ടായപ്പോൾ പ്രതിഷേധമുയർത്താൻ കേരളത്തിലെ യഥാർത്ഥ ജനപക്ഷസമരമുന്നണിയായ ഇടതുപക്ഷ ഐക്യ മുന്നണി (എൽയുഎഫ്) മാത്രമാണുണ്ടായത്. ഇടതുപക്ഷ ഐക്യ മുന്നണിയുടെ ബാനറിൽ, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്), ആർഎംപി, എംസിപിഐ (യു) പാർട്ടികളുടെ പ്രവർത്തകർ കേരളമൊട്ടാകെ പ്രതിഷേധസ്വരമുയർത്തി. എല്ലാ ജില്ലാകേന്ദ്രങ്ങളിലും പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. അതേസമയത്ത്, ഇവിടുത്തെ പ്രധാനപ്രതിപക്ഷമായ കപട ഇടതുപക്ഷം പ്രതിഷേധിക്കുന്നത് പോയിട്ട്, വാക്കാലെങ്കിലും ഇതിനെ ചോദ്യം ചെയ്യാൻ പോലും തയ്യാറായില്ല. ഇവരുടെ മൗനം ആരുടെ താൽപ്പര്യം സംരക്ഷിക്കാനാണ്. ഇന്ത്യയിലെല്ലായിടത്തും തകർന്നടിഞ്ഞപ്പോഴും ഇവിടെ 12 സീറ്റ് നേടി ജനം തങ്ങളോടൊപ്പമാണെന്ന് വീമ്പിളക്കുന്ന കോൺഗ്രസിന്റെയും യുഡിഎഫിന്റെയും ഭരണപക്ഷം, അതിന്റെ നന്ദി കാണിച്ചത് ഇങ്ങനെ ബസ്കൂലി കൂട്ടിക്കൊണ്ടാണ്. ഇനി കുടിവെള്ളത്തിന്റെയും വൈദ്യുതിയുടേയും നിരക്കുകൾ വർദ്ധിപ്പിക്കുമെന്ന് അതാതു മന്ത്രിമാർ ഭീഷണിപ്പെടുത്തുന്നു. ഇത് അനുവദിക്കില്ല എന്ന് പറയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്നാൽ ആ കടമ നിറവേറ്റേണ്ട പ്രതിപക്ഷം ജനവിരുദ്ധ ചെയ്തികൾക്ക് കൂട്ട് നിൽക്കുകയാണ്. ഈ കക്ഷികൾക്കൊന്നും തന്നെ, കേവലം വോട്ടു നേടുന്നതിനപ്പുറമുള്ള ആത്മാർത്ഥത ജനങ്ങളോടോ അവരുടെ പ്രശ്നങ്ങളോടോ ഇല്ല എന്നു നാം മനസ്സിലാക്കണം. ജനങ്ങളുടെ യഥാർത്ഥപ്രശ്നങ്ങൾക്ക് പരിഹാരം കാണണമെങ്കിൽ കക്ഷിരാഷ്ട്രീയ ഭേദങ്ങൾക്കതീതമായി ജനങ്ങൾ ഒന്നിച്ചണിനിരക്കുന്ന സമരമുന്നേറ്റങ്ങളിലൂടെയേ സാദ്ധ്യമാകൂ. ഈ സമരരാഷ്ട്രീയം ഉയർത്തിപ്പിടിച്ച് ജനങ്ങളോടൊപ്പം ആത്മാർത്ഥമായി നിൽക്കാൻ ഇടതുപക്ഷ ഐക്യമുന്നണി മാത്രമാണുള്ളത്. ഈ സമരമുന്നണിയെ പിന്തുണച്ച് ഒപ്പം നിൽക്കുന്നതിലൂടെ മാത്രമേ, ഇത്തരം ജനവിരുദ്ധ നയങ്ങളേയും നടപടികളേയും ജനങ്ങൾക്ക് എതിർത്തു തോൽപ്പിക്കാനാകൂ. ●

## ബിഒടി ഒഴിവാക്കി കേരളത്തിൽ 30 മീറ്ററിൽ ആറുവരിപ്പാത:

# ജനകീയ സമരത്തിന്റെ ഉജ്ജ്വലവിജയം.

**കേ**രളത്തിൽ 45 മീറ്റർ ബിഒടി പാത നിർമ്മാണത്തിൽ നിന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ(എൻഎച്ച്എഐ) പിന്മാറിയിരിക്കുകയാണ്. കഴിഞ്ഞ 10 വർഷമായി ഭൂമിയേറ്റെടുപ്പിന് നടന്ന ശ്രമങ്ങളെല്ലാം ജനങ്ങളുടെ എതിർപ്പുകാരണം പരാജയപ്പെട്ടുവെന്നും അതിനാൽ പദ്ധതിയിൽനിന്നു പിൻമാറുകയാണെന്നുമാണ് എൻഎച്ച്എഐയുടെ പ്രഖ്യാപനം. നാലുവരിപ്പാതയ്ക്ക് 45 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുക്കണമെന്നായിരുന്നു കേന്ദ്രസർക്കാരിന്റെ പിടിവാശി. എന്നാൽ കേന്ദ്രസർക്കാർ ഹൈവേ നിർമ്മാണത്തിൽ നിന്ന് പിൻമാറിയ ഉടൻതന്നെ 30 മീറ്ററിൽ 6 വരിയിൽ കേരളത്തിലെ ഹൈവേകൾ നിർമ്മിക്കുമെന്നും ബിഒടി പദ്ധതി ഒഴിവാക്കുമെന്നുമുള്ള സംസ്ഥാന പിഡബ്ല്യുഡി വകുപ്പിന്റെ പ്രഖ്യാപനവും പത്രപരസ്യവും സമരസമിതി നടത്തിയ വിട്ടുവീഴ്ചയില്ലാത്ത സമരത്തിന്റെ ഉജ്ജ്വലമായ വിജയമാണ്. ജനകീയ സമരത്തിന്റെ അജയ്യത മൂലമ്പിള്ളി, ചെങ്ങറ, വിളപ്പിൽശാല, സിംഗൂർ, നന്ദിഗ്രാം സമരങ്ങൾ പോലെ വീണ്ടും അത് തെളിയിച്ചിരിക്കുന്നു.

2010-ൽ ഇതേപോലുള്ള ഒരു തീരുമാനം മുൻ എൽഡിഎഫ് സർക്കാരിന്റെ കാലത്തുമുണ്ടായി. എൻഎച്ച്17 സ്റ്റേറ്റ് ആക്ഷൻഫോറം കൗൺസിലിന്റെയും ആക്ഷൻഫോറത്തിന്റെയും നേതൃത്വത്തിൽ ഭൂമിനഷ്ടപ്പെടുന്ന ജനങ്ങൾ കേരളത്തിലെമ്പാടും വളർത്തിയെടുത്ത പ്രക്ഷോഭത്തെ തുടർന്നാണ് അത് സംഭവിച്ചത്. കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അതിനെത്തുടർന്ന് ഒരു സർവ്വകക്ഷിയോഗത്തിലൂടെ ഈ തീരുമാനത്തെ പിന്തുണയ്ക്കേണ്ടിവന്നു. എന്നാൽ 45 മീറ്ററിൽ ഭൂമിയേറ്റെടുത്ത് ബിഒടി പദ്ധതി നടപ്പിലാക്കിയാലേ 4 വരിപ്പാത നിർമ്മിക്കാനാവൂ എന്ന് ബിഒടി ലോബിക്കുവേണ്ടി ഒരു എതിർപ്രചാരണം ചില നിക്ഷിപ്ത താൽപ്പര്യക്കാർ ആരംഭിച്ചു. അതിനെ തുടർന്ന് വീണ്ടും സർക്കാരിന്റെ അഭിപ്രായം മാറി. വീണ്ടും ഒരു സർവ്വകക്ഷിയോഗം ചേർന്ന് 45 മീറ്റർ കുടിയൊഴിപ്പിക്കലും ബിഒടിയും മുൻ എൽഡിഎഫ് ഗവൺമെന്റ് പ്രഖ്യാപിച്ചു.

തുടർന്ന് പാലിയേക്കരയിൽ ആദ്യമായി സ്വകാര്യ കമ്പനി ടോൾപിരിക്കുവാൻ തുടങ്ങി. കേരളത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഭീമമായ ടോൾ ഏർപ്പെടുത്തിയ നടപടിക്കെതിരെ ശക്തമായ സമരപരിപാടികൾ നടന്നു. കേരളത്തിലെമ്പാടും ഭൂമിയേറ്റെടുക്കലിനെതിരെയും ബിഒടി ടോളിനെതിരെയും നടന്ന സമരത്തെ പോലീസിനെ ഉപയോഗിച്ച് തല്ലിക്കെടുത്താനാണ് തുടർന്നുവന്ന യുഡിഎഫ് സർക്കാരും ശ്രമിച്ചത്. എന്നാൽ വർഷങ്ങളോളം ശ്രമിച്ചിട്ടും ഇറക്കിയ വിജ്ഞാപനങ്ങൾ മാത്രം ബാക്കിയായി. പല വിജ്ഞാപനങ്ങളും കാലഹരണപ്പെട്ടു. നഷ്ടപരിഹാരം നൽകിയുള്ള ഭൂമി ഏറ്റെടുക്കൽ ഒരിടത്തും പൂർത്തിയായിട്ടില്ല. ഇതാണ് ജനകീയ സമരത്തിന്റെ വിജയം. ഹൈവേ അതോറിട്ടി ബിഒടി പാത നിർമ്മാണത്തിൽ നിന്നും പിന്തിരിയുവാൻ കാരണമായതിതാണ്. പക്ഷേ, ബിഒടി ലോബി വീണ്ടും സജീവമായിരിക്കുകയാണ്. തീരുമാനങ്ങൾ വീണ്ടും മാറ്റി മറിച്ചേക്കാം. ഈ സാഹചര്യത്തിൽ സമരസമിതികൾ കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്.

കേരളത്തിൽ 30 മീറ്ററിൽ ആറുവരിയായി ദേശീയപാതകൾ കേരള സർക്കാർ വികസിപ്പിക്കുമെന്ന പ്രഖ്യാപനം നടന്നുകഴിഞ്ഞിട്ടും യുഡിഎഫ്, സംസ്ഥാന ക്യാബിനറ്റ് യോഗങ്ങളിൽ ഈ വിഷയങ്ങൾ ചർച്ചയ്ക്ക് വന്നതായി അറിവില്ല. ഇതു സംബന്ധിച്ചുള്ള ഗവൺമെന്റ് ഓർഡറും പ്രസിദ്ധീകരിച്ചിട്ടില്ല. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഇതിനോടകം പ്രഖ്യാപിച്ച 3എ, 3ഡി, 3ജി വിജ്ഞാപനങ്ങൾ പിൻവലിച്ചിട്ടില്ല. 45 മീറ്ററിൽ ഭൂമി കരസ്ഥമാക്കാനുള്ള എൻഎച്ച് അതോറിട്ടിയുടെ ശ്രമങ്ങൾ വീണ്ടും തുടരുകയാണ്. 30 മീറ്ററിൽ 6 വരിയെന്ന പിഡബ്ല്യുഡിയുടെ ബഹുവർണ്ണപരസ്യം കണ്ടതുകൊണ്ടുമാത്രം സമരത്തിന് പൂർണ്ണവിജയമായി എന്ന് കരുതേണ്ടതില്ലെന്ന് സാരം.

ബിഒടി പാതയ്ക്ക് പകരമായി ഇക്വിറ്റി/ അന്വറ്റി കാപ്പിറ്റൽ ഉപയോഗിച്ച് കേരളത്തിൽ റോഡ് നിർമ്മാണം നടക്കുമെന്ന രീതിയിൽ ഒരു പ്രചാരണവും കേൾക്കുന്നുണ്ട്. ഇത് ഒരു പിപിപി(പൊതു-സ്വകാര്യ-പങ്കാളിത്ത) പദ്ധതിയാണ്. പാത സ്വകാര്യവൽക്കരണത്തിന്റെ തായ മറ്റൊരു വിപത്താണിത്. എൻആർഐ ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ നിന്ന് പണം സ്വരൂപിച്ച് 15.5 ശതമാനം ലാഭം ഉറപ്പാക്കിയുള്ള റോഡ് വികസനപദ്ധതിയാണിത്. ബിഒടി യിൽ 30 വർഷത്തിനകം റോഡ് സർക്കാരിന് തിരിച്ചുനൽകണമെന്ന വ്യവസ്ഥയുണ്ട്. എന്നാൽ ഈ പുതിയ പദ്ധതി പ്രകാരം വരുംകാലങ്ങളിലെല്ലാം റോഡ് ഫലത്തിൽ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലായിരിക്കും. ഭീമമായ ടോൾ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പിരിച്ചെടുക്കപ്പെടും. ഈ ചതിയിൽ സമരത്തിൽ നിൽക്കുന്നവർ വീണുപോകരുത്! ●

### ഇടതുപക്ഷ ഐക്യമുന്നണി (എൽ.യു.എഫ്) ജില്ലാ ഘടകങ്ങൾ രൂപീകരിക്കും

ജൂൺ 7-ാം തീയതി ആലുവ എം.സി.പി.ഐ(യു) ഓഫീസിൽ വച്ചുകൂടിയ ഇടതുപക്ഷ ഐക്യമുന്നണി (എൽ.യു.എഫ്) സംസ്ഥാന സമിതിയോഗം കേരളത്തിലെ 14 ജില്ലകളിലും എൽ.യു.എഫ് ഘടകങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചു.

അതിനായി എല്ലാ ജില്ലകളിലും ഇടതുപക്ഷ ഐക്യമുന്നണി കൺവൻഷനുകൾ സംഘടിപ്പിക്കും. ഇടതുപക്ഷ ഐക്യമുന്നണി ചെയർമാൻ കെ.എസ്.ഹരിഹരന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, ആർ.എം.പി. സംസ്ഥാന സെക്രട്ടറി സഖാവ് എൻ. വേണു, എം.സി.പി.ഐ(യു) സംസ്ഥാന സെക്രട്ടറി സഖാവ് എം.രാജൻ, എൽ.യു.എഫ് സംസ്ഥാന കൺവീനർ ഡോ.വി.വേണുഗോപാൽ, സംസ്ഥാന വൈസ്ചെയർമാൻ കെ.ആർ.സദാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു. ●

(1-ാം പേജിൽ നിന്ന്)

# ഫാസിസ്റ്റ് വിപത്തിനെ ചെറുക്കുക

നിന്ന് രക്ഷിക്കാൻ കഴിവുള്ള ഒരു നേതാവിനും പാർട്ടിക്കും വേണ്ടി അവർ, പ്രത്യേകിച്ചും കൂറ്റൻ കുത്തകക്കുടുംബങ്ങൾ, അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ ബിജെപിയിൽ ആ പാർട്ടിയെയും നരേന്ദ്രമോഡിയിൽ ആ നേതാവിനെയും കണ്ടെത്തുകയായിരുന്നു. ഗുജറാത്ത് മുഖ്യമന്ത്രിയെന്ന നിലയിലുള്ള പ്രവർത്തനത്തിലൂടെ മോഡി താൻ മുതലാളിവർഗ്ഗത്തോട് എത്രമാത്രം കൂറുള്ള സേവകനാണെന്ന് തെളിയിച്ചിട്ടുണ്ട്. അവിടെ അദ്ദേഹം കുത്തകക്കുടുംബങ്ങളെ വിശ്വസ്തമായി സേവിച്ചു. പ്രത്യേകിച്ചും തൊഴിലാളിസമരങ്ങളെ ഒരുവിധത്തിലും വച്ചുപൊറുപ്പിക്കില്ലെന്ന് കുത്തകകൾക്ക് ഉറപ്പുകൊടുത്തു. ഇത്രയും കാലം മുതലാളി വർഗ്ഗത്തിന്റെ ഏറ്റവും വിശ്വസ്ത പാർട്ടിയായിരുന്ന കോൺഗ്രസ്സ് ജനരോഷത്തിന് പാത്രമായിരിക്കുന്ന ഈ അവസരത്തിൽ മുതലാളിവർഗ്ഗം, പ്രത്യേകിച്ചും കുത്തകക്കുടുംബങ്ങൾ, കോൺഗ്രസ്സിന് അവർ നൽകിവന്നിരുന്ന പിന്തുണ പിൻവലിച്ചു. മുതലാളിവർഗ്ഗത്തിന്റെ തന്നെ മറ്റൊരു ബദലായ ബിജെപിക്ക് ഇത്തവണ അവർ എല്ലാ പിന്തുണയും സഹായവും നൽകി. ബിജെപിയുടെ പ്രധാനമന്ത്രിസ്ഥാനാർത്ഥിയെ ഉയർത്തിക്കാട്ടുന്നതിന് അവർ സർവ്വവിധ ഒത്താശയും നൽകി.

ഈ സാഹചര്യം മുതലെടുത്തുകൊണ്ട് ബിജെപിയും നരേന്ദ്രമോഡിയും ജനങ്ങളെ, വിശിഷ്യ തൊഴിൽരഹിതരായ യുവാക്കളെ, വഴിതെറ്റിച്ചു. വികസനവും വളർച്ചയുമെന്ന മുദ്രാവാക്യമുയർത്തി അവരിൽ വ്യാമോഹം സൃഷ്ടിച്ചു. മുതലാളിത്തം മരണാസന്നമായിരിക്കുന്ന ഇന്ന് തികച്ചും അസാദ്ധ്യമായ ഒരു സ്വപ്നമാണ് വികസനം. അവർ ഭ്രാന്തമായ വർഗ്ഗീയവികാരങ്ങളും ഹിന്ദു ദേശീയവികാരവും കുത്തിപ്പൊക്കി സാധാരണക്കാരായ ജനങ്ങളെ വഴിതെറ്റിച്ചു. ഉറച്ച ഒരു ഹിന്ദു വോട്ട്ബാങ്ക് സൃഷ്ടിക്കുന്നതിന് വേണ്ടി ഹിന്ദുക്കൾക്കിടയിലെ എല്ലാ ജാതികളെയും പ്രീണിപ്പിച്ചു. മതത്തിന്റെ അടിസ്ഥാനത്തിലുള്ള ധ്രുവീകരണം ജനങ്ങൾക്കിടയിൽ സൃഷ്ടിക്കാൻ അത് ഇടവരുത്തി. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള വർഗ്ഗീയാന്തരീക്ഷം അതിലൂടെ സൃഷ്ടിക്കപ്പെട്ടു. ഇതൊക്കെയാണെങ്കിലും കേവലഭൂരിപക്ഷത്തോടു കൂടി വിജയിക്കാമെന്ന ഉറച്ച വിശ്വാസം ബിജെപിക്കുണ്ടായിരുന്നില്ല. അതിനാൽ അവർ തിരഞ്ഞെടുപ്പ് കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ പെരുമാറ്റച്ചട്ടങ്ങളെയും മര്യാദകളെയും ലംഘിച്ചുകൊണ്ട് എല്ലാത്തരം കൃത്രിമങ്ങളും നടത്താൻ മുതിർന്നു.

ഭൂരിപക്ഷം നേടുന്നതിന് വേണ്ടി പ്രാദേശിക ബൂർഷ്വാപാർട്ടികളും ബൂത്ത് പിടിച്ചെടുക്കൽ പോലുള്ള കൃത്രിമങ്ങൾക്ക് മുതിരുകയുണ്ടായി. ചിലയിടങ്ങളിൽ അത് ഗോപ്യമായി നടന്നു. എന്നാൽ, പശ്ചിമബംഗാളിൽ സംഭവിച്ചതുപോലെ, ചിലയിടങ്ങളിൽ അത് അക്രമാസക്തമായിട്ടാണ് നടന്നത്. അതിനാൽ തെരഞ്ഞെടുപ്പ് , മാദ്ധ്യമങ്ങൾ അവകാശപ്പെടുന്നതുപോലെ സ്വതന്ത്രവും നീതിപൂർവ്വവുമായിരുന്നില്ല. മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്ത തരത്തിൽ മോഡിയെ ഉയർത്തിക്കാട്ടിക്കൊണ്ട് ബിജെപിക്കും മോഡിക്കും അനുകൂലമായ ഒരു തരംഗം സൃഷ്ടിക്കാൻ മാദ്ധ്യമങ്ങളും കിണഞ്ഞു ശ്രമിക്കുകയുണ്ടായി. ബിജെപി അനുകൂല തരംഗം എന്ന് വിളിക്കപ്പെടുന്ന ഒന്നിനെക്കാളും ശക്തമായ ഒരു കോൺഗ്രസ്സ്‌വിരുദ്ധ മനോഭാവമാണ് രാജ്യത്താകെ ആഞ്ഞുവീശിയത് എന്നാണ് പോളിറ്റ്ബ്യൂറോ കാണുന്നത്. കേരളവും ഒരളവ് വരെ കർണ്ണാടകവുമാണ് ഇതിന് അപവാദം. എ.ഐ.എ.ഡി.എം.കെ, തൃണമൂൽ കോൺഗ്രസ്സ്, ബിജെഡി, ടി.ഡി.പി, ടി.ആർ.എസ് തുടങ്ങിയ കോൺഗ്രസ്സ്‌വിരുദ്ധ പാർട്ടികൾ അതാത് സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് വിരുദ്ധ വികാരത്തിൽ നിന്ന് നേട്ടമുണ്ടാക്കി ഭൂരിപക്ഷം സീറ്റുകൾ നേടിയപ്പോൾ ആ സംസ്ഥാനങ്ങളിൽ ബിജെപിക്ക് നിസ്സാര സ്വാധീനമേ സൃഷ്ടിക്കാൻ കഴിഞ്ഞുള്ളു എന്നതാണ് വ്യക്തമാകുന്നത്. പക്ഷെ, ഈ പ്രാദേശിക ബൂർഷ്വാപാർട്ടികളെല്ലാം തന്നെ അങ്ങേയറ്റം പ്രതിലോമകാരികളും ജനവിരുദ്ധരുമാണ്.

ചുരുക്കത്തിൽ പ്രതിലോമത്വത്തിന്റെ വേലിയേറ്റമാണ് ഉണ്ടായത്. ഇടതുപക്ഷ ജനാധിപത്യ പാർട്ടികളെയും ശക്തികളെയും അത് ഏതാണ്ട് നാമാവശേഷമാക്കി. സിപിഐയും സിപിഐ(എം)-ഉം അവരുടെ കൂട്ടാളികളും കൈക്കൊണ്ട അങ്ങേയറ്റം വഞ്ചനാപരമായ നടപടികളാണ് അതിന് അടിസ്ഥാനകാരണം. തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിൽ അങ്ങേയറ്റം വർഗ്ഗീയമായ അന്തരീക്ഷം സംജാതമായപ്പോൾപോലും ഈ പാർട്ടികൾ ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങളുടെ പാതയിൽ നിന്ന് അകന്നുനിന്നു. അതിന്റെ ഭവിഷ്യത്ത് ഗുരുതരമായിരുന്നു. ജനാധിപത്യമര്യാദകളുടെയും കീഴ്‌വഴക്കങ്ങളുടെയും മേലുള്ള കടന്നാക്രമണം, വിശിഷ്യ മതേതര ജനാധിപത്യ മൂല്യങ്ങൾക്കെതിരായ ആക്രമണം, രൂക്ഷമായിരിക്കുന്നു. അത് ഫാസിസത്തിന്റെ വളർച്ചയ്ക്ക് അങ്ങേയറ്റം അനുകൂലമായ സാഹചര്യമൊരുക്കുകയാണ്. കോൺഗ്രസ്സ് തുടങ്ങിവച്ച പ്രക്രിയയാണത്.

സാധാരണ ജനങ്ങളുടെ, വിശിഷ്യ അദ്ധ്വാനിച്ചുജീവിക്കുന്ന ബഹുജനങ്ങളുടെ, ജീവിതം സമ്പൂർണ്ണമായ പ്രതിസന്ധിയിലാണ്ടിരിക്കുന്നു. സാമ്പത്തികവും, രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകളിൽ, ചുരുക്കത്തിൽ ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും, പ്രതിസന്ധി രൂക്ഷമായിരിക്കുന്നു. പ്രത്യേകിച്ചും നൈതികതയുടെയും ധാർമ്മികതയുടെയും രംഗങ്ങളിൽ കടുത്ത പ്രതിസന്ധി ഉളവായിരിക്കുന്നു. ഈ സാഹചര്യത്തിൽ ജനങ്ങളുടെ മുന്നിലുള്ള ഒരേയൊരു മാർഗ്ഗം രാജ്യവ്യാപകമായി യോജിച്ചതും ശക്തവുമായ ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുക എന്നതാണ്. ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്കെതിരായ സമരങ്ങൾ മാത്രമല്ല. കേന്ദ്രത്തിൽ വർഗ്ഗീയ ബിജെപിയും വ്യത്യസ്ത സംസ്ഥാനങ്ങളിൽ പ്രാദേശിക ബൂർഷ്വാ പിന്തിരിപ്പൻ പാർട്ടികളും അധികാരത്തിൽ വന്നതിന് ശേഷം ഉടലെടുത്തിരിക്കുന്ന വർഗ്ഗീയ ഫാസിസ്റ്റ് സാഹചര്യത്തിനും എതിരായ സമരങ്ങളും വളർത്തിയെടുക്കണം. ജനാധിപത്യ സാഹചര്യത്തിൽ മാത്രമേ ജനകീയ പ്രക്ഷോഭങ്ങൾ വേഗം വളർന്നുവരികയുള്ളു എന്നതിനാൽ, മതേതര ജനാധിപത്യ മര്യാദകളും മൂല്യങ്ങളും പുനഃസ്ഥാപിക്കാനും വിപുലീകരിക്കാനും വേണ്ടിയുള്ള സമരത്തിൽ ജനങ്ങൾ ഗൗരവബുദ്ധിയോടെ പങ്കാളികളാകേണ്ടതാണ്. അപ്പോൾ മാത്രമേ ജനങ്ങൾക്ക് മുതലാളി വർഗ്ഗത്തിന്റെ ആസൂത്രണപ്രകാരം ഇന്ന് കരുത്താർജ്ജിച്ചുകൊണ്ടിരിക്കുന്ന ഫാസിസത്തിന്റെ പ്രവണതയെ ഫലപ്രദമായി ചെറുക്കാൻ കഴിയുകയുള്ളൂ. അതിനാൽ, ബിജെപിയുടെ കീഴിലുള്ള മുതലാളിത്ത വാഴ്ചയിൽ ജനങ്ങൾക്കുമേൽ വന്നുപതിക്കുന്ന കൊടിയ കടന്നാക്രമണങ്ങളെ ചെറുക്കാനായി ഒരു പുതിയ സമരമാർഗ്ഗം കൈക്കൊണ്ടേ മതിയാവൂ. എല്ലാ ഫാസിസ്റ്റ് വിരുദ്ധ ജനാധിപത്യ ശക്തികളും ഒരു വിശാല സമരവേദിയിൽ ഒന്നിച്ചുകൊണ്ട് ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളുയർത്തി രാജ്യവ്യാപകവും യോജിച്ചതുമായ ശക്തമായ ജനാധിപത്യ പ്രക്ഷോഭം വളർത്തിയെടുക്കണം. ആസന്നമായ വിപത്തിനെ ഫലപ്രദമായി ചെറുക്കാൻ അതാണ് മാർഗ്ഗം. ആ സമരത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിൽ മാത്രമേ, ഭരണവർഗ്ഗം പോറ്റിവളർത്തുന്ന പ്രതിലോമശക്തികൾക്കെതിരായ തീക്ഷ്ണമായ സാംസ്കാരികപ്പോരാട്ടത്തിന് അനുരോധമായ സാഹചര്യം സൃഷ്ടിക്കപ്പെടുകയുള്ളൂ. ●

# ആന്ധ്രയിൽ ഐ.എൻ.പി.എയുടെ ഉജ്ജ്വലവിജയം

## സ്വാശ്രയമാനേജ്മെന്റ് തടഞ്ഞുവച്ച നഴ്സുമാരുടെ സർട്ടിഫിക്കറ്റ് വീണ്ടെടുത്ത് നൽകി.

**ആ**ന്ധ്രയിലെ നെല്ലൂരിലുള്ള നാരായണ നഴ്സിംഗ് കോളേജിൽ നിന്നും ബി.എസ്.സി നഴ്സിംഗ് കോഴ്സ് പഠിച്ച് പുറത്തിറങ്ങിയ 120-ഓളം വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് തടഞ്ഞുവച്ച നടപടിക്കെതിരെ ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആന്ധ്രയിൽ നടത്തിയ സമരത്തിലൂടെ മാനേജ്മെന്റ് പിടിച്ചുവച്ചിരുന്ന എല്ലാ സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥികൾ വീണ്ടെടുക്കുകയുണ്ടായി. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ 1.5 ലക്ഷം രൂപ വീതം അതല്ലെങ്കിൽ ഒരു വർഷത്തെ പ്രതിഫലരഹിത നിർബ്ബന്ധിത ജോലി ഇതിലൊന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് മാനേജുമെന്റ് തടഞ്ഞുവച്ചത്. വ്യവസ്ഥപ്രകാരമുള്ള എല്ലാത്തരം ഫീസുകളും വിദ്യാർത്ഥികൾ ഒടുക്കിയതിനുശേഷമാണ് മാനേജുമെന്റ് ഈ നിയമവിരുദ്ധ നടപടിക്ക് മുതിർന്നത്. നമ്മുടെ രാജ്യത്ത് പതിറ്റാണ്ടുകളായി നിലനിന്നുപോന്ന പ്രതിഫലരഹിതമായ ഈ നിർബന്ധിത അടിമപ്പണിക്കെതിരെ അതിശക്തമായ സമരം ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷനടക്കമുള്ള സംഘടനകൾ നടത്തിയതിനെത്തുടർന്ന് 2012 ൽ ബോണ്ട് സമ്പ്രദായം നമ്മുടെ രാജ്യത്ത് നിയമംമൂലം നിരോധിച്ചിട്ടുള്ളതാണ്.

എന്നാൽ ആന്ധ്രയിലെ കോളേജിൽ നിന്ന് പഠനശേഷം നാട്ടിലേക്ക് തിരിച്ചുവരാൻ തയ്യാറായ വിദ്യാർത്ഥികളെ കോളേജ് മാനേജ്മെന്റ് ഹോസ്റ്റലിൽ പൂട്ടിയിടുകയാണുണ്ടായത്. തുടർന്ന് അമ്പതോളം കുട്ടികൾ അതിസാഹസികമായി ഹോസ്റ്റലിൽ നിന്നും രക്ഷപെട്ട് കേരളത്തിലെത്തി. കഴിഞ്ഞ മാർച്ച് 12 ന് കോട്ടയത്ത് വച്ച് ഐ.എൻ.പി.എ.യുടെ ആഭിമുഖ്യത്തിൽ ഈ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും യോഗം വിളിച്ചുചേർത്തു. നിയമവിരുദ്ധമായി തടഞ്ഞുവച്ചിരിക്കുന്ന എസ്എസ്എൽസി, പ്ലസ്ടു, കോഴ്സ്,കോൺടാക്റ്റ്, റ്റിസി തുടങ്ങിയ സർട്ടിഫിക്കറ്റുകൾ, മാർക്ക്ലിസ്റ്റുകൾ, നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവ വീണ്ടെടുക്കുന്നതിനായി ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ സമര പരിപാടികൾക്ക് ആ യോഗം രൂപം നല്കി.

അതിനെ തുടർന്ന് ഈ പ്രശ്നത്തിൽ കേരളഗവൺമെന്റ് ഇടപെട്ട് സർട്ടിഫിക്കറ്റുകൾ വാങ്ങി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ആദ്യനടപടിയെന്ന നിലയിൽ മുഖ്യമന്ത്രിയെക്കണ്ട് നിവേദനം സമർപ്പിച്ചു. മാർച്ച് നാലിന് മുഖ്യമന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചെങ്കിലും അനുകൂലമായി യാതൊരു നടപടിയും ഉണ്ടാകാത്ത സാഹചര്യത്തിൽ ആന്ധ്രയിലെ ഗവൺമെന്റിന്റെ സഹായം തേടുന്നതിനായി 27 വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ഏപ്രിൽ 9-ാം തീയതി ആന്ധ്രയിലേക്ക് തിരിച്ചു. എസ്‌യുസിഐയുടെ മുതിർന്ന നേതാവ് രാഘവേന്ദ്ര, നെല്ലൂർ ലോക്കൽകമ്മിറ്റിയംഗം സഖാവ് മല്ലികാർജ്ജുന, വിദ്യാർത്ഥിസംഘടനയായ എഐഡിഎസ്ഒ യുടെ സംസ്ഥാന ട്രഷറർ ബസവരാജു എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും ചേർന്ന് കോളേജ് സ്ഥിതിചെയ്യുന്ന നെല്ലൂർ ജില്ലാ കളക്ടറെ കണ്ട് നിവേദനം സമർപ്പിച്ച് വിശദമായ ചർച്ച നടത്തി.



ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനിയുടെ നേതൃത്വത്തിലുള്ള സംഘം നെല്ലൂർ ജില്ലാ കളക്ടറെ കണ്ട് നിവേദനം നൽകുന്നു.

തുടർന്ന് രണ്ട് ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ തരാമെന്ന് മാനേജ്മെന്റ് സമ്മതിച്ചു. എന്നാൽ ബോധപൂർവ്വം കാലാവധി നീട്ടി നീട്ടി ഒടുവിൽ ആരുതന്നെ ആവശ്യപ്പെട്ടാലും 1.5 ലക്ഷം രൂപ അധികമായി നൽകാതെ സർട്ടിഫിക്കറ്റുകൾ വിട്ടുതരില്ലെന്ന് മാനേജുമെന്റ് പ്രഖ്യാപിച്ചു.

ആന്ധ്ര സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ നടത്തുന്ന, ആന്ധ്രയിലെ രാഷ്ട്രീയത്തെയും ഭരണത്തെയും നിയന്ത്രിക്കാൻ ശേഷിയുള്ള, യൂണിവേഴ്സിറ്റിയുടെ നിയമങ്ങൾ തങ്ങൾക്കനുകൂലമായി നിശ്ചയിക്കുവാൻ തക്ക സ്വാധീനവുമുള്ള മാനേജുമെന്റാണ് നാരായണ കോളേജിന്റേത്. അതുകൊണ്ടുതന്നെ പാവപ്പെട്ട വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് അവരാവശ്യപ്പെട്ട പണം കൊടുക്കാതെ വാങ്ങുക എന്നത് അസാധ്യമായ കാര്യമാണെന്ന് ഈ വിഷയം മനസ്സിലാക്കുന്ന ഓരോരുത്തരും നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. വലിയ രാഷ്ട്രീയ സ്വാധീനത്തോടൊപ്പം കോളേജ് ഉടമ രാജ്യസഭയിലേക്കും നോമിനേറ്റ് ചെയ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിലാണ് കേരളത്തിൽ നിന്നും ഐഎൻപിഎയുടെ സംസ്ഥാന സെക്രട്ടറി എസ്. മിനിയുടെ നേതൃത്വത്തിൽ ഐഎൻപിഎ സംസ്ഥാന കമ്മിറ്റിയംഗം അനൂപ് ജോൺ, രക്ഷിതാക്കളായ തോമസ്, ഗീത എന്നിവരുടെ സംഘം മെയ് 18 ന് ആന്ധ്രയിലേക്ക് തിരിച്ചത്. സംഘം നെല്ലൂരുള്ള ജില്ലാകളക്ടർ, ആർ.ഡി.ഒ, ഡിസ്ട്രിക് മെഡിക്കൽ ഓഫീസർ എന്നിവർക്ക് നേരിട്ട് നിവേദനങ്ങൾ സമർപ്പിച്ച് കാര്യങ്ങൾ വിശദീകരിച്ചു. വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുമായല്ലാതെ തങ്ങൾ തിരിച്ചു നാട്ടിലേക്ക് പോകില്ലെന്നും വേണ്ടിവന്നാൽ അതിശക്തമായ സമരം ആന്ധ്രയിൽ ആരംഭിക്കുമെന്നും അധികാരികളെ അറിയിച്ചു. തുടർന്ന് കളക്ടർ, മാനേജുമെന്റുമായി ചർച്ച നടത്തി എത്രയും വേഗം പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ആർ.ഡി.ഒ യെ ചുമതലപ്പെടുത്തി.

എന്നാൽ, ആർ.ഡി.ഒയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ഞങ്ങൾ ബാധ്യസ്ഥരല്ലെന്നും കോളേജിന്റെ കാര്യങ്ങൾ മാനേജുമെന്റ് തീരുമാനിക്കുമെന്നും 1.5 ലക്ഷം രൂപയിൽ ഒരുപൈസ കുറഞ്ഞാൽ സർട്ടിഫിക്കറ്റുകൾ മടക്കിനൽകില്ലെന്നും മാനേജുമെന്റ് അസന്നിഗ്ദ്ധം പ്രഖ്യാപിച്ചു. തുടർന്ന് ഐഎൻപിഎയുടെ സംസ്ഥാന കമ്മിറ്റി കേരളത്തിലെ മുഖ്യമന്ത്രിയെ ബന്ധപ്പെട്ടു. ഒപ്പം തന്നെ നാരായണ കോളേജിലേക്ക് പുതുതായി കേരളത്തിൽ നിന്നും വിദ്യാർത്ഥികളെ റിക്രൂട്ടുചെയ്യുന്ന ഏജന്റിനെ സമീപിച്ച് റിക്രൂട്ട്മെന്റ് നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഏജന്റ് അതിന് തയ്യാറാകാതെ വീണ്ടും കുട്ടികളെ വലവീശിപ്പിടിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. ഇതിനെതിരെ ഐഎൻപിഎ യുടെ പത്തനംതിട്ട, എറണാകുളം ജില്ലാകമ്മിറ്റികൾ ഉന്നത പോലീസധികാരികൾക്ക് പരാതി നൽകിയതിനെത്തുടർന്ന് ഏജന്റ് അറസ്റ്റ്ചെയ്യപ്പെട്ടു. റിക്രൂട്ടിംഗിനും ലക്ഷക്കണക്കിന് രൂപ കൈപ്പറ്റി വിദ്യാർത്ഥികളെ കൊണ്ടുപോയി മാഫിയകളുടെ കൈകളിൽ ഏൽപ്പിക്കുവാനുമുള്ള ഏജന്റിന്റെ നീക്കത്തിനെതിരെ പോലീസ് നടപടി കൈക്കൊണ്ടു. തൽക്കാലത്തേക്ക് റിക്രൂട്ടിംഗ് നിർത്തിവെപ്പിച്ചു.

ദിവസങ്ങൾ കഴിഞ്ഞിട്ടും പ്രശ്നത്തിന് പരിഹാരം കാണാതെ വന്നപ്പോൾ സംഘടനയുടെ ശക്തമായ സമ്മർദ്ദത്തെതുടർന്ന്, നിയമവിരുദ്ധമായി സർട്ടിഫിക്കറ്റ് പിടിച്ചുവച്ചിരിക്കുന്ന കോളേജ് മാനേജ്മെന്റിനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുവാൻ കളക്ടർ ആർ.ഡി.ഡി.യ്ക്ക് നിർദ്ദേശം നല്കി. കേരളത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ആന്ധ്രയിൽ നിന്നും ഉണ്ടായ സമ്മർദ്ദങ്ങളും ഇപ്പോഴുണ്ടായിരിക്കുന്ന ഈ പ്രശ്നം പരിഹരിക്കാതെ ഇനി ഒരു കുട്ടിയെപ്പോലും ആന്ധ്രയിലേക്ക് റിക്രൂട്ട് ചെയ്യാൻ കഴിയില്ലെന്ന സാഹചര്യവും എല്ലാം കൂടി ഒത്തുചേർന്നപ്പോൾ ഒടുവിൽ മാനേജ്മെന്റ് ഗത്യന്തരമില്ലാതെ വഴങ്ങി. ഒരു നയാപൈസപോലും നൽകാതെ എല്ലാസർട്ടിഫിക്കറ്റുകളും വിട്ടുതരാൻ കോളേജ് മാനേജ്മെന്റ് സമ്മതിച്ചു. ഒടുവിൽ ഏഴാം ദിവസം എല്ലാ സർട്ടിഫിക്കറ്റുകളും ഉപാധികളില്ലാതെ വിട്ടുതരാൻ ഐഎൻപിഎ.യുമായി മാനേജ്മെന്റ് കരാർ ഉണ്ടാക്കി. തുടർന്ന് എല്ലാവിദ്യാർത്ഥികളും കോളേജിൽ ചെന്ന് സർട്ടിഫിക്കറ്റുകൾ കൈപ്പറ്റി സന്തോഷപൂർവ്വം നാട്ടിലേക്ക് മടങ്ങി. വലിയ രാഷ്ട്രീയ സ്വാധീനവും ക്രിമിനൽ സംഘങ്ങളുടെ പിൻബലവും ഉള്ള വിദ്യാഭ്യാസ മാഫിയ ശക്തിയെ പരാജയപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ ഐഎൻപിഎയെയും വിശിഷ്യാ നേതാക്കളായ എസ്.മിനിയെയും അനൂപ് ജോണിനെയും ആന്ധ്രയിലെ എസ്‌യുസിഐ പ്രവർത്തകരെയും അഭിനന്ദിക്കുന്നതിനായി രക്ഷിതാക്കൾ കോട്ടയത്ത് മെയ് 26ന് യോഗം വിളിച്ചുചേർത്തു. ഒരു പ്രതിഫലേച്ഛയും കൂടാതെ പ്രവർത്തിച്ച ഐഎൻപിഎയുടെ സമരപ്രവർത്തനങ്ങൾക്ക് തുടർന്ന് രക്ഷിതാക്കൾ എല്ലാ പിന്തുണയും നൽകുമെന്ന് പ്രഖ്യാപിച്ചു. ●

## പലിശ സബ്സിഡി ഉടൻ ലഭ്യമാക്കണം

**കേ**ന്ദ്രസർക്കാർ അനുവദിച്ച പലിശ സബ്സിഡി ഉടൻ ലഭ്യമാക്കണമെന്നും ബാങ്കുകൾ ഏർപ്പെടുത്തിയിരിക്കുന്ന നിയമവിരുദ്ധ നിബന്ധനകൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ നേഴ്സസ് പേരന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലാ ലീഡ് ബാങ്കായ കാനറാ ബാങ്കിലേക്ക് പ്രതിഷേധ മാർച്ചു നടത്തി.

വിദ്യാഭ്യാസ വായ്പയെടുത്ത നൂറുകണക്കിനാളുകൾ പങ്കെടുത്ത മാർച്ച് ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്. മിനി ഉദ്ഘാടനം ചെയ്തു.

മാന്യമായ തൊഴിലോ വരുമാനമോ ലഭിക്കാത്തതുമൂലം ജീവിതം വഴിമുട്ടിനിന്ന ആയിരക്കണക്കിന് കുടുംബങ്ങൾ വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ എഴുതിത്തള്ളണമെന്ന ഡിമാന്റുയർത്തി ദീർഘകാലം നടത്തിയ സമരത്തിന്റെ ഫലമാണ് 2014-15ലെ കേന്ദ്ര ബജറ്റിൽ സർക്കാർ അനുവദിച്ച വിദ്യാഭ്യാസ വായ്പ പലിശയിളവ് ആനുകൂല്യമെന്നും ഇത് ബാങ്കുകളുടെ ഔദാര്യമല്ലെന്നും അവർ അഭിപ്രായപ്പെട്ടു.

2009 മാർച്ച് 31 നുള്ളിൽ വായ്പയെടുത്ത തുകയുടെ 2013 ഡിസംബർ 31 വരെയുള്ള മുഴുവൻ പലിശയും ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചാണ് 2600 കോടിരൂപ കേന്ദ്ര ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ബാങ്കുകൾ പുറപ്പെടുവിച്ചിരിക്കുന്ന നിബന്ധനകൾ അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുന്ന തരത്തിലുള്ളതാണ്. വായ്പ ലഭ്യമാക്കുന്നതിനും പലിശ ഏർപ്പെടുത്തുന്നതിനും ജാമ്യവസ്തുക്കളെ സംബന്ധിച്ചുമെല്ലാം റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിബന്ധനകൾ മാത്രം അംഗീകരിച്ചാൽ മതിയെന്നും അതിൽനിന്നും വ്യത്യസ്തമായി ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ തീരുമാനങ്ങൾക്ക് യാതൊരു നിയമസാധുതയുമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കികഴിഞ്ഞു. ഇത് ലംഘിച്ചുകൊണ്ടാണ് ബാങ്കുകളുടെ നടപടിയെന്നും എസ്.മിനി തുടർന്നു പറഞ്ഞു.

## തൃശൂർ ലീഡ് ബാങ്ക് (കനറാ)ഓഫീസിലേക്ക് ഐഎൻപിഎ പ്രതിഷേധമാർച്ച് നടത്തി




*കാനറാ ബാങ്ക് ഓഫീസ് മാർച്ചിൽ നിന്ന് ഒരു ദൃശ്യം*

യോഗത്തിൽ ഐ.എൻ.പി.എ ജില്ലാ പ്രസിഡന്റ് ഡോ.പി.എസ് ബാബു അദ്ധ്യക്ഷ വഹിച്ചു, ജില്ലാ കോർഡിനേറ്റർ സി.കെ. ശിവദാസൻ തുടർസമരപ്രഖ്യാപനം നടത്തി. സംസ്ഥാനകമ്മിറ്റിയംഗങ്ങളായ വെങ്കിടേശ്വരൻ, രാജൻ വാരിയർ, എന്നിവരും സംസാരിച്ചു. കോർപ്പറേഷനുമുമ്പിൽ നിന്നും ആരംഭിച്ച പ്രകടനത്തിന് കെ.വി.ഡേവിഡ്, ടി.വി. വാസുദേവൻ, പി.ഡി.പോൾ, സിസിലിപോൾ എന്നിവർ നേതൃത്വം കൊടുത്തു. ●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing June1st, 2014.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 41 No.2
Price : Rs 5.00
June 2014

## രാജ്ഭവൻ മാർച്ച്




*യു.പി-യിൽ നടമാടുന്ന ക്രൂര ബലാൽസംഗങ്ങൾക്കും കൊലപാതകങ്ങൾക്കുമെതിരെ എഐഎംഎസ്എസ് നടത്തിയ രാജ്ഭവൻമാർച്ച് ചെങ്ങറ സമരനായകൻ ളാഹ ഗോപാലൻ ഉദ്ഘാടനം ചെയ്യുന്നു. എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് മിനി കെ.ഫിലിപ്പ്, സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ എന്നിവർ സമീപം.*

ഞ്ഞുങ്ങളുടെ പോലും മാനം കാക്കാൻ അമ്മമാർ തെരുവിലിറങ്ങേണ്ട ഗതികേടാണ് ഇന്ത്യയിലുള്ളതെന്ന് അദ്ദേഹം പറഞ്ഞു.

ഉദ്ഘാടനയോഗത്തിൽ എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് മിനി. കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഷൈല.കെ.ജോൺ, വൈസ്പ്രസിഡന്റ് എസ്.രാധാമണി, എസ്‌യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം എസ്.രാജീവൻ, സാധുജന വിമോചന സംയുക്തവേദി ജില്ലാ പ്രസിഡന്റ് അനിൽകുമാർ, എം.എ.സൂസി, ശ്രീമതി ലീല തുടങ്ങിയവർ പ്രസംഗിച്ചു.

മാർച്ചിന് എ.സബൂറ, എസ്.മിനി, കെ.കെ.ശോഭ, എം.കെ.ഉഷ, കെ.എം.ബീവി, ആർ.സുനിത, എസ്.സുബൈദ, ഉഷാകുമാരി, രാജിമോൾ, ആശാരാജ് തുടങ്ങിയവർ നേതൃത്വം നൽകി. ●




*യു.പിയിൽ സ്ത്രീകളെ പീഡിപ്പിച്ച് കൊലപ്പെടുത്തുന്ന സംഭവ പരമ്പരയിൽ പ്രതിഷേധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകർ ജൂൺ 4-ന് കോഴിക്കോട് നഗരത്തിൽ നടത്തിയ പ്രകടനം. പ്രകടനാനന്തരം നടന്ന യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു. ജില്ലാക്കമ്മിറ്റിയംഗം സ.പി.എം.ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.ടി.ജെ.ഡിക്സൺ പ്രസംഗിച്ചു. സഖാക്കൾ പി.കെ. പ്രഭാഷ്, സൂര്യകുമാർ, റഹിം, ജെന്നിഫർ, ഷീലാ തോമസ് എന്നിവർ നേതൃത്വം നൽകി.* ●

*(5-ാം പേജിൽ നിന്ന്)*

### പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നു

ങ്ങൾ ദ്രുതവേഗതയിൽ നടന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ വിജ്ഞാനത്തിന്റെ വെളിച്ചം നൽകാതിരിക്കുകയെന്ന ഭരണാധികാരികളുടെ അജണ്ട ഇതിലൂടെ നടപ്പിലാക്കപ്പെടുന്നു. മാനവസമൂഹത്തിന്റെ ജനാധിപത്യ മുന്നേറ്റങ്ങൾക്കെതിരായ സാമ്രാജ്യത്വ ഗൂഢാലോചനയാണിത്.

സർക്കാർ എയ്ഡഡ് കോളേജുകൾ പ്രതിസന്ധിയിലാക്കപ്പെടുകയാണ് ഈ പരിഷ്കാരങ്ങളിലൂടെ. സ്വാശ്രയ സ്ഥാപനങ്ങൾ മാത്രമേ ഉന്നതവിദ്യാഭാസ രംഗത്ത് ഉണ്ടാവുകയുള്ളൂ എന്ന സ്ഥിതി സംജാതമാകാൻ പോകുന്നു. സർവ്വോപരി സർവ്വകലാശാലകൾ സാമൂഹ്യപുരോഗതിയിൽ വഹിച്ചിരുന്ന പങ്ക് ചരിത്രത്തിൽ നിന്നും മായ്ച്ചുകളയാൻ ഭരണവർഗ്ഗം നടത്തുന്ന ആസൂത്രിത നീക്കങ്ങൾ എത്ര ഭീകരമായ വിധത്തിലാണ് സംഭവിക്കാൻ പോകുന്നത് എന്നതിന്റെ ഉദാഹരണം കൂടിയാണ് റൂസ എന്ന ആഗോള പ്രോജക്ടിന്റെ കടന്നുവരവ്. വളരെ വ്യക്തവും ശക്തവുമായ ഒരു വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനം നമ്മുടെ രാജ്യത്ത് വളർന്നുവരേണ്ടിയിരിക്കുന്നു. യു.പി.എ സർക്കാരിന്റെ വിദ്യാഭ്യാസ നയം തന്നെയാണ് അടിസ്ഥാനപരമായി എൻ.ഡി.എ സർക്കാരും പിന്തുടരുന്നുവെന്നതിനാൽ ഗുണപരമായി ഒരു വ്യത്യാസവും പ്രതീക്ഷിക്കാനില്ല. ആയതിനാൽ വിദ്യാഭ്യാസത്തെ ഗൗരവപൂർവ്വം സമീപിക്കുന്ന അദ്ധ്യാപകരും വിദ്യാഭ്യാസ സ്നേഹികളും ഒത്തൊരുമിച്ചു കൊണ്ട് പ്രാഥമിക തലം മുതൽ ഉന്നതതലം വരെ സർക്കാർ നടത്തുന്ന വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തിനും വാണിജ്യവൽക്കരണത്തിനുമെതിരെ പ്രതിരോധപ്രക്ഷോഭങ്ങൾവളർത്തിയെടുക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ മുന്നോട്ടുവരേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ കേരളത്തിന്റെ മണ്ണിൽ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യമാണിത്. ഈ അദ്ധ്യയന വർഷാരംഭം അതിനുള്ള സന്നാഹങ്ങളൊരുക്കുവാൻ വിദ്യാഭ്യാസ സ്നേഹികൾ മുന്നോട്ടുവരണം. ●

## ടർക്കിയിൽ ആഗോള സാമ്രാജ്യത്വവിരുദ്ധ സെമിനാറിൽ സഖാവ് മണിക് മുഖർജി

*(11-ാം പേജിൽ നിന്ന്)*

സമ്പൂർണ്ണമായും കേന്ദ്രീകരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥ, അന്ധത, മതഭ്രാന്ത്, ദേശീയ ഭ്രാന്ത് എന്നിവയെ പ്രോൽസാഹിപ്പിക്കുന്ന ഒരു സാംസ്കാരികാന്തരീക്ഷം എന്നിവയെല്ലാം ഫാസിസത്തിന്റെ മുഖലക്ഷണങ്ങളാണ്. എന്റെ രാജ്യമായ ഇന്ത്യയും ഇതിന് അപവാദമല്ല. ഇന്ത്യ ഒരു മുതലാളിത്ത രാജ്യമാണെന്ന് മാത്രമല്ല, ഇന്നത് സാമ്രാജ്യത്വ സ്വഭാവം കൈവരിക്കുകയും ഭരണകൂടം അതിന്റെ ഫാസിസ്റ്റ് ലക്ഷണങ്ങൾ പ്രകടമാക്കിക്കൊണ്ടിരിക്കുകയുമാണ്. ഭരണ വർഗ്ഗം പൗരാവകാശങ്ങൾ വെട്ടിച്ചുരുക്കുന്നു. ജനാധിപത്യ പ്രക്ഷോഭങ്ങളെ അടിച്ചൊതുക്കുന്നു, സ്വദേശ-വിദേശ കുത്തകകളുടെ താൽപ്പര്യങ്ങളെ സേവിക്കുന്നതിനുവേണ്ടി മറയില്ലാതെ പ്രവർത്തിക്കുന്നു, ജാതീയതയും വർഗ്ഗീയതയും ദേശീയ ഭ്രാന്തും കത്തിജ്ജ്വലിപ്പിക്കുന്നു. ഏതൊരു എതിർപ്പിനെയും നിർദ്ദയമായി അമർച്ച ചെയ്യുന്നു. പോലീസും സുരക്ഷാസേനയും ജനങ്ങൾക്കുനേരെ കടന്നാക്രമണം നടത്തുകയും അവരെ കൊലപ്പെടുത്തുകയും ചെയ്യുന്നു. രാഷ്ട്രീയ പ്രവർത്തകരെ നിയമവിരുദ്ധമായി തടങ്കിൽ പാർപ്പിക്കുന്നു. വിചാരണ കൂടാതെ തടവിൽ പാർപ്പിക്കുകയെന്നത് ഒരു നിത്യസംഭവമായി മാറിയിരിക്കുന്നു.

ഭീകരവാദത്തിന് ജന്മം നൽകുന്നതും അതിനെ പരിപോഷിപ്പിക്കുന്നതും സാമ്രാജ്യത്വമാണ്. അതിനാൽ ഭീകരവാദം സാമ്രാജ്യത്വത്തിന്റെ ഉൽപ്പന്നമാണ്. ഭീകവാദത്തിൽനിന്നും മോചനം ആഗ്രഹിക്കുന്ന സമാധാനകാംക്ഷികളായ എല്ലാ വിഭാഗം ജനങ്ങളും ലോകത്തെ സാമ്രാജ്യത്വ ആധിപത്യത്തിൽനിന്നും മോചിപ്പിക്കുമെന്നുള്ള പ്രതിജ്ഞയെടുക്കണം. ആഗോളവൽക്കരണത്തിന്റെ പേരിൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികൾ തങ്ങളുടെ ലാഭക്കൂന വർദ്ധിപ്പിക്കുവാനായി ലോകത്തെ കൊള്ളയടിക്കുകയാണ്. ദുർബല രാഷ്ട്രങ്ങളിലെ വിഭവങ്ങൾ അവർ കയ്യടക്കുകയും ആ രാജ്യങ്ങളിലെ വിലകുറഞ്ഞ അദ്ധ്വാനശേഷിയെ ചൂഷണം ചെയ്ത് പരമാവധി ലാഭം നേടുകയും ചെയ്യുന്നു. ക്യൂബ, വെനിസ്വേല, ഉത്തര കൊറിയ, ഇറാൻ തുടങ്ങി സാമ്രാജ്യത്വശക്തികൾക്ക് എതിർപ്പുകൾ നേരിടേണ്ടിവരുന്ന കേന്ദ്രങ്ങളിലെല്ലാം അവർ ആ രാജ്യങ്ങൾക്കുനേരെ സാമ്പത്തിക ഉപരോധം, സൈനിക ഉപരോധം, സൈനിക ഇടപെടൽ, പ്രത്യക്ഷമായ ആക്രമണവും അധിനിവേശവും തുടങ്ങി എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുന്നു. ജനാധിപത്യവിശ്വാസികളും സ്വാതന്ത്ര്യകാംക്ഷികളുമായ ലോകത്തെ എല്ലാ വിഭാഗം ജനങ്ങളും സാമ്രാജ്യത്വത്താൽ ചുറ്റിവളയപ്പെട്ട ഈ രാജ്യങ്ങളുടെ സഹായത്തിനായി മുന്നോട്ടുവരണമെന്നും അവർക്കനുകൂലമായി അന്തർദ്ദേശീയ തലത്തിൽ പിന്തുണ സമാഹരിക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന അവസ്ഥയിൽനിന്നും ജനങ്ങളെ മോചിപ്പിക്കുവാനുള്ള സമരങ്ങൾക്ക് അനുപൂരകമായ വിധത്തിൽ എല്ലാ രാജ്യങ്ങളിലും സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ മാത്രമേ സാമ്രാജ്യത്വത്തെ പരാജയപ്പെടുത്താനാവൂ. ഈ സമരം നമ്മൾ കെട്ടിപ്പടുക്കുകയും ഈ സമരങ്ങളെ ആഗോള തലത്തിൽ ഏകോപിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സാമ്രാജ്യത്വത്തിന് നിർണ്ണായകമായ തിരിച്ചടി നൽകുവാൻ സാധിക്കൂ, ഭീകരതയെ ചെറുത്തുപാരജായപ്പെടുത്തുവാൻ സാധിക്കൂ. ഈ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് ഐ.എ.സി.സി രൂപം കൊണ്ടത്. സാമ്രാജ്യത്വ ഭീകര സത്വത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്നും ലോകജനതയെ സ്വതന്ത്രമാക്കുവാൻ യോജിച്ച പോരാട്ടത്തിലേർപ്പെടുവാൻ എല്ലാവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇതിലൂടെ മാത്രമേ ഭീകരവിമുക്തമായ ലോകം യാഥാർത്ഥ്യമാവുകയുള്ളൂ. സമാധാനത്തോടെയും അന്തസ്സോടെയും ജീവിക്കുവാനുള്ള അവസരം ജനങ്ങൾക്ക് ലഭിക്കുകയുള്ളൂ.

സാമ്രാജ്യത്വം തുലയട്ടെ,

പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ ഐക്യം നീണാൾ വാഴട്ടെ, ●

## പ്രചോദന ഏകദിന കുട്ടികളുടെ ക്യാമ്പ്



ചിത്രകലാ പരിശീലനകളരി ആർ.പാർത്ഥസാരഥി വർമ്മ നയിക്കുന്നു

**അ**ഞ്ചൽ: നാടിൻ ശ്രേഷ്ഠ സന്താനങ്ങളാകനാം എന്ന സന്ദേശവുമായി അഞ്ചൽ മേഖല പ്രചോദന ക്യാമ്പ് കൈപ്പള്ളിമുക്ക് എൽപിസ്കൂളിൽ നടന്നു. ജൂനിയറും സീനിയറുമായി 50 കുട്ടികളും 25 രക്ഷിതാക്കളും പങ്കെടുത്ത ക്യാമ്പ് മിനി.കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ബഞ്ചമിൻ ഫ്രാങ്ക്ളിനെ സീനിയർ വിദ്യാർത്ഥികൾക്കും കുമാരനാശാനെ ജൂനിയർ വിദ്യാർത്ഥികൾക്കും പരിചയപ്പെടുത്തി. ഷൈല കെ.ജോൺ, മിനി.കെ.ഫിലിപ്പ്, ഷൈലജ എസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.
രാജാ രവിവർമ്മയെയും എം.വി.ദേവനെയും പരിചയപ്പെടുത്തിക്കൊണ്ട് നടന്ന ചിത്രകലാ ക്യാമ്പ് ആർ.പാർത്ഥസാരഥിവർമ്മ, എം.ആർ.ഗിരീഷ് തുടങ്ങിയവർ നയിച്ചു. കുട്ടികളുടെ കലാപരിപാടികൾ അവതരണത്തിന് ശേഷം നടന്ന സമാപന സമ്മേളനത്തിൽ പാർത്ഥസാരഥിവർമ്മ, ജി.ധ്രുവകുമാർ എന്നിവർ പ്രസംഗിച്ചു. പ്രചോദന അഞ്ചൽ മേഖലാ പ്രസിഡന്റ് ജീന വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രുതി കൃതജ്ഞത പറഞ്ഞു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.